Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 കർക്കടകം 1 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1950 ആഗസ്റ്റ് 2 | ലക്കം 47


## അന്തർദേശീയ തൊഴിലാളിസംഘടന

(കെ. ററി. തോമസ് ബി. എ., പാലാ)

രക്തച്ചൊരിച്ചിലും അട്ടിമറിപ്പൻ സമ്പ്രദായങ്ങളുംകൊണ്ടു് അധികാരം പിടിച്ചുപററുവാൻ തക്കം നോക്കുന്നവരാണു കമ്മ്യൂണിസ്റ്റുകാർ പുറവാതിലൂടെ അകത്തുകടന്നു്, രാജ്യത്തു കുഴപ്പങ്ങൾ കുത്തിച്ചെലുത്തി, ഭരണകൂടത്തെ തകിടംമറിച്ചു് കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നതിനാണു് ഇവരുടെ ഗൂഢശ്രമം. ജനാധിപത്യഭരണസമ്പ്രദായത്തിലും തെരഞ്ഞെടുപ്പുകളിൽക്കൂടി അധികാരം കരസ്ഥമാക്കുന്ന രീതിയിലും ഇവർക്കു വിശ്വാസമില്ല. ഇവരുടെ ബൈബിൾ "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യും ആചാര്യന്മാർ റഷ്യയിലുമാണു്. ലോകത്തിലുള്ള വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകൾ അവർ ജനിച്ചുവളർന്ന രാജ്യത്തെ മാതൃരാജ്യമായി അംഗീകരിക്കുന്നില്ല. പ്രത്യുത റഷ്യക്കാണു് ആ പൂജ്യസ്ഥാനം അവർ കല്പിക്കുന്നതു്. ഇൻഡ്യ ഒരു സ്വതന്ത്രപരമാധികാരരാഷ്ട്രമായി പ്രഖ്യാപിച്ചപ്പോൾ കൽക്കട്ടായിലും ബോംബെയിലും ഇവർ പ്രതിഷേധപ്രകടനങ്ങളും കരിങ്കൊടിപ്രകടനവും നടത്തിയില്ലേ? റഷ്യയുടെ അഞ്ചാംപത്തികളാണു് ഇവരെന്നുള്ളതിനു് ഇതിൽ കൂടുതൽ തെളിവെന്തുവേണം?

കമ്മ്യൂണിസ്റ്റുകാർ അവരുടെ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു് ഉപകരണമാക്കിയിരിക്കുന്നതു് തൊഴിലാളിവർഗ്ഗത്തെയാണു്. ഏതുവിധേനയെങ്കിലും നിലവിലിരിക്കുന്ന ഭരണകൂടത്തോടു് അവജ്ഞയും വിദ്വേഷവും വളർത്തുന്നതിനുവേണ്ടി തൊഴിലാളി സംഘടനകളിൽ നുഴഞ്ഞുകയറി അനാവശ്യമായ പണിമുടക്കുകൾക്കു് അവർ തൊഴിലാളികളെ വിളിച്ചിറക്കുന്നു. വേലസമയം കുറയ്ക്കുക, ശമ്പളം വർദ്ധിപ്പിക്കുക മുതലായ ആകർഷകങ്ങളായ മുദ്രാവാക്യങ്ങളാണു് പാർട്ടി, തൊഴിലാളികൾക്കു നല്കുന്നതു്. ഒരു ഒത്തുതീർപ്പിൽ എത്താതെ സമരം മുന്നോട്ടു വലിച്ചിഴച്ചുകൊണ്ടുപോയി രാജ്യം അക്രമത്തിന്റെയും ദൂഷണത്തിന്റെയും [illegible]ക്കുകയാണു് ഇവർ ചെയ്യുന്നതു്. ഇതിന്റെ നശീകരഫലങ്ങൾ അനുഭവിക്കുന്നതാരാണു്? സാധുതൊഴിലാളികൾ, കമ്മ്യൂണിസത്തിന്റെ പ്രാഥമികപാഠങ്ങൾപോലും അറിഞ്ഞുകൂടാത്ത നിരക്ഷരകുക്ഷികൾ, വാരിക്കുന്തവും കല്ലുംകൊണ്ടു് അധികാരം പിടിച്ചു പററാമെന്നു വിശ്വസിക്കുന്ന ശുദ്ധഗതിക്കാർ. ലാത്തിയടിയും കരിങ്കൽതുറുങ്കുമാണു് അവർക്കു ലഭിക്കുക. ഇതിന്റെ മുതലെടുക്കുന്നതാരാണു്? കമ്മ്യൂണിസ്റ്റ് പാർട്ടി, അന്തർഗ്ഗൃഹങ്ങളിൽ പതിയിരിക്കുന്ന പാർട്ടി നേതാക്കന്മാർ!

പക്ഷേ തൊഴിലാളികൾ അനുഭവത്തിൽനിന്നും മനസ്സിലാക്കി ഇതിന്റെ പൊള്ളത്തരം. വയലാറും, ബോസ്റ്റണും, ജേഹ്ലറും, പാരീസും അവരുടെ കണ്ണു തുറപ്പിച്ചു ഇതിന്റെ ഫലമാണു് 55 രാജ്യങ്ങളിലെ തൊഴിലാളിപ്രതിനിധികൾ ലണ്ടനിൽ കൗണ്ടി [illegible]ത്തിൽ കഴിഞ്ഞ ഡിസംബർ ഏഴാം തീയതി സമ്മേളിച്ചു് ഒരു അന്തർദേശീയ തൊഴിലാളിസംഘടന സ്ഥാപിച്ചതു്. 1945-ൽ ഇതേ മന്ദിരത്തിൽവച്ചു അഖിലലോക ഫെഡറേഷൻ രൂപപ്പെടുത്തു. വിവിധരാജ്യങ്ങളിലെ തൊ




തലോർ ആശ്രമദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിലേക്കു സംഭാവനയായി ലഭിച്ച അൾത്താരയും തിരുസ്വരൂപവും

ഴിലാളിസംഘടനകളെ ഏകീഭവിപ്പിച്ചു്, തൊഴിലാളികളുടെ ശക്തി കേന്ദ്രീകരിപ്പിക്കുന്നതിനായിരുന്നു ഇതിന്റെ ഉദ്ദേശം. എന്നാൽ റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി വിവിധരാജ്യങ്ങളിലെ തൊഴിലാളി സംഘടനകളിൽ വ്യക്തമായി പ്രതിഫലിക്കുവാൻ ആരംഭിച്ചതോടുകൂടി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന തൊഴിലാളികൾ സംശയാധീനരായി. റഷ്യൻ കരടിക്കു രാജ്യവും സന്മാർഗ്ഗസദാചാരവും കാഴ്ചവയ്ക്കുവാൻ വെമ്പൽകൊള്ളുന്നവരാണു് തദ്ദേശീയ "സഖാക്കൾ" എന്നു അവർ മനസ്സിലാക്കി. അട്ടിമറിപ്പൻ സമ്പ്രദായങ്ങൾ സ്വീകരിച്ചുകൊണ്ടു്, അരിവാളും ചുററികയും കൈയിലേന്തി, മുതലാളികളെ അരിഞ്ഞുവീഴ്ത്തി സമത്വസുന്ദരമായ ഒരു ലോകം തൊഴിലാളികൾക്കുവേണ്ടി സൃഷ്ടിക്കാമെന്നുള്ള അവരുടെ വമ്പു പറച്ചിലിൽ അപ്പാടെ വിശ്വസിക്കുവാൻ അവർ വിസമ്മതിച്ചു. ഇതിൽ നേതൃത്വം വഹിച്ചതു് ബ്രിട്ടണിലേയും പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലേയും തൊഴിലാളിസംഘടനകളായിരുന്നു. റഷ്യൻ നയത്തോടു് അല്പമെങ്കിലും ചായ്‌വുണ്ടായിരുന്ന അമേരിക്കയിലെ വ്യവസായ സംഘടനാ കോൺഗ്രസ് (Congress of Industrial Organisation) പോലും റഷ്യൻ സ്വാധീനശക്തിയെ ചെറുത്തു. ഒടുവിൽ തൊഴിലാളിസംഘടനകൾ ഫെഡറേഷനിൽനിന്നും രാജിവയ്ക്കുകയും 1949 ജൂൺമാസത്തിൽ ജനീവായിൽവച്ച് സ്വതന്ത്രതൊഴിലാളികളുടെ ഒരു പ്രാരംഭസമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തു. ഈ യോഗത്തിൽ 470 ലക്ഷം തൊഴിലാളികളെ പ്രതിനിധീകരിച്ചു് 55 രാജ്യങ്ങളിൽനിന്നും ഡലിഗേററുകൾ സംബന്ധിച്ചിരുന്നു. ഈ കോൺഗ്രസാണു് കമ്മ്യൂണിസ്റ്റുനരകത്തിൽനിന്നും വിമുക്തമായ പുതിയ അഖിലലോക സ്വതന്ത്ര തൊഴിലാളി സംഘടനയുടെ ഭരണഘടന തയ്യാറാക്കിയതു്.

ഇപ്രകാരം തയ്യാറാക്കപ്പെട്ട ഭരണഘടന ജനാധിപത്യസിദ്ധാന്തമനുസരിച്ചുള്ളതാണു്. യു. എൻ.ഒ. യുടെ മനുഷ്യാവകാശപ്രഖ്യാപനം, അററ്ലാൻറിക്ക ചാർട്ടറിലെ ചതുഃസ്വാതന്ത്ര്യങ്ങൾ, ഐ. എൽ. ഒ. (I. L. O.)യുടെ പ്രഖ്യാപനങ്ങൾ മുതലായവ പരിപൂർണ്ണമായി ഇതു അംഗീകരിച്ചിട്ടുണ്ടു്. ഭരണഘടനയിൽ ഇങ്ങനെ പറയുന്നു: "തൊഴിലാളികളെ സ്പർശിക്കുന്ന എല്ലാ കാര്യത്തിലും ഇടപെടുന്നതിനു് ഈ അന്താരാഷ്ട്രസംഘടനയ്ക്കു് അവകാശമുണ്ടു്. തൊഴിലാളി പ്രവർത്തകരെന്ന നിലയിൽ, അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്ത രാഷ്ട്രങ്ങളിലെയും ഇന്നും അടിമത്തത്തിൽ കഴിയുന്ന രാജ്യങ്ങളിലെയും ജനങ്ങളുടെ ജീവിതത്തെ ഉയർത്തുവാൻ ഈ സംഘടന പരിശ്രമിക്കുന്നതാണു്. ലോകത്തിന്റെ പൊതുക്ഷേമത്തെ ലക്ഷ്യമാക്കി അസംസ്കൃതസാധനോല്പാദനവും നീതിപൂർവ്വകമായ വിതരണവുമാണു ഞങ്ങൾ ഉന്നമാക്കുന്നതു്. വ്യക്തമായ കർമ്മപരിപാടികൾകൊണ്ടും സമർത്ഥമായ നേതൃത്വത്തോടുകൂടിയും മാത്രമേ കമ്മ്യൂണിസ്റ്റ് കരിങ്കാലികളെ പുറംതള്ളുവാൻ കഴിയൂ. രാഷ്ട്രീയകക്ഷിവഴക്കുകളിൽനിന്നും കഴിയുന്നതും അകന്നുനില്ക്കേണ്ടതു് തൊഴിലാളികളുടെ ക്ഷേമത്തിനു അനുപേക്ഷണീയമാണെന്നു ഞങ്ങൾ കരുതുന്നു."

മേലുദ്ധൃതമായ തത്വങ്ങളിൽ വിശ്വസിക്കുന്ന എല്ലാ ട്രേഡ്‌യൂണിയനും ഇതിൽ അംഗത്വം സ്വീകരിക്കാവുന്നതാണു്. ഈ സംഘടനയുടെ ഏററം വലിയ അധികാരങ്ങൾ സ്ഥിതിചെയ്യുന്നതു്, രണ്ടു കൊല്ലത്തിലൊരിക്കൽമാത്രം സമ്മേളിക്കുന്ന തൊഴിലാളി കോൺഗ്രസിലാണു്. ഇതിൽ ഉൾപ്പെട്ട 14 അംഗങ്ങളിൽ 3 പേർ വീതം യൂറോപ്പിനേയും അമേരിക്കയേയും രണ്ടു പേർ വീതം ഏഷ്യയേയും ബ്രിട്ടനേയും ബാക്കിയുള്ളവർ ആസ്ത്രേലിയ, ന്യൂസിലൻറു്, അമേരിക്ക ഈ രാജ്യങ്ങളേയും പ്രതിനിധീകരിക്കുന്നു.

കമ്മ്യൂണിസ്റ്റ് മേധാവിത്വമുള്ള ഒരു തൊഴിലാളിസംഘടനയ്ക്കുപോലും ലണ്ടനിൽ സമ്മേളിച്ച കോൺഗ്രസ് ക്ഷണപത്രം അയച്ചിരുന്നില്ല എന്നു പ്രത്യേകം പറയേണ്ടതുണ്ടു്. റഷ്യ, റുമേനിയ, ഹങ്കറി മുതലായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ഇററലി, ഗ്രീസ്, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റാധിപത്യമുള്ള സംഘടനകളും ക്ഷണിക്കപ്പെടാതുണ്ടു്. എന്നാൽ ഇൻഡ്യയിലെ ഐ. എൻ. ടി. യു. സി. യും ഹിന്ദുമസ്ദൂർ സഭയും ക്ഷണിക്കപ്പെട്ട സ്വതന്ത്രതൊഴിലാളി സംഘടനകളാണു്.

സമ്മേളനത്തിനു വിജയമാശംസിച്ചുകൊണ്ടു ശ്രീ. പ്രധാനമന്ത്രി ആററ്ലി പറഞ്ഞു: "സർവ്വാധിപത്യത്തിനെതിരായി സ്വാതന്ത്ര്യജനവിഭാഗങ്ങളുടെ മുന്നേററമാണു് ഈ കോൺഗ്രസ്സ് ചൂണ്ടിക്കാണിക്കുന്നതു്. അക്രമവും അനീതിയുംകൊണ്ടു് തൊഴിലാളികൾ അവരുടെ ഉന്നം പ്രാപിക്കുകയില്ലെന്നും, ന്യായമായ രീതിയിൽ, പ്രജാധിപത്യാനുസാരമായി അവർ മുതലാളികളോടു പടപൊരുതണമെന്നും ഇതു് ഉദ്ബോധിപ്പിക്കുന്നു. സ്വാതന്ത്ര്യട്രേഡ്യൂണിയനുകൾ ഇതിന്റെ തണലിൽ ഒടേക്രൂട്ടമെന്നു് എനിക്കുറപ്പുണ്ടു്."

55 രാജ്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് 180 ഡലിഗേററുകളും 60 നിരീക്ഷകരും സമ്മേളനത്തിൽ സംബന്ധിച്ചു. യു. എസ്സ്. എ യിൽ നിന്നും 24-ം ഇൻഡ്യയിൽനിന്നും 13-ം പേരുണ്ടായിരുന്നു. ഇൻഡ്യൻ ഡലിഗേഷന്റെ പ്രധാനനേതാക്കൾ ദേവൻ സെന്നും മിസ്സ് മണിബെൻകാരയുമായിരുന്നു. അവർ യഥാക്രമം ഐ. എൻ. ടി. യു. സി. യേയും ഹിൻഡുമസ്ദൂർ സഭയേയും പ്രത്യേകം പ്രതിനിധീകരിച്ചിരുന്നു. ഇവർ രണ്ടുപേരും എക്സിക്യൂട്ടിവു് കമ്മിററിയിലേക്കു് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. പോൾ ഫിന്നററ് എന്ന സുപ്രസിദ്ധ ബെൽജിയൻ നാഷനൽ ട്രേഡ്യൂണിയൻ പ്രവർത്തകനാണു് ഐകകണ്ഠ്യേന അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടതു്. സംഘടനയുടെ ആസ്ഥാനം ബ്രസൽസ്സ് ആണു്.

ഈ സ്വാതന്ത്ര്യതൊഴിലാളി സംഘടനയുടെ ഒരു വകുപ്പായിത്തന്നെ ഒരു ഏഷ്യൻ തൊഴിലാളി ഫെഡറേഷനും സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. സയാം, ബർമ്മ, സിലോൺ മുതലായ രാജ്യങ്ങൾ ഇതിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ടു്. സാമ്രാജ്യദുഷ്പ്രഭുത്വത്തോടും കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യസിദ്ധാന്തത്തോടും സമരംചെയ്യുക, തൊഴിലാളികളുടെ നില ഉയർത്തുക മുതലായവയാണു് ഇതിന്റെ ലക്ഷ്യം. കേന്ദ്രീകൃതപ്രവർത്തനം ഉണ്ടാകുമ്പോൾ, ഏഷ്യയിൽനിന്നും കമ്മ്യൂണിസ്റ്റ് വിപത്തു് അടിച്ചോടിക്കുവാൻ ഇതു സഹായിക്കുമെന്നു സകാരണം പ്രതീക്ഷിക്കാം.

തികഞ്ഞ ആത്മാർത്ഥതയോടുകൂടിയാണു് സ്വാതന്ത്ര്യതൊഴിലാളികൾ അവരുടെ പ്രവർത്തനം തിരിച്ചുവിട്ടതു്. ചൂഷണത്തോടും അടിമത്തത്തോടുമുള്ള ഒരു വെല്ലുവിളിയാണു് അവരുടെ പുതിയ സംരംഭം. ജീവിതത്തിനുവേണ്ടിയുള്ള അടരാട്ടത്തിൽ സമാധാനപരവും ജനായത്തപരവുമായ രീതിയിൽനിന്നു വ്യതിചലിക്കരുതെന്നു് അവർക്കു നിർബന്ധമുണ്ടു്. കമ്മ്യൂണിസ്റ്റ് കരിങ്കാലികളെ ഒററപ്പെടുത്തുന്നതിനുള്ള നൂതനസംരംഭത്തിനും വ്യവസായസമാധാനത്തിനും ഈ പുതിയ തൊഴിലാളിസംഘടന മാർഗ്ഗദർശനം നല്കും. കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിൽനിന്നും തൊഴിലാളികൾ പഠിച്ചപാഠം പരീക്ഷണഘട്ടത്തിൽ അവർക്കു പ്രയോജനം നല്കട്ടെ! രക്തവർണ്ണക്കൊടി മാറി തൽസ്ഥാനത്തു സമാധാനത്തിന്റെ ശാന്തശീതളമായ തണലിൽ സാഹോദര്യത്തിന്റെ വെള്ളക്കൊടി പാറത്തുവാൻ ഇതു ഇടയാക്കിയെങ്കിൽ—!

——

## കർമ്മേലനാഥയോട്

(മഞ്ജരി)

ചിറന്നകർമ്മേലംപോലെ പ്രശോഭനേ
കൂരിരുൾ കേറിപ്പടർന്നിവന്റെ
ചാരുതാമരന്ദനങ്ങൾക്കു ഗ്ലാനത
കോരിപ്പുകരുന്ന നേരങ്ങളിൽ

ശമ്പാതിരേകത്തിൻ ദീപ്തി വിതറിട്ടും
കാർമ്മേൽതൻ ദീപമേ! ദിവ്യനാഥേ!
ചെമ്മേയെൻ മാർഗ്ഗം തെളിയിച്ചു നേർവഴി
അമ്മേ! ഞാൻ തെററാതെപാലിക്കമാം

അന്ത്യമാംശ്വാസം വലിക്കുമെൻ സന്ധ്യയിൽ
ഹന്ത! ശ്രീ കാർമ്മേലോത്തരീയത്തെ
ചന്തത്തിലെന്നുടെ മാർത്തട്ടിൽ കാണുവാൻ
സന്തോഷമൂലമേ! പാഹി, നാഥേ!

(ഫാദർ മേത്യൂസ്, സി. ഡി.)

# ദേവാലയഗീതങ്ങൾ

(വർഗ്ഗീസ് ജെ. മാളിയേക്കൽ)

ഇക്കഴിഞ്ഞ ജൂൺ ഏഴാം തീയതിയിലെ സത്യദീപത്തിന്റെ പ്രസാധകക്കുറിപ്പിൽ മേൽകൊടുത്തിരിക്കുന്ന തലവാചകത്തിൽ ഒരു പ്രസ്താവനയുണ്ടായിരുന്നതായി ഓർക്കുമല്ലോ. ദേവാലയങ്ങളിൽ ഉപയോഗിക്കേണ്ട സംഗീതത്തിന്റെ രീതികളെക്കുറിച്ചു്. അവയിൽ ചില കാര്യങ്ങളെപ്പററി പലർക്കും അനല്പമായ തെററിദ്ധാരണകൾ ഉണ്ടായിട്ടുള്ളതായി സംഗീതവിഷയത്തിൽ തല്പരന്മാരായ ബ. ചില അച്ചന്മാരിൽനിന്നു പോലും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതിനാലും, ക്രിസ്തീയ ഗാനങ്ങളുടെ പ്രചരണത്തിൽ, വിശിഷ്യ അഭിനവവർണ്ണമട്ടുകളിലുള്ളവയുടെ പ്രചരണത്തിൽ, അത്യധികം തല്പരനും, ഏതാനും ചില ഗാനകൃതികളുടെ കർത്താവും എന്ന നിലയിൽ ഇപ്രകാരം ഒന്നു ചെയ്യേണ്ടതു് എന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ധർമ്മമായി കരുതുകയാലുമാണു് വാരങ്ങൾ പലതു കഴിഞ്ഞിട്ടാണെങ്കിലും ഇങ്ങനെ ഒരു ലേഖനത്തിനു മുതിർന്നിട്ടുള്ളതു്.

രണ്ടു പള്ളികളിൽ ഏതാനും മാസങ്ങൾക്കു മുൻപു നടന്നതായി അവിടത്തെ തിരുന്നാളിൽ സംബന്ധിച്ച ഒരു മാന്യവ്യക്തി ഏററവും ഹൃദയവേദനയോടുകൂടി എഴുതിയയച്ച ഒരു പരാതിയെ ആസ്പദമാക്കിയായിരുന്നല്ലോ ആ കുറിപ്പു്. അതായതു്, പ്രസ്തുത പള്ളിയിൽ തിരുന്നാൾ കർമ്മങ്ങൾ ആരംഭിക്കുന്നതിനു മുൻപും അതിനുശേഷവും പ്രസ്തുതപള്ളിക്കർമ്മാദികളോടോ, തിരുന്നാൾ ദിവസത്തോടോ, ആരുടെ തിരുന്നാൾ ഘോഷിക്കപ്പെടുന്നുവോ ആ പരിപാവനവ്യക്തിയുടെ ജീവിതത്തോടോ, അനുകരണീയങ്ങളായ ഗുണഗണങ്ങളോടോ യാതൊരു ബന്ധവുമില്ലാത്തവയും, കേവലം ലൗകികകാര്യങ്ങളെ, വിശിഷ്യ, മനുഷ്യന്റെ ദുഷിച്ച വികാരങ്ങളെ ഉത്തേജിപ്പിക്കാൻ പര്യാപ്തങ്ങളായവയുമായ തമിഴ്, ഹിന്ദി സിനിമാ "റെക്കാഡ്" ഗാനങ്ങൾ ഉച്ചഭാഷിണിയിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുകയുണ്ടായി എന്നതിനെക്കുറിച്ചു്.

എന്നാൽ അപ്രകാരം ഏതെങ്കിലും ഒരു ദേവാലയത്തിൽ, ഏതെങ്കിലും ദിവസം അനുവർത്തിക്കപ്പെടുന്നതായി അനുഭവപ്പെടുന്നപക്ഷം ഏതൊരു കത്തോലിക്കനും അതിനെ അപലപിക്കുവാൻ അധികാരവും അവകാശവും, അവിടത്തെ അധികൃതസ്ഥാനങ്ങൾ എന്തുകാരണവശാലായാലും മൗനം അവലംബിക്കുന്നപക്ഷം അതിന്റെ അനൗചിത്യതയെ അനുസ്മരിപ്പിക്കുവാൻ അനുപേക്ഷണീയമായ കർത്തവ്യവും ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. സംഗീതം ഏവർക്കും ആനന്ദപ്രദമായ ഒരു കലാവിശേഷമാണെന്നു കരുതി ആയതു് അസ്ഥാനത്തും, അസംഗതവും അനനുവദനീയവുമായ തരത്തിലും പ്രകടിപ്പിക്കുന്നതു് ആർക്കും ഹിതകരമായിരിക്കയില്ലെന്നുതന്നെയല്ല, ആദ്ധ്യാത്മികചിന്താഗതികളിൽ വ്യാപൃതരായിരിക്കുന്ന പലരുടേയും ഏകാഗ്രതയ്ക്കു് ഭംഗം വരുത്തുകകൂടി ചെയ്യുമെന്നുള്ള കാര്യം തൽപ്രണേതാക്കൾ മനസ്സിലാക്കാത്തതു് വളരെ പരിതാപകരമായിരിക്കുന്നു. അതുപോലെതന്നെ പെരുന്നാളുകൾ കഴിക്കുന്നപ്രസിദേന്തിമാർ അവരുടെ പണത്തിന്റേയോ, പ്രതാപത്തിന്റേയോ പ്രകടനത്തിനുള്ള ഒരുപാധിയായോ, ആളു കൂടുവാനുള്ള ഒരു പ്രചരണമാർഗ്ഗമായോ എന്തിനുവേണ്ടിയായാലും അപ്രകാരം ചെയ്യുന്നതിനെ അനുകൂലിക്കുവാൻ ഒരു നിർവ്വാഹവുമില്ല. ഏതായാലും, പ്രത്യക്ഷമായി അങ്ങനെ ഒരു ഉദ്ദേശമില്ലെങ്കിലും പരോക്ഷമായി ഈദൃശപ്രവർത്തനങ്ങൾവഴി ദേവാലയങ്ങളെ സിനിമാശാലകളുടെ പ്രതീതിയിൽ പെടുത്തുകയാണു് നാം ചെയ്യുന്നതെന്ന വസ്തുതയും വിസ്മരിച്ചുകൂടാത്തതാകുന്നു.

നമ്മുടെ ദേവാലയങ്ങളിൽനിന്നും അങ്ങനെ റെക്കാഡ് സംഗീതം പ്രക്ഷേപണം ചെയ്തു് ആളെക്കൂട്ടേണ്ട ആവശ്യമില്ല. ആയതു് റേഡിയോ സ്റ്റേഷനോ, സിനിമാതിയേററോ വഴിയോ, അഥവാ വീടുകളിൽ സുഖമായിരിക്കുമ്പോഴോ ആകാം. വിശേഷിച്ചും നമുക്കു് ഒരു വലിയ നിർഭാഗ്യം നേരിട്ടിട്ടുണ്ടു്. അതായതു്, നമ്മുടെ മതാത്മകഗാനങ്ങൾ വളരെ വിരളമായിട്ടേ ഗ്രാമഫോൺ റെക്കാഡുകളായി പുറത്തുവന്നിട്ടുള്ളു എന്നതാണു്. കൂടാതെ ആദ്ധ്യാത്മികങ്ങളും, സദാചാരപരങ്ങളുമായ സിനിമാപ്പടങ്ങളും, അങ്ങനെ ആദ്ധ്യാത്മകഗാനങ്ങളും വളരെ ചുരുക്കമായിമാത്രമേ പുറപ്പെട്ടിട്ടുള്ളു എന്നും ഓർക്കേണ്ടിയിരിക്കുന്നു. കത്തോലിക്കരിൽ പണവും, കലാവാസനയും ഉള്ള പലർക്കും അങ്ങനെ നമുക്കുള്ള കലാപരമായ പല കുറവുകളേയും പരിഹരിക്കുന്ന വിഷയത്തിൽ താല്പര്യമാകട്ടെ, ആരെങ്കിലും അതിനു മുതിർന്നാൽ അവരെ പ്രോത്സാഹിപ്പിക്കുവാനുള്ള ഉദാരചിത്തതയാകട്ടെ വേണ്ടുവോളം ഇല്ലെന്നുള്ള പരമാർത്ഥം വ്യസനസമേതം പ്രസ്താവിക്കാതെ തരമില്ല.

ഇന്നു് കർണ്ണാടകസംഗീതത്തിലോ, മലയാള, തമിഴ് സംഗീതങ്ങളിലോ മികച്ചുനില്ക്കുന്ന കീർത്തനങ്ങൾതന്നെ എല്ലാം ഹൈന്ദവദേവസ്തോത്രപരങ്ങളാണു്. സിനിമകളാണെങ്കിൽ ഹൈന്ദവപുരാണകഥകളെ അധികരിച്ചു് ഒട്ടധികം ആയിട്ടുണ്ടുതാനും. പ്രസ്തുത കാര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ പ്രതിപാദനം അനുവദിക്കപ്പെടുന്നപക്ഷം ഈ പംക്തികൾവഴിതന്നെ പിന്നാലെ നിർവ്വഹിച്ചുകൊള്ളാം. ചുരുക്കിപ്പറഞ്ഞാൽ യാതൊരു വിധത്തിലും ഉന്നതനിലയിൽ മതപരമായ സംഗീതം മേല്പറഞ്ഞ മാർഗ്ഗങ്ങൾ മുഖാന്തിരമാണെങ്കിലും നമുക്കു സുലഭമല്ല എന്നതാണു വാസ്തവം. അതിനു ഒരൊററ പരിഹാരമാർഗ്ഗമേയുള്ളു. സംസ്കൃതചിത്തരും, കലാപ്രേമികളും, സദാചാരനിരതരുമായ കത്തോലിക്കർ, സമ്പത്തികകഴിവും കരുത്തുമുള്ള ഉല്പന്നമതികൾ ഉൽബുദ്ധചിത്തതയോടെ മുന്നോട്ടിറങ്ങിയാൽ മതി. കാര്യം കരതലാമലകം തന്നെ. സമുദായമാതാവിന്റെ പ്രസ്തുത താല്പര്യം അചിരേണ സാധിതമാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

അടുത്തതായി, പള്ളികളിൽ പാടാൻ കൊള്ളാവുന്ന പാട്ടുകൾ എപ്രകാരമുള്ളതായിരിക്കണം എന്നാണു് നോക്കാനുള്ളതു്. ആയതു് പ്രസ്തുതലക്കം "സത്യദീപ"ത്തിലെ പ്രസാധകക്കുറിപ്പിൽനിന്നുതന്നെ ഉദ്ധരിക്കാം. "ദേവാലയകർമ്മങ്ങളിൽ ഉപയോഗിക്കുന്ന സംഗീതത്തിന്റെ രീതികൾ വ്യക്തിപരമായ അഭിരുചികളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കരുതു്, നേരെമറിച്ചു്, അവ, സമുദായത്തോടും ക്രിസ്തുനാഥനോടും നമുക്കുണ്ടായിരിക്കേണ്ട വിധേയത്വത്തേയും വിശ്വസ്തതയേയും ആധാരമാക്കിയുള്ളവയായിരിക്കണം." ആർച്ച് ബിഷപ്പ് ഡൗണി തിരുമനസ്സുകൊണ്ടു് ലിവർപൂളിൽവച്ചു് ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം തുടർന്നു പ്രസ്താവിക്കയുണ്ടായി: "സഭ എല്ലാ ശ്രേഷ്ഠകലകളെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. തദനുസരണം ആധുനികരീതിയിലുള്ള പാട്ടുകൾ പാടുന്നതിനു് അനുവദിക്കുകയും ചെയ്യുന്നു. പക്ഷേ, അവയുടെ രീതികൾ ഗൗരവമുള്ളതും, ഭക്തിപരവും ലൗകികാരൂപിയിൽനിന്നു് വിമുക്തവും ആയിരിക്കണം." (അടിയിൽ വരയിട്ടിരിക്കുന്നതു് ഞാനാണു്.)

ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് ഒന്നേയുള്ളു. നൂതനവർണ്ണമട്ടുകളിൽ ഗാനങ്ങൾ പാടാൻ സഭ അനുവദിക്കുന്നുണ്ടെങ്കിലും അവയുടെ വർണ്ണമട്ടുകൾ, ഉള്ളടക്കങ്ങൾ എന്നിവ കത്തോലിക്കാ അരൂപിക്കും ദേവാലയങ്ങളുടേയും, അവയിലെ വി: കർമ്മങ്ങളുടേയും പരിപാവനതയ്ക്കും, ആദ്ധ്യാത്മികചൈതന്യത്തിനും അനുരൂപമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണു്. ഹിന്ദി, തമിഴ് വർണ്ണമട്ടുകളിലുള്ള പാട്ടുകളെല്ലാംതന്നെ, സദസദ്വിവേചനം കൂടാതെ പള്ളികളിലെ ആരാധനകൾ, പെസഹാതിരുന്നാൾ മുതലായ സന്ദർഭങ്ങൾ ഉൾപ്പെടെയുള്ള അവസരങ്ങളിൽ അവരവരുടെ സംഗീതപാടവപ്രകടനത്തിനുവേണ്ടി അങ്ങു തട്ടിമൂളിക്കാൻ ശ്രമിക്കരുതെന്നേ വിവക്ഷയുള്ളു.

ഏററം ഭക്തിജനകങ്ങളും, ഹൃദയദ്രവീകരണക്ഷമങ്ങളും, ആശയസമ്പുഷ്ടങ്ങളും, പ്രാർത്ഥനാപരങ്ങളുമായ ഗീതങ്ങളായിരിക്കണം ദേവാലയങ്ങളിൽ പാടേണ്ടതു് എന്നു് നിഷ്കർഷയുണ്ടായിരിക്കണം. ഹിന്ദിവർണ്ണമട്ടുകളിൽത്തന്നെ അപ്രകാരമുള്ള രീതികൾ ധാരാളമുള്ളതിൽനിന്നും നാം അതാതു സന്ദർഭങ്ങൾക്കു് അനുഗുണമായവമാത്രം തിരഞ്ഞെടുക്കുന്നെങ്കിൽ അവ എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു കാരണമാവുകയുള്ളു എന്നതിനു് ഞാൻ അനുഭവസ്ഥനാകുന്നു. നമ്മുടെ പഴയ ഗാനങ്ങളിൽ ഏററവും ഭക്തിമയങ്ങളെന്നും അത്യാകർഷകങ്ങളെന്നും പേരെടുത്തിട്ടുള്ള പലതിനേയും അതിശയിക്കത്തക്ക മനോഹാരിത ഉൾക്കൊള്ളുന്ന നിരവധി ഹിന്ദിവർണ്ണമട്ടുകൾ നമുക്കിന്നു് സുലഭമായിട്ടുണ്ടുതാനും. പ്രത്യുത, ഡാൻസുകൾക്കുവേണ്ടിയോ, കേൾവിക്കാർ താളം പിടിക്കത്തക്കതരത്തിലോ വിനോദകരങ്ങളായ രംഗങ്ങൾക്കുവേണ്ടിയോ നിർമ്മിക്കപ്പെട്ടിട്ടുള്ള ഗാനങ്ങളുടെ രീതികൾ ദേവാലയഗീതങ്ങൾക്കു സ്വീകരിക്കാതിരുന്നാൽ മതിയായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. എന്റെ പ്രസ്തുത അഭിപ്രായം "മുകുളം" എന്ന എന്റെ ഗാനകൃതിയിൽത്തന്നെ ഞാൻ പ്രസ്താവിച്ചിട്ടുള്ളതുമാണു്.

ഇത്രയും പ്രസ്താവിച്ചുകഴിഞ്ഞപ്പോഴാണു് ഒരു കാര്യം അനുസ്മരിച്ചതു്. അതായതു് പെസഹാവ്യാഴാഴ്ചദിവസം പല സ്ഥലങ്ങളിലുമുള്ള ദേവാലയങ്ങളിലും നടന്നുവരുന്ന ഒരുതരം "പാട്ടുകച്ചേരി"കളാണു് ആയതു്.

മററു് എന്തെല്ലാം വിശേഷങ്ങൾ ഉണ്ടായാലും പള്ളിയിൽ പോകാത്ത പലരും, അന്നേദിവസം അണിഞ്ഞൊരുങ്ങി പള്ളിയിൽ പോകും. സാധാരണയായി പള്ളിക്കകത്തു പ്രവേശിച്ചാൽ വാതില്ക്കലോട്ടു ചേർന്നുമാത്രമേ ഇരിക്കാറുള്ളു. പലപ്പോഴും അവരിൽ പലരും പള്ളിയകത്തെ, വി: കർബാന എഴുന്നള്ളിച്ചു്, പരസ്യാരാധനയ്ക്കു വയ്ക്കപ്പെട്ടിരിക്കുന്ന അൾത്താരയിലെ അലങ്കാരങ്ങൾ കാണണമെന്നും, ഏതാനും പാട്ടുകൾ പാടണമെന്നും ഉള്ളതിൽ കവിഞ്ഞു്, ഒരുദ്ദേശവും പ്രത്യേകമായിട്ടില്ലെന്നേ കാഴ്ചക്കാർക്കു് അവരുടെ പെരുമാററം കണ്ടാൽ തോന്നുകയുള്ളു. ഇന്ന വർണ്ണമട്ടുകളിലേ പാട്ടുകൾ പാടാവൂ എന്നു് അവർക്കു് ഒരു വിവേചനവുമില്ല. കൈയിലുള്ളതൊക്കെ തരംകിട്ടുന്നതു പോലെ പാടണം. അത്രതന്നെ. വേറെ ആരെങ്കിലും ഒരാളോ, ഒരു കക്ഷിയോ അവിടെ പാടുന്നതായി അറിഞ്ഞാൽ, അവരുമായി മത്സരമായി. ഒരു കക്ഷി പാടിക്കഴിഞ്ഞാലുടൻ മറേറ കക്ഷിയും പാട്ടു തുടങ്ങുകയായി. ഒരു സംഗീതമത്സരക്കച്ചേരിപോലെ. ദേവാലയത്തിൽ ആരാധനാനിരതരായി കൂടിയിരിക്കുന്ന സകലമാനപേരുടേയും ശ്രദ്ധയെ ഒന്നോടെ ശിഥിലമാക്കി വിഷമിപ്പിക്കുന്ന പ്രസ്തുത സമ്പ്രദായം പല സ്ഥലങ്ങളിലും നടന്നുവരുന്നതായിട്ടാണറിയുന്നതു്. ഈ സമ്പ്രദായം ഇപ്രകാരം ചെയ്തുവരുന്നവർ ബുദ്ധിപൂർവ്വം ആലോചിച്ചു നിറുത്തുകയോ, അഭിലഷണീയമായ വിധത്തിൽ ഭക്തിയും ദൈവചിന്താസക്തിയും പ്രവൃദ്ധമാക്കുമാറു് പ്രാവർത്തികമാക്കുകയോ ചെയ്യേണ്ടതാണു്. അതായതു് ഏററവും ചേതോഹരങ്ങളായ വർണ്ണമട്ടുകളിലെ അനുതാപഭരങ്ങളും മററുമായ ഗാനങ്ങൾ, ആരാധനകൾക്കുംമററും മാററു വർദ്ധിപ്പിക്കത്തക്കവിധത്തിലും, സന്ദർഭാനുസരണവും, ഭക്തിസംവർദ്ധകവുമായ തരത്തിലും പാടുന്നപക്ഷം ആയതു് അവരവർക്കുതന്നെ നന്മയ്ക്കും, ആരാധിക്കുവാൻ കൂടുന്ന പരസഹസ്രം വിശ്വാസികളുടെ കൂട്ടമായ ആദ്ധ്യാത്മികചൈതന്യലബ്ധിക്കും ഉപകരിക്കുന്നതായിരിക്കും. ബ: ദേവാലയാധികൃതർക്കു് ഇക്കാര്യത്തിൽ ഏററവും ഉത്തരവാദിത്വപൂർണ്ണവും, അവിസ്മരണീയവുമായ ഒരു കർത്തവ്യംതന്നെയുണ്ടെന്നാണു് എന്റെ വിശ്വാസം.

ശേഷം 7-ാം പേജിൽ

## ചലച്ചിത്രത്തിന്റെ

# ഉപയോഗവും ദുരുപയോഗവും

### 11-ാം പീയൂസുമാർപ്പാപ്പാ തിരുമനസ്സിലെ വിശ്വലേഖനം

### III

ക്രിസ്തീയസാന്മാർഗ്ഗിക തത്വങ്ങൾക്കനുയോജ്യമായവിധം ഫിലിമുകളുടെ നിർമ്മാണം സാധിപ്പിക്കുവാൻ നമുക്കു കഴിഞ്ഞാൽ സാന്മാർഗ്ഗികമായ ഫിലിമുകൾ നിർമ്മിക്കുന്നകാര്യം വളരെ എളുപ്പമായിത്തീരും. അദ്ധ്യാപനത്തിന്റെ ആവശ്യങ്ങൾക്കും ക്രിസ്തീയ മനസ്സാക്ഷിയുടെ അനുശാസനങ്ങൾക്കും അനുയോജ്യമായവിധം ചലച്ചിത്രത്തിന്റെ സാന്മാർഗ്ഗികമാനദണ്ഡത്തെ ഉയർത്തുന്നതിനുള്ള ഉദ്യമത്തിൽ ഏർപ്പെട്ടിരിക്കുകയോ ഏർപ്പെടുവാൻ പോകുകയോ ചെയ്യുന്നവരെ എത്രതന്നെ പ്രശംസിച്ചാലും അധികമാകയില്ല. ഇതിനായി വിദഗ്ദ്ധന്മാരുടെ വിചക്ഷണതയെപ്പൂർണ്ണമായി വിനിയോഗിക്കുകയും നൈപുണ്യമില്ലാത്തവരെ നിയമിച്ചു പണവും പ്രയത്നവും പാഴാക്കാതിരിപ്പാൻ ശ്രദ്ധിക്കയും ചെയ്യണം.

ഈമാതിരി ഒരു വ്യവസായം ആരംഭിക്കുക, സാമ്പത്തികമായ സ്വഭാവം പരിഗണിക്കുമ്പോൾ പ്രത്യേകിച്ചും, എത്രവിഷമമേറിയതാണെന്നു നമുക്കറിയാം. എന്നിരുന്നാലും മതപരവും സാന്മാർഗ്ഗികവും സാമൂഹികവും ആയ നിലയിൽ യാതൊരുവിധ ദൂഷ്യവുമില്ലാത്ത ചിത്രങ്ങൾ നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകേണ്ടതു് ആവശ്യമാണു്. ആകയാൽ ഫിലിമുകൾ എവിടെയെങ്കിലും നിർമ്മിക്കപ്പെടുകയും ക്രിസ്തീയ ജനതയുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ ആത്മാക്കളുടെ ഇടയന്മാർ വളരെ ജാഗരൂകരായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

ചലച്ചിത്രവ്യവസായത്തെ സംബന്ധിച്ചു്, ഈ വ്യവസായത്തിൽ പ്രധാനസ്ഥാനങ്ങൾ വഹിക്കുന്ന കത്തോലിക്കരോടായി ഒരഭ്യർത്ഥന പുറപ്പെടുവിക്കുന്നതിനു് എല്ലാ രാജ്യങ്ങളിലെ മെത്രാന്മാരേയും, വിശിഷ്യ വന്ദ്യസഹോദരന്മാരേ, നിങ്ങളേയും നാം ഉൽബോധിപ്പിക്കുന്നു. തങ്ങൾ നിർമ്മിക്കുകയോ നിർമ്മിക്കുന്നതിനു സഹായിക്കുകയോ ചെയ്യുന്ന ചിത്രങ്ങൾ ശരിയായ സാന്മാർഗ്ഗികതത്വങ്ങളുടെ പ്രബോധനത്തെ പ്രോത്സാഹിപ്പിക്കുന്നവയായിരിക്കുവാൻ തങ്ങളുടെ അധികാരത്തേയും സ്വാധീനശക്തിയേയും വിനിയോഗിക്കുവാൻ സഭയുടെ സന്താനങ്ങളെന്നനിലയിൽ തങ്ങൾക്കുള്ള കർത്തവ്യത്തെയും ചുമതലയേയുംപററി അവർ ഗാഢമായി ചിന്തിക്കട്ടെ. നിർവ്വാഹകന്മാർ, നേതാക്കന്മാർ, കഥാകൃത്തുകൾ, നടന്മാർ എന്നീനിലകളിൽ ഈ വ്യവസായത്തിൽ പങ്കെടുക്കുന്ന പല കത്തോലിക്കരുമുണ്ടു്. പക്ഷേ അവരുടെ പ്രേരണാശക്തി എപ്പോഴും അവരുടെ വിശ്വാസത്തിനും ആദർശങ്ങൾക്കും അനുയോജ്യമായിരിക്കുന്നില്ല എന്നുള്ളതു് നിർഭാഗ്യകരമായിരിക്കുന്നു. അഭിമാനബോധമുള്ള മനുഷ്യരും ക്രിസ്തുനാഥന്റെ അനുയായികളും എന്ന നിലയിൽ അവരുടെ തൊഴിൽ അന്തഃകരണത്തിന്റെ അനുശാസനങ്ങൾക്കു അനുയോജ്യമാക്കിത്തീർക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്യുവാൻ വന്ദ്യസഹോദരന്മാരേ, നിങ്ങൾ അവരെ പ്രേരിപ്പിക്കുന്നതു നന്നായിരിക്കും.

കത്തോലിക്കാപ്രവർത്തനത്തിൽ നിരതരായി സഭയുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന സഹപ്രവർത്തകന്മാരുടെ സഹായം മററെല്ലാ പ്രേഷിതരംഗങ്ങളിലും എന്നപോലെ ഇതിലും ആത്മാക്കളുടെ ഇടയന്മാർക്കു ലഭിക്കുന്നതാണു്. ഇക്കാര്യത്തിൽ തങ്ങളുടെ മുഴുവൻ ശ്രദ്ധയും ചെലുത്തി അക്ഷീണവും നിരന്തരവുമായി പ്രവർത്തിക്കുവാൻ ഈ ലേഖനദ്വാരാ അവരോടു തീക്ഷ്ണമായി അഭ്യർത്ഥിക്കാതിരിക്കുവാൻ നമുക്കു നിവൃത്തിയില്ല.

സ്വജനങ്ങളുടെ വിശ്രമവേളകളിൽപ്പോലും അവരുടെ സാന്മാർഗ്ഗികബോധം സുരക്ഷിതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ട ചുമതല ദൈവതിരുമുമ്പാകെ മെത്രാന്മാർക്കുണ്ടു്. ആകയാൽ തങ്ങളുടെ വൈദികമായ ശുശ്രൂഷകളിൽ ബദ്ധശ്രദ്ധരായിരിക്കേതന്നെ സഭ്യവും ആരോഗ്യപ്രദവും ആയ എല്ലാവിധ വിനോദങ്ങളിലും ഔത്സുക്യം പ്രകടിപ്പിക്കേണ്ട കർത്തവ്യം തങ്ങൾക്കുണ്ടെന്നുള്ള വസ്തുത മെത്രാന്മാർ ചലച്ചിത്രവ്യവസായികളെ ഇടയ്ക്കിടെ അനുസ്മരിപ്പിക്കുന്നതു് ഉചിതമായിരിക്കും.

അശുദ്ധവും ആരോഗ്യരഹിതവുമായ ഉല്ലാസങ്ങൾ രാഷ്ട്രത്തിന്റെ സാന്മാർഗ്ഗികതന്തുക്കളെ നശിപ്പിച്ചുകളയുമെന്നു വ്യക്തമായും പരസ്യമായും പ്രഖ്യാപിക്കുവാൻ മെത്രാന്മാരുടെ പരിശുദ്ധമായ ഉദ്യോഗം അവരെ നിർബന്ധിക്കുന്നു. അതുപോലെതന്നെ തങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ കത്തോലിക്കരെ മാത്രമല്ല, സിനിമാ കാണുവാൻ പോകുന്ന എല്ലാവരേയും ബാധിക്കുന്നതാണെന്നും അവർ ചലച്ചിത്രവ്യവസായികളെ അനുസ്മരിപ്പിക്കണം.

സമുദായ സമക്ഷം തങ്ങൾക്കുള്ള ചുമതലയെ നിങ്ങളുടെ രാജ്യത്തിലെ ചലച്ചിത്രവ്യവസായികൾ അറിയുകയും അംഗീകരിക്കുകയും ചെയ്യണമെന്നു ന്യായപൂർവ്വം നിർബന്ധിക്കുവാൻ ഐക്യരാജ്യത്തിലെ വന്ദ്യസഹോദരന്മാരേ, നിങ്ങൾക്കു പ്രത്യേകിച്ചും സാധിക്കും.

സിനിമാപോലെ ശക്തിമത്തും സാർവ്വത്രികവും ആയ ഒരുപാധി വ്യക്തിയുടേയും സമുദായത്തിന്റെയും സർവ്വോപരിഷ്ടമായ അഭ്യുദയത്തിനുവേണ്ടി ഫലപ്രദമായി വിനിയോഗിക്കാവുന്നതാണെന്നു് ചലച്ചിത്രവ്യവസായപ്രമുഖന്മാരെ സുവ്യക്തമായി മനസ്സിലാക്കുവാൻ ലോകമെങ്ങുമുള്ള മെത്രാന്മാരെല്ലാം ശ്രമിക്കേണ്ടതാണു്. ചീത്തയായുള്ളതിനെ പരിത്യജിക്കുക എന്നതു മാത്രമാണോ ഇവിടത്തെ പ്രശ്നം? കേവലം വിനോദത്തിനുള്ള ഒരു മാർഗ്ഗം, അല്ലെങ്കിൽ അല്പ വിശ്രമാർത്ഥം ഒരു മണിക്കൂർ അലസമായി ചെലവഴിക്കുവാനുള്ള ഒരുപായം മാത്രമായിരിക്കരുതു് ചലച്ചിത്രം. അതിന്റെ മഹത്തായ സ്വാധീനശക്തിമൂലം പ്രകാശത്തെ സംവഹിക്കുകയും നന്മയിലേക്കു സുനിശ്ചിതമായി നയിക്കുകയും ചെയ്യാൻ അതിനു കഴിയും; അതു് അങ്ങനെ ചെയ്യേണ്ടതുമാണു്.

ഈ വിഷയത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ചു് ഇപ്പോൾ പ്രായോഗികമായ ചില നിർദ്ദേശങ്ങൾ നൽകുന്നതു സന്ദർഭോചിതമായിരിക്കുമെന്നു നാം കരുതുന്നു.

സർവ്വോപരി അമേരിക്കയിലെ അവരുടെ സഹോദരന്മാർ ചെയ്തിട്ടുള്ളതുപോലെയുള്ള ഒരു പ്രതിജ്ഞ ആണ്ടുതോറും തങ്ങളുടെ ജനങ്ങളെക്കൊണ്ടു ചെയ്യിക്കുന്നതിനു് ആത്മാക്കളുടെ ഇടയന്മാരെല്ലാം ശ്രമിക്കണം. ഈ പ്രതിജ്ഞയെപ്പററി നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണു്. ഇതുമൂലം സത്യത്തിനും ക്രിസ്തീയ സന്മാർഗ്ഗനിയമങ്ങൾക്കും വിരുദ്ധമായ ചലച്ചിത്രങ്ങൾ ദർശിക്കുവാൻ തങ്ങൾ പോകുന്നതല്ലെന്നു അവർ വാഗ്ദാനം ചെയ്യുന്നു.

ഈ പ്രതിജ്ഞ അഥവാ വാഗ്ദാനം സമ്പാദിക്കാനുള്ള ഏററം ഫലപ്രദമായ മാർഗ്ഗം ഇടവകപ്പള്ളികളും അവയോടു് അനുബന്ധിച്ചുള്ള വിദ്യാലയങ്ങളുമാണു്. ഇവവഴി തങ്ങളുടെ ഗുരുതരമായ കർത്തവ്യത്തെപ്പററി ബോധമുള്ളവരായ കുടുംബങ്ങളിലെ മാതാപിതാക്കന്മാരുടെ ഹൃദയപൂർവ്വമായ സഹകരണം നേടാവുന്നതാണു്.


കത്തോലിക്കാമുദ്രാലയംമൂലം ഈ പ്രതിജ്ഞയുടെ ധാർമ്മികമായ രമണീയകതയേയും ഫലോദയകത്വത്തേയുംപററി ജനങ്ങളെ മനസ്സിലാക്കുവാൻ മെത്രാന്മാർക്കു സാധിക്കുന്നതാണു്.

ഈ പ്രതിജ്ഞയുടെ നിർവ്വഹണത്തിനുവേണ്ടി, ഏതെല്ലാം ചിത്രങ്ങളാണു് എല്ലാവർക്കും അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും, ഏതെല്ലാമാണു് പ്രത്യേകവ്യവസ്ഥകളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും, ഏതെല്ലാമാണു് തികച്ചും നിഷിദ്ധങ്ങളെന്നും ജനങ്ങളെ വ്യക്തമായി പറഞ്ഞു മനസ്സിലാക്കേണ്ടതാണു്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാവർക്കും അനായാസം ലഭിക്കുന്നതിനുവേണ്ടി ചലച്ചിത്രപ്രദർശനങ്ങളുടെ തരംതിരിച്ചുള്ള ലിസ്റ്റുകൾ ഉടനുടൻ വിട്ടുകൂടാതെ പതിവായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാവശ്യമാണു്. പ്രത്യേകബുള്ളററിനുകളോ അഥവാ കത്തോലിക്കാപ്രതിദിനപത്രങ്ങൾപോലെയുള്ള ഉചിതങ്ങളായ മററു പ്രസിദ്ധീകരണങ്ങളോ ഇതിനായി വിനിയോഗിക്കാവുന്നതാണു്.

കഴിയുമെങ്കിൽ ലോകം മുഴുവൻ ബാധകമായവിധം ഒരു ലിസ്റ്റ് നിർമ്മിക്കുന്നതു അഭിലഷണീയമായിരിക്കും; എന്തുകൊണ്ടെന്നാൽ എല്ലാവരും ഒരേ ധാർമ്മികനിയമത്തിനു വിധേയരാണു്. സമുദായത്തിലുള്ള വിവിധവിഭാഗങ്ങളിൽപെട്ട ആളുകൾക്കു്, വലിയവർക്കും ചെറിയവർക്കും പണ്ഡിതന്മാർക്കും പാമരന്മാർക്കും, ചിത്രങ്ങൾ സംബന്ധിച്ചു അഭിരുചി വ്യത്യസ്തപ്പെട്ടിരിക്കും. ആകയാൽ ഒരു ചിത്രത്തെ സംബന്ധിച്ചു തീരുമാനം എല്ലായ്പോഴും എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ ഇരിക്കുകയില്ല. സാഹചര്യങ്ങളും ആചാരങ്ങളും നടപടികളും രാജ്യങ്ങൾതോറും വ്യത്യാസപ്പെട്ടിരിക്കും. ആകയാൽ ലോകമുഴുവനുംകൂടി ഒരു ലിസ്റ്റുണ്ടാക്കുക പ്രായോഗികമായി തോന്നുന്നില്ല. എന്നിരുന്നാലും ഓരോ രാജ്യത്തും മുൻപറഞ്ഞ വിധം ചിത്രങ്ങൾ തരംതിരിച്ചാൽ ആ ലിസ്റ്റു ജനങ്ങൾക്കു് ആവശ്യമായ മാർഗ്ഗദർശനം നൽകുവാൻ പര്യാപ്തമായിരിക്കും.

ആകയാൽ ചിത്രങ്ങളുടെ ഗുണദോഷനിരൂപണം ചെയ്യുന്നതിനുവേണ്ടി എല്ലാ രാജ്യത്തും മെത്രാന്മാർ സ്ഥിരമായ ഒരാഫീസ് സ്ഥാപിക്കേണ്ടതാണു്. ഈ ആഫീസ് വഴി നല്ല ചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും മററുള്ളവയെ തരംതിരിക്കുകയും അതുസംബന്ധിച്ച തീരുമാനം വൈദികരേയും ജനങ്ങളേയും അറിയിക്കുകയും ചെയ്യാവുന്നതാണു്. മെത്രാന്മാർക്കു് അധീനമായിരിക്കുന്ന കത്തോലിക്കാ പ്രവർത്തനകേന്ദ്രസമിതിയെ ഈ ചുമതല ഏല്പിക്കുന്നതു സമുചിതമായിരിക്കും. ഈ വിജ്ഞാപനകേന്ദ്രത്തിന്റെ പ്രവർത്തനം സംഘടിതവും കാര്യക്ഷമവും ആയിരിക്കണമെങ്കിൽ അതു രാഷ്ട്രീയമായ അടിസ്ഥാനത്തിൽ, ഒരു കേന്ദ്രത്തിന്റെ ഉത്തരവാദിത്വത്തിൽ, നടത്തേണ്ടതാവശ്യമാണു്. ഗുരുതരമായ കാരണങ്ങൾ വാസ്തവത്തിൽ ആവശ്യമാക്കിത്തീർക്കുന്നപക്ഷം മെത്രാന്മാർക്കു് തങ്ങളുടെ രൂപതകളിലെ നിരൂപണസംഘങ്ങൾവഴി രാഷ്ട്രം മുഴുവന്റെയും ആവശ്യത്തിനു് അനുയോജ്യമായവിധം നിർമ്മിച്ചിട്ടുള്ള പൊതുലിസ്റ്റുകളെ തങ്ങളുടെ പ്രത്യേകസാഹചര്യങ്ങൾക്കു് അനുരൂപമായവിധം കൂടുതൽ കർശനമായ വ്യവസ്ഥകൾക്കു വിധേയമാക്കി വീണ്ടും പരിശോധന നടത്താവുന്നതാണു്.

മുൻപറഞ്ഞ ആഫീസിനുതന്നെ ഇടവകകളുടേയും കത്തോലിക്കാസംഘങ്ങളുടേയും ഉടമസ്ഥതയിലുള്ള സിനിമാശാലകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടംവഹിക്കുകയും പരിശോധനയ്ക്കുശേഷം അംഗീകൃതങ്ങളായ ചിത്രങ്ങൾ തന്നെ അവിടെ പ്രദർശിപ്പിക്കപ്പെടുന്നതിനു ഏർപ്പാടുചെയ്യുകയും ചെയ്യാവുന്നതാണു്. ഈ ശാലകൾവഴി—ഇവ നല്ല ചിത്രങ്ങളേ പ്രദർശിപ്പിക്കയുള്ളൂ എന്നു് സിനിമാവ്യവസായികൾക്കറിയാം —



തൃശൂർ സെൻറ് വിൻസെൻറ് ഡി പോൾ രൂപതാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്കായി കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു സെൻറ് മേരീസ് തോപ്പിൽവച്ചു നടത്തിയ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചിരുന്നവർ. റവ. ഫാദർ മാത്യു മങ്കുഴിക്കരിയായിരുന്നു ധ്യാനഗുരു.

നമ്മുടെ സന്മാർഗ്ഗീകമനഃസ്ഥിതിക്ക് അനുയോജ്യമായ ചിത്രങ്ങൾ നിർമ്മിക്കുന്നതിന് വ്യവസായികളെ പ്രേരിപ്പിക്കാൻ കഴിയുന്നതാണ്. അപ്പോൾ ആ ചിത്രങ്ങൾ കത്തോലിക്കാ സിനിമാശാലകളിൽ മാത്രമല്ല മറ്റു സ്ഥലങ്ങളിലും സുലഭമായി പ്രദർശിപ്പിക്കാവുന്നതാണ്.

ഏതുതരത്തിലുള്ള ഒരാഫീസ് സ്ഥാപിക്കുന്നതിനു കുറെ ത്യാഗം ആവശ്യമാണെന്നും പല രാജ്യങ്ങളിലും കത്തോലിക്കർ കുറെ പണം ചെലവു ചെയ്യേണ്ടിവരുമെന്നും നമുക്കറിയാം. എന്നിരുന്നാലും ചലച്ചിത്രത്തിന്റെ അത്യധികമായ പ്രാധാന്യവും ക്രിസ്തീയജനതയുടേയും രാഷ്ട്രത്തിന്റേയും സന്മാർഗ്ഗബോധത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഈ ത്യാഗത്തെ സമ്യക്കായി സാധൂകരിക്കുന്നുണ്ട്. ദുഷിച്ചതും ദോഷകരവും ആയ ചലച്ചിത്രങ്ങളുടെ ബാഹുല്യംമൂലം നമ്മുടെ സ്കൂളുകളും കത്തോലിക്കാസംഘടനകളും പള്ളികളും വഴി നാം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ കുറഞ്ഞുപോകുകയും അവ അപകടത്തിലാവുകയും ചെയ്യുന്നു.

ചലച്ചിത്രത്തിന്റെ പ്രവർത്തനരീതികളിൽ പരിചയമുള്ളവരും അതുസമയംതന്നെ കത്തോലിക്കാമതതത്വങ്ങളിലും ധാർമ്മികസിദ്ധാന്തങ്ങളിലും ശരിയായ നൈപുണ്യം നേടിയിട്ടുള്ളവരും ഈ ആഫീസിൽ ഉണ്ടായിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനുംപുറമെ ഇവർ മെത്രാന്മാരാൽ നിയുക്തനായ ഒരു വൈദികന്റെ നേതൃത്വത്തിലും നേരിട്ടുള്ള മേൽനോട്ടത്തിലും ആയിരിക്കേണ്ടതാണ്.

സ്ഥിതിഗതികളുടേയും സ്വഭാവരീതികളുടേയും വൈവിധ്യത്തെ യഥായോഗ്യം പരിഗണിക്കവെതന്നെ വിവിധരാജ്യങ്ങളിലെ ആഫീസുകൾ ഒരുമിച്ചുനിന്നു പരസ്പരം ആശയവിനിമയം നടത്തുകയും ഉപദേശം സ്വീകരിക്കുകയും ചെയ്യുന്നുവെങ്കിൽ ചിത്രങ്ങൾ നിരൂപണം ചെയ്യുന്ന ജോലിയിൽ കൂടുതൽ കാര്യക്ഷമതയും ഐക്യരൂപ്യവും വരുത്താവുന്നതാണ്. ഇങ്ങനെ ലോകമെമ്പാടുമുള്ള കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ ചലച്ചിത്രം സംബന്ധിച്ചു ചെയ്യുന്ന നിരൂപണങ്ങളിലും പ്രസ്താവനകളിലും ആദർശസംബന്ധമായ ഐക്യരൂപ്യം കൈവരുത്താവുന്നതാണ്.

അമേരിക്കൻ ഐക്യരാജ്യങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള പരീക്ഷണങ്ങൾക്കും പുറമെ മറ്റുരാജ്യങ്ങളിലെ കത്തോലിക്കർ ചലച്ചിത്രരംഗത്തു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽനിന്നും ഈ ആഫീസുകൾക്ക് പ്രയോജനപ്രദമായ ജ്ഞാനം സമ്പാദിക്കാവുന്നതാണ്.

ആഫീസിലെ ജോലിക്കാർ, അത്യുത്തമമായ ഉദ്ദേശ്യവും സന്മനസ്സും ഉണ്ടായിരുന്നിട്ടുപോലും, മനുഷ്യസഹജമായ എല്ലാ പ്രവർത്തനങ്ങളിലും എന്നപോലെ, വല്ലപ്പോഴും ഒരു തെറ്റുവരുത്തിയാൽ ആഫീസിന്റെ അധികാരവും സൽകീർത്തിയും സംരക്ഷിച്ചുകൊണ്ടുപോകുന്നതിന് മെത്രാന്മാർ പാടുള്ളതെല്ലാം വിവേകപൂർവ്വം കാര്യക്ഷമമായി ചെയ്യേണ്ടതാണ്. ഇതിനായി കൂടുതൽ സാധിതകതിയുള്ളവരെ ആഫീസിൽ നിയമിച്ച് ജോലിക്കാരുടെ സംഖ്യ വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ ഇത്രമാത്രം ഉത്തരവാദിത്വമേറിയ സ്ഥാനത്തിനു തീരെ അനുയോജ്യരല്ലെന്നു തോന്നുന്നവരെ നീക്കി പകരം ആളെ നിയമിക്കുകയോ ചെയ്യാം.

ചലച്ചിത്രത്തിന്റെ ശരിയായ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുക എന്ന ക്ലേശാവഹമായ കൃത്യത്തിൽ ലോകത്തിലെ മെത്രാന്മാർ തങ്ങളുടെ ഭാഗം വഹിക്കുന്നപക്ഷം തങ്ങളുടെ ജനങ്ങളുടെ വിശ്രമവേളകളിലും ഉല്ലാസവേളകളിലും ഇവരുടെ സന്മാർഗ്ഗബോധത്തെ സംരക്ഷിച്ചുകൊണ്ടുപോകുക എന്ന മഹത്തായ കൃത്യമായിരിക്കും അവർ ചെയ്യുന്നതു്. അവരുടെ അജപാലനശുഷ്കാന്തിയെപ്പറ്റി അറിയാവുന്ന നമുക്ക് അവർ ഇക്കാര്യം ചെയ്യുമെന്നുള്ളതിൽ സംശയമില്ല. കത്തോലിക്കരും അകത്തോലിക്കരും ആയ എല്ലാ സച്ചരിതന്മാരുടേയും അംഗീകാരത്തേയും അഭിനന്ദനത്തേയും അവർ അർഹിക്കും; സർവ്വോപരിയായി ഒരു വലിയ ശക്തി ആയിത്തീർന്നിരിക്കുന്ന ചലച്ചിത്രത്തെ അത്യുന്നതങ്ങളായ ആദർശങ്ങളേയും അത്യുത്തമങ്ങളായ ജീവിതരീതികളേയും പ്രചരിപ്പിക്കുക എന്ന ഉത്കൃഷ്ടമായ ലക്ഷ്യത്തിലേക്കു സുനിശ്ചിതമായി നയിക്കുന്നതിന് അവർ സഹായിക്കുകയും ചെയ്യും.

നമ്മുടെ പൈതൃകമായ ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന ഈ ആശകളും അഭ്യർത്ഥനകളും ഫലസമൃദ്ധമായിത്തീരുന്നതിന് ദൈവത്തിന്റെ സഹായവും അനുഗ്രഹവും നാം പ്രാർത്ഥിക്കുകയും അതിന്റെ ഉറപ്പായി, വന്ദ്യ സഹോദരന്മാരേ, നിങ്ങൾക്കും നിങ്ങൾക്ക് ഏല്പിക്കപ്പെട്ടിട്ടുള്ള വൈദികർക്കും ജനങ്ങൾക്കും നമ്മുടെ സ്നേഹസൂനമായ അപ്പസ്തോലികാശീർവ്വാദം നാം നല്കുകയും ചെയ്യുന്നു.

റോമിൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽവച്ച്, നമ്മുടെ ഭരണത്തിന്റെ പതിനഞ്ചാമത്തെ വർഷമായ 1936 ജൂൺ 29-ാം നു വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിൽ നല്കപ്പെട്ടതു്. 11-ാം പീയൂസ് പാപ്പാ.

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### XXVI

#### കൂദാശാഫലങ്ങൾ

കുമ്പസാരത്തിന്റെ രണ്ടാമത്തെ ഫലം നിത്യശിക്ഷയിൽനിന്നുള്ള വിമോചനമാണ്. ത്രിദന്തിനോസ് സൂനഹദോസ് വ്യക്തമായി പഠിപ്പിക്കുന്നു: അനുതാപി കൂദാശാപരമായ പാപവിമോചനം സ്വീകരിച്ചതിനുശേഷം ഉപവാസങ്ങളാലും, ദാനധർമ്മങ്ങളാലും പ്രാർത്ഥനകളാലും പരിഹാരം തേടുവാൻ ബാദ്ധ്യസ്ഥനാണ്; എന്നാൽ അപ്രകാരം ചെയ്യുന്നതു കൂദാശ സ്വീകരണത്താലൊ, കൂദാശ കൈക്കൊള്ളുവാനുള്ള ആഗ്രഹത്താലൊ പാപത്തിന്റെ കുറ്റത്തോടൊന്നിച്ചു പൊറുക്കപ്പെടുന്ന നിത്യശിക്ഷയ്ക്കു വേണ്ടിയല്ല; പ്രത്യുത കാലത്തിനടുത്ത ശിക്ഷയുടെ പരിഹാരം പ്രാപിക്കുവേണ്ടിയത്രേ. 'ആയതു എല്ലായ്പോഴും മുഴുവനായും ജ്ഞാനസ്നാന സ്വീകരണവേളയിൽ സംഭവിക്കുന്നതുപോലെ വിമോചിക്കപ്പെടുന്നില്ല.

കൃപാവരമാനം കൊണ്ടാണല്ലോ ചാവുദോഷം ആത്മാവിൽനിന്നു നീക്കപ്പെടുന്നതു്. തല്ഫലമായി നാം ദൈവസ്വഭാവത്തിൽ അംശഭാഗികളും ഈശോയുടെ സഹോദരന്മാരും, നിത്യാനന്ദം അനുഭവിക്കുന്നതിന് അവകാശമുള്ള ദൈവത്തിന്റെ ദത്തുപുത്രന്മാരുമായിത്തീരുന്നു. വി. പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ ഇതിനെ സാക്ഷിക്കുന്നതായി കാണാം: "ശാരീരികമായിട്ടല്ലാതെ, ഈശോമിശിഹായിൽ വ്യാപരിക്കുന്നവർക്ക് ഇനിമേൽ ശിക്ഷാവിധിയില്ല. ഈശോമിശിഹായിലുള്ള ജീവാത്മാവിന്റെ നിയമം പാപത്തിന്റേയും മരണത്തിന്റേയും നിയമത്തിൽനിന്നു നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. .........ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവർ ആരോ അവരാകുന്നു ദൈവത്തിന്റെ മക്കൾ." (റോമ 8, 1-14). പാപവിമോചനം ലഭിച്ചവരെല്ലാം ഈശോമിശിഹായിൽ വർത്തിക്കുന്നവരാണ്. ദൈവത്തിന്റെ ആത്മാവു് അവരിൽ അധിവസിക്കയും അവരെ നടത്തുകയും ചെയ്യുന്നു. നിത്യശിക്ഷയ്ക്കു് അവർ ഇനിയും പാത്രമാണെങ്കിൽ, അവർ ശാപവിധിക്കു അവകാശികളാണെന്നും, ദൈവസ്നേഹിതരല്ലെന്നും, പറയേണ്ടിവരും. ദൈവത്തിന്റെ മക്കൾ നിത്യശിക്ഷയ്ക്കർഹരാകാൻ പാടുള്ളതല്ലല്ലൊ.

യുക്തിയും ഈ വാദമുഖത്തെ ശക്തിയുക്തം സമർത്ഥിക്കുന്നുണ്ട്. നിത്യരക്ഷയുടെ അടിസ്ഥാനം മനുഷ്യന്റെ ദൈവദ്രോഹവും, തന്മൂലം ദൈവത്തിനു മനുഷ്യനോടുള്ളവാകുന്ന വിദ്വേഷവുമാണ്. എന്നാൽ അതെല്ലാം പാപവിമോചനത്തോടുകൂടി പാടെ നാമാവശേഷമാകുന്നു. അതിനുള്ള കാരണമാകട്ടെ വരപ്രസാദദാനവും, തജ്ജന്യമായ ഈശോമൈത്രിയുമാണ്. നിത്യകാലം ശിക്ഷിക്കുവാനുള്ള മനോഭാവം ഇതിനോടു് ഒരിക്കലും പൊരുത്തപ്പെടത്താവുന്നതല്ല.

എന്നാൽ താല്ക്കാലികമായ ശിക്ഷയുടെ കഥ അതല്ല. അതു എല്ലായ്പോഴും, പരിപൂർണ്ണമായും പാപസങ്കീർത്തനത്താൽ പരിഹരിക്കപ്പെടും എന്നു വരുന്നതല്ല. പാപസങ്കീർത്തനംമൂലമുള്ള പാപവിമോചനത്തെക്കുറിച്ചു മാത്രമേ ഇവിടെ വിവക്ഷയുള്ളു. എന്തുകൊണ്ടെന്നാൽ മാമ്മോദീസാ വഴിക്കുള്ള പാപമോക്ഷത്താൽ കാലത്തിനടുത്ത ശിക്ഷയടക്കം സകല ശിക്ഷകളും തൽക്ഷണം റദ്ദാക്കപ്പെടും. ത്രിദന്തിനോസ് സൂനഹദോസ് നിർവ്വചിച്ചിട്ടുള്ള ഒരു വിശ്വാസസത്യമാണിതു്.

എന്നാൽ കുമ്പസാരത്തിൽ പാപം ക്ഷമിച്ചപ്പോഴെല്ലാം താല്ക്കാലികശിക്ഷയും നിശ്ശേഷം ഇടച്ചുനീക്കപ്പെട്ടേക്കാമെന്നു നിഷേധിക്കുകയല്ല. ഉൽത്താപത്തിന്റേയും ദൈവസ്നേഹത്തിന്റേയും ആധിക്യത്താൽ ഈ വക ശിക്ഷയും ലവലേശം ബാക്കി നില്ക്കാതെ റദ്ദാക്കപ്പെടാവുന്നതാണ്. അങ്ങനെ സംഭവിച്ചിട്ടുള്ളതിനു ഒന്നിലധികം ഉദാഹരണങ്ങൾ സഭാചരിത്രത്തിൽ കാണുകയും ചെയ്യാം. പക്ഷേ, സാധാരണ ദൈവപരിപാലനാക്രമത്തിൽ ചാവുദോഷത്തിന്റെ കുററം നീക്കുവാനുതകുന്ന ഉപാധികൊണ്ടു മാത്രം കാലത്തിനടുത്ത ശിക്ഷയും ദൂരീകരിക്കപ്പെടുകയില്ല.

ഓരോ അനുതാപിയും മൂന്നു കാര്യങ്ങൾ നിർവ്വഹിക്കണമെന്നാണ് ത്രിദന്തിനോസ് സൂനഹദോസ് ആവശ്യപ്പെടുന്നതു്. പശ്ചാത്തപിക്കണം; പാപങ്ങളേറ്റു പറയണം; പ്രായശ്ചിത്തമനുഷ്ഠിക്കണം. പ്രായശ്ചിത്തനിർവ്വഹണത്തിനു മുമ്പുതന്നെ പാപം വിമോചിക്കപ്പെടുന്നതിനാൽ അതു പാപപ്പൊറുതിയെ നേരിട്ടു ബാധിക്കുന്നില്ല. അതുകൊണ്ടു് അതു ശിക്ഷയുടെ നിർമ്മൂലനത്തിനോ ലഘൂകരണത്തിനോ മാത്രമേ സഹായകമാകുന്നുള്ളു. ഈ ശിക്ഷയാകട്ടെ നിത്യശിക്ഷയാകാൻ നിവൃത്തിയില്ല. ആകയാൽ പാപവിമോചനസിദ്ധിക്കുശേഷവും അവശേഷിക്കുന്ന താല്ക്കാലിക ശിക്ഷയുടെ പരിഹാരാർത്ഥമാണു പ്രായശ്ചിത്തം നിർദ്ദേശിക്കപ്പെടുന്നതു്.

പാപത്തിന്റെ കുററവും നിത്യശിക്ഷയും പൊറുക്കപ്പെട്ടാലും, കാലത്തിനടുത്ത ശിക്ഷ പാടേ റദ്ദാക്കപ്പെടുന്നില്ലെന്നു സാക്ഷ്യം നൽകുന്ന പല സംഭവങ്ങളും വേദപുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ആദം മരണത്തിനുമുമ്പു പാപവിമുക്തനായി (ജ്ഞാന 10,2); എങ്കിലും പാപത്തിനുള്ള ശിക്ഷയായി വിവിധദുരിതങ്ങൾക്കു വിധേയനായിത്തീർന്നു. മരണം തന്നെ പാപത്തിന്റെ "കൂലി"യാണല്ലോ. മോശയും അഹറോനും ദൈവത്തോടു കാണിച്ച അവിശ്വാസത്തെ അവിടുന്നു അചിരേണ കരുണാപൂർവ്വം ക്ഷമിച്ചു. പക്ഷേ പ്രസ്തുത പാപത്തിനു ശിക്ഷയായിട്ടാണു വാഗ്ദാനത്തിന്റെ ഭൂമിയിൽ കടക്കുവാൻ അവർക്കു സാധിക്കാതെവന്നതു്. ദാവീദിന്റെ കൊടിയ പാപം പൊറുക്കപ്പെട്ടു എന്നു വരികിലും പല ശിക്ഷകളും അദ്ദേഹം സഹിക്കേണ്ടിവന്നു. മകന്റെ മരണംതന്നെ അവയിൽ ഒന്നു മാത്രമായിരുന്നു.

പ്രസ്തുത വ്യവസ്ഥ ദൈവനീതിക്കു സർവ്വഥാ അനുയോജ്യവുമാണ്. മാമ്മോദീസാമൂലമുള്ള ഒന്നാമത്തെ പാപവിമോചനവും, പ്രസാദവരത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ടു ദൈവത്തെ ദ്രോഹിച്ചതിനുശേഷം വരുന്ന പാപവിമോചനവും തമ്മിൽ ഒരവശ്യവ്യത്യാസം ഉണ്ടായിരിക്കേണ്ടതാണല്ലോ. എന്നാൽ കരുണയുടെ കരകാണാത്ത കടലായ കർത്താവു് ഇഹലോകത്തിൽവെച്ചുതന്നെ പ്രസ്തുത താല്ക്കാലിക ശിക്ഷയെ സമൂലം പരിഹരിക്കുന്നതിനുതകുന്ന പല വിശിഷ്ടോപാധികളും നമുക്കു നൽകിയനുഗ്രഹിച്ചിട്ടുണ്ട്. ദണ്ഡവിമോചനങ്ങളും, പ്രായശ്ചിത്തപരിപാടികളും, ദാനധർമ്മങ്ങളും സൽകർമ്മാനുഷ്ഠാനങ്ങളും മററും ഈ ഇനത്തിൽ അത്ഭുതാവഹമായ ഫലം ചെയ്യുന്നവയാണ്.

വി. തോമസ് അക്വിനാസ് താല്ക്കാലികശിക്ഷാവ്യവസ്ഥയുടെ യുക്തിയുക്തത സമർത്ഥിക്കുന്നതു് ഇങ്ങനെയാണ്. ഓരോ ചാവുദോഷത്തിനും രണ്ടുവശങ്ങളുണ്ട്—സ്രഷ്ടാവിൽനിന്നുള്ള അകൽച്ച; സൃഷ്ടികളോടുള്ള അമിതമായ അടുപ്പം. ആദ്യത്തേതിനു നിത്യശിക്ഷ; രണ്ടാമത്തേതിനു കാലത്തിനടുത്തശിക്ഷയും. നിത്യശിക്ഷ ദൈവം സൗജന്യമായി ഇളവു ചെയ്താലും, കാലത്തിനടുത്ത ശിക്ഷ ഓരോ പാപിയും സ്വയം പരിഹരിക്കണമെന്നാണ് അവിടുത്തെ നിശ്ചയം.

ശുദ്ധീകരസ്ഥലത്തിന്റെ അസ്തിത്വം ഈ സിദ്ധാന്തത്തെ സ്ഥാപിക്കുന്നുണ്ട്. കാലത്തിനടുത്ത ശിക്ഷ മുഴുവനായും പരിഹരിക്കപ്പെടുന്നതിനുമുമ്പു പരലോകം പ്രാപിക്കുന്നവർക്കുവേണ്ടിയാണല്ലോ ശോധനസ്ഥലം നിലകൊള്ളുന്നതു്. പരേതർക്കുവേണ്ടി ബലി അർപ്പിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന സമ്പ്രദായം സഭയോളംതന്നെ പഴക്കമുള്ളതാണ്. മേൽപ്പറഞ്ഞ സിദ്ധാന്തംതന്നെയാണു പ്രസ്തുത പാരമ്പര്യത്തിന്റേയും അടിസ്ഥാനം.

പി. കെ.

---

പുസ്തകാഭിപ്രായം

## വീരബാലിക

(മരിയ ഗൊരേററി)

[ഗ്രന്ഥകർത്താ: ഫാദർ സി. വി. ആൻറണി. കാത്തലിക് പ്രസ്സ്, കൊല്ലം. പേജ് 28. വില 4 ണ.]

കത്തോലിക്കാസഭയുടെ ആദ്ധ്യാത്മിക പുഷ്പവാടിയിൽ അഭിനവമായി മൊട്ടിട്ടു വികസിച്ച ഒരു ചെറുസൂനമാണ മരിയ ഗൊരേത്തി. ആ മനോഹരകുസുമത്തിന്റെ പരിമളധോരണി ഇപ്പോൾ നാനാദിക്കിലും പ്രസരിച്ചുകൊണ്ടിരിക്കുന്നതിനാൽ, പ്രകൃതഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയമായ "വീരബാലിക"യെ ഞങ്ങളുടെ പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമില്ല. മരിയഗൊരേത്തിയെപ്പററി നേരത്തെതന്നെ ഒന്നു രണ്ടു ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ടെങ്കിലും, പ്രസ്തുത കന്യകാമണി വിശുദ്ധപദം പ്രാപിച്ച ഈ സുവർണ്ണാവസരത്തിൽ ഈ ലഘുഗ്രന്ഥത്തിന്റെ ആവിർഭാവം സന്ദർഭോചിതമാണെന്നതിനു സംശയമില്ല. മനോഹരമായ ചെറുവാചകങ്ങളിൽ ആശയങ്ങൾ പ്രകാശിപ്പിക്കുവാൻ ഗ്രന്ഥകാരനുള്ള പാടവം പ്രശംസാർഹമായിരിക്കുന്നു. ഈ ഗ്രന്ഥം ബാലികാബാലന്മാരുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിക്കേണ്ടതാണ്. ചാരിത്ര്യത്തിന്റേയും ആത്മസംയമനത്തിന്റേയും മഹനീയാദർശങ്ങൾ അതവരെ പഠിപ്പിക്കുന്നതായിരിക്കും.

## കർമ്മലോത്തരീയം

(ഗ്രന്ഥകർത്താ: ഫാ. ജോൺ ഫ്രാൻസിസ് ടി. ഒ. സി. ഡി. കർമ്മലിത്താശ്രമം, മഞ്ഞുമ്മൽ. പേജ് 48)

കർമ്മലോത്തരീയത്തിന്റെ ഏഴാം ശതാബ്ദപൂർത്തിയുടെ സ്മരണയെ കൊണ്ടാടുന്ന ഈ ജൂബിലിവർഷത്തിൽ, പ്രകൃതഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സന്ദർഭോചിതമായിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല. കർമ്മലസഭയുടെ ഉത്ഭവം, വി. സൈമൺ സ്റ്റോക്കിനുണ്ടായ ദർശനം, ഉത്തരീയഭക്തിയുടെ വൈശിഷ്ട്യം, ഉത്തരീയസഖ്യത്തിൽ ചേരുന്നവരുടെ കടമകൾ ആദിയായ കാര്യങ്ങളെക്കുറിച്ചാണ് ഇതിൽ പ്രതിപാദിക്കുന്നതു്. ഭാഷ ലളിതവും നിർദ്ദോഷവുമത്രേ. മരിയഭക്തിക്കു കേളികേട്ട കേരളീയകത്തോലിക്കർ വർദ്ധമാനമായ ആദ്ധ്യാത്മികപ്രബുദ്ധത പ്രാപിക്കുന്നതിനു ഈ ഗ്രന്ഥം കാരണമായി ഭവിക്കട്ടെ എന്നാശംസിക്കുകയും ഇതിന്റെ കർത്താവിനെ ഹാർദ്ദമായി അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

---

## മിഷനറി വൈദികസംഘത്തിന്റെ 3-ാമതു സാർവ്വദേശീയ കോൺഗ്രസ്സ്

"മിഷനറി വൈദികസംഘം" എന്ന സംഘടനയുടെ 3-ാമതു സാർവ്വദേശീയ കോൺഗ്രസ്സ് സെപ്തംബർ 5 മുതൽ 7 വരെ തിയതികളിൽ റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽവച്ചു നടത്തപ്പെടുന്നതാണ്. ഉൽഘാടനപ്രസംഗം പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ സെക്രട്ടറി മോൺ. സെൽസൊ കോൺസ്റ്റന്റിനിയും, ഉപസംഹാരപ്രസംഗം പ്രസ്തുത തിരുസംഘത്തിന്റെ പ്രീഫെക്ടായ കാർഡിനൽ ഫുമസോണി ബിയോൻഡിയും നിർവ്വഹിക്കുന്നതാണെന്നറിയുന്നു.

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# ഈശോയുടെ പിറവി

പ്രിയകുഞ്ഞുങ്ങളേ,

അടുത്ത ശനിയാഴ്ച ആഗസ്റ്റ് മാസത്തിലെ ആദ്യശനിയാഴ്ചയായതുകൊണ്ട് അന്നത്തെ ധ്യാനത്തിനുപകരിക്കത്തക്ക വിധത്തിൽ ജപമാലയിലെ സന്തോഷകരമായ രഹസ്യങ്ങളിൽ മൂന്നാമത്തേതിനെക്കുറിച്ച് ഇന്നു പറയാം.

"പരിശുദ്ധ ദൈവമാതാവേ, നിന്റെ കന്യാത്വത്തിന് അന്തരംവരാതെ ദൈവകുമാരനെ നീ പ്രസവിച്ചതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളിലു, അങ്ങു ജ്ഞാനവിധമായി പിറപ്പാൻ കൃപചെയ്തരുളേണമേ."

ദൈവവും മനുഷ്യനുമായ ഈശോമിശിഹായുടെ പിറവിയാണ് ഈ രഹസ്യത്തിലെ വിഷയം. മംഗലവാർത്ത കഴിഞ്ഞു് പത്താംമാസത്തിൽ, അതായതു് പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ പരി. കന്യകമറിയത്തിന്റെ ഉദരത്തിൽനിന്നും മാംസം എടുത്തു് മനുഷ്യനായിത്തീർന്നിട്ടു പത്താംമാസത്തിൽ ആ രാജ്യത്തിന്റെ ഭരണാധികാരിയായിരുന്ന അഗുസ്റ്റോസ് കേസർ ഒരു കല്പന പുറപ്പെടുവിച്ചു. അയാളുടെ അധികാരത്തിൽപെട്ട എല്ലാവരും സ്വന്തനഗരത്തിൽ ചെന്നു് തങ്ങളുടെ പേരെഴുതിക്കണമെന്നുള്ളതായിരുന്നു പ്രസ്തുത കല്പന. വി. യൗസേപ്പ് ദാവീദിന്റെ ഗോത്രത്തിലും വംശത്തിലു ഉള്ളവൻ ആയിരുന്നതുകൊണ്ട് ഗ്ലീലായിലെ പട്ടണമായ നസ്രസ്സിൽനിന്നു യൂദായിൽ ബേത്‌ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിന്റെ പട്ടണത്തിലേക്കു്, പേരെഴുതിക്കുന്നതിനായി പോയി. ഗർഭിണിയായിരുന്ന നമ്മുടെ പരിശുദ്ധ അമ്മയും തന്റെ ഭർത്താവായ വി. യൗസേപ്പിനെ അനുഗമിച്ചു.

പരി. കന്യാസ്ത്രീമറിയവും വി. യൗസേപ്പുപിതാവും ബേത്‌ലഹമിൽ ചെന്നുചേർന്നു കഴിഞ്ഞപ്പോൾ മാതാവിനു പ്രസവിക്കുവാനുള്ള ദിവസങ്ങൾ തികഞ്ഞു. അതുകൊണ്ടു് അതിനായി ഒരു സ്ഥലം വി. യൗസേപ്പ് അവിടെയെല്ലാം അന്വേഷിച്ചു. എന്നാൽ ആരും, അവിടെയുണ്ടായിരുന്ന അവരുടെ സംബന്ധികൾപോലും, അവരെ കയററിപ്പാർപ്പിച്ചില്ല. പട്ടണത്തിനുള്ളിലെങ്ങും സ്ഥലം ലഭിക്കാഞ്ഞതുകൊണ്ടു്, പട്ടണത്തിനുപുറത്തു് അവർ അന്വേഷിച്ചു. അവിടെയും യാതൊരു വീടും അവർക്കു ലഭിച്ചില്ല. ഒടുവിൽ ഒരു തൊഴുത്തു അവർ കണ്ടെത്തി. തൊഴുത്തിലുണ്ടായിരുന്ന പുൽത്തൊട്ടി ശിശുവിനെ കിടത്തുന്നതിനുവേണ്ടി വി. യൗസേപ്പു ഒരു വിധത്തിൽ ശരിപ്പെടുത്തി.

സമയം ഏകദേശം അർദ്ധരാത്രിയായി. പ്രകൃതി മുഴുവനും നിശ്ശബ്ദതയിൽ ലയിച്ചു. എന്തെങ്കിലും അവിടത്തെ നിശ്ശബ്ദതയെ ഭേദിക്കുവാനുണ്ടായിരുന്നെങ്കിൽ അതു തൊഴുത്തിന്റെ മറുഭാഗങ്ങളിൽ സ്ഥലംപിടിച്ചിരുന്ന കന്നുകാലികളുടെ നീണ്ട ശ്വാസോച്ഛ്വാസങ്ങൾ മാത്രമായിരുന്നു. നല്ല കുളിരു്. രണ്ടോ നാലോ കരിമ്പടങ്ങൾകൊണ്ടു പുതച്ചുകിടന്നാലും ശമിക്കാത്ത തണുപ്പു്. മനുഷ്യനെ രക്ഷിക്കുന്നതിനുവേണ്ടി ലോകത്തിൽ പ്രത്യക്ഷപ്പെടുവാൻ പോകുന്ന ദൈവസുതനെ സ്വീകരിക്കുവാൻ ഒരു കുഞ്ഞുപോലും അവിടെയെങ്ങുമില്ല. പ്രകൃതി തന്നെയും യാതൊരു സൗകര്യവും അതിന്റെ സ്രഷ്ടാവിന്റെ ആഗമനത്തിനു് നൽകുന്നില്ല. മഹാദാരിദ്ര്യവും, അസൗകര്യങ്ങളും, ക്ലേശങ്ങളും മാത്രമേ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും രാജാവുമായ അങ്ങയെ സ്വീകരിക്കുവാൻ സന്നദ്ധമായിനിലകൊള്ളുന്നുള്ളു.

പക്ഷേ, നിർദ്ധനരെങ്കിലും നിഷ്കളങ്കരും, മനുഷ്യദൃഷ്ടിയിൽ ഹീനരെങ്കിലും ദൈവദൃഷ്ടിയിൽ വലിയവരുമായ രണ്ടു വ്യക്തികൾ അടുത്തു നടക്കുവാൻ പോകുന്ന മഹാസംഭവത്തെ വളരെയധികം ആഗ്രഹത്തോടെ പ്രതീക്ഷിച്ചുകൊണ്ടു് പ്രാർത്ഥനയിൽ നിമഗ്നരായി മുട്ടിന്മേൽ നിലകൊള്ളുന്നുണ്ടു്. അന്നു് ആ നിലയിൽ അധികസമയം അവർക്കു നില്ക്കേണ്ടിവന്നില്ല. സമയം പാതിരാവായതോടുകൂടി സർവ്വശക്തനും ലോകരക്ഷകനുമായ ഈശോമിശിഹാ കേവലം നിസ്സഹായനായ ഒരു ശിശുവിന്റെ രൂപത്തിൽ ആ പുൽത്തൊട്ടിയിൽ പിറന്നു. മാതാവു് ദിവ്യശിശുവിനെ പിള്ളക്കച്ചകൾകൊണ്ടു് ചുററി പുൽത്തൊട്ടിയിൽ കിടത്തി. ഉണ്ണിയീശോ പിറന്നതോടെ ആ തൊഴുത്തു് പ്രകാശംകൊണ്ടു നിറഞ്ഞു. മാലാഖമാർ സ്വർഗ്ഗത്തിൽനിന്നും കൂട്ടംകൂട്ടമായി വന്നു് ഉണ്ണിയെ ആരാധിക്കുകയും സ്തോത്രഗീതങ്ങൾ പാടുകയും ചെയ്തു.

ഉണ്ണിയീശോ പിറന്ന തൊഴുത്തിൽനിന്നും അധികം ദൂരെയല്ലാതെ തങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ കാത്തിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. ദൈവത്തിന്റെ ദൂതൻ അവർക്കു കാണപ്പെട്ടു് ഇപ്രകാരം അവരോടു പറഞ്ഞു: "ഇതാ സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു മഹാസന്തോഷം നിങ്ങളെ ഞാൻ അറിയിക്കുന്നു. മിശിഹാകർത്താവായിരിക്കുന്ന രക്ഷിതാവു് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി പിറന്നിരിക്കുന്നു. നിങ്ങൾക്കു് ഇതു് അടയാളമായിരിക്കും. പിള്ളക്കച്ചകൾകൊണ്ടു ചുററി പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും." മാലാഖാ ഇതു്യും പറഞ്ഞുകഴിഞ്ഞപ്പോൾ പെട്ടെന്നു സ്വർഗ്ഗീയസൈന്യങ്ങൾ അവിടെ പ്രത്യക്ഷപ്പെട്ടു് ദൈവത്തെ സ്തുതിച്ചു ഇപ്രകാരം പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." ദൈവദൂതന്മാർ സ്വർഗ്ഗത്തിലേക്കു മടങ്ങിക്കഴിഞ്ഞപ്പോൾ ഇടയന്മാർ തമ്മിൽ തമ്മിൽ പറഞ്ഞു: "നമുക്കു ബേത്‌ലഹംവരെ പോകണം, കർത്താവു നമ്മെ അറിയിച്ചതുപോലെ നടന്ന സംഭവം നമുക്കു കാണണം." അവർ വേഗം പുറപ്പെട്ടുചെന്നു മറിയത്തേയു യൗസേപ്പിനേയും പുൽത്തൊട്ടിയിൽ കിടത്തിയിരുന്ന ശിശുവിനേയും കാണുകയും ശിശുവിനെ ആരാധിക്കയും ചെയ്തു.

പ്രിയ കുഞ്ഞുങ്ങളേ, മിശിഹായുടെ പിറവിയെക്കുറിച്ചു് ധ്യാനിക്കുമ്പോൾ അങ്ങയിൽ പ്രശോഭിച്ചിരുന്ന പല സൽഗുണങ്ങളും നമ്മുടെ ബോധത്തിൽ വരും. അങ്ങയുടെ അനുസരണം, എളിമ, ദാരിദ്ര്യം, സഹനം മുതലായവ ക്ഷണത്തിൽ നമ്മുടെ ഓർമ്മയിൽ വരുന്നവയാണു്. ഇവയെല്ലാം അനുകരിക്കുന്നതിനു നാം പരിശ്രമിക്കയും, നമുക്കു ഇവ നല്കുന്നതിനു നാം പ്രാർത്ഥിക്കുകയും ചെയ്യണം. എന്നാൽ ജപമാലയുടെ ഈ രഹസ്യത്തിന്റെ ഒടുവിൽ പറഞ്ഞിരിക്കുന്ന നന്മ പ്രാപിക്കുന്നതിനു നാം പ്രത്യേകം പ്രാർത്ഥിക്കണം—അതായതു് ഈശോ നമ്മുടെ ഹൃദയത്തിൽ വന്നു പിറക്കുന്നതിനു്. ഈശോ മനുഷ്യർക്കു് നന്മചെയ്യുന്നതിനായി വന്നെങ്കിലും അവരിൽ ആരും അദ്ദേഹത്തെ സ്വീകരിക്കുന്നതിനുണ്ടായിരുന്നില്ല. ഇതു നമ്മുടെ കർത്താവിനു വളരെ അധികം സങ്കടം ഉളവാക്കിയിട്ടുണ്ടാകണം. ഈ സങ്കടം പരിഹരിക്കുന്നതിനു അങ്ങയെ നമ്മുടെ വീട്ടിൽമാത്രമല്ല, നമ്മുടെ ഹൃദയത്തിലും നാം സ്വീകരിക്കുകയും, യാതൊരു വിധത്തിലും അവിടുന്നു നമ്മുടെ ഹൃദയത്തിൽനിന്നു് പിരിഞ്ഞുപോകുന്നതിനു ഇടവരുത്താതിരിക്കുകയും ചെയ്യണം.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

താഴെപറയുന്ന രാജ്യങ്ങളുടെ തലസ്ഥാനനഗരികൾ ഏവ?

1) നോർവെ 2) പനാമ 3) പെറു 4) ഫിലിപ്പൈൻസ് 5) പോളന്റ് 6) പോർത്തുഗൽ 7) റുമേനിയ.

ഉത്തരം

1) ഓസ്‌ലോ 2) പനാമ 3) ലിമ 4) മനില 5) വാർസോ 6) ലിസ്‌ബൺ 7) ബുക്കാറെസ്റ്റ്.

"മാതൃകായുവാവു" അഥവാ

## ഫ്റഡറിക്കഒസ്സാനാം

എന്ന പേരിൽ 1922-ൽ ഞാനൊരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിന്റെ ഒരു പുതിയ പതിപ്പ് പരിഷ്കരിച്ചു് ഇറക്കണമെന്നു ആഗ്രഹിക്കുന്നതിനാൽ, അതിന്റെ പ്രതികൾ കൈവശമുള്ളവൻ, ഒരെണ്ണം സദയം എനിക്കു അയച്ചുതരാനപേക്ഷ. എന്റെ പക്കൽ ഒന്നുമില്ല.

എന്നു ഫാദർ സി. കെ. മററം
കാവിലങ്ങാട്ടു്.

## ഇടവകവാർത്തകൾ

മേലൂർ: വിൻസെൻറ് ഡി പോൾ പുണ്യവാന്റെ തിരുനാൾ പ്രമാണിച്ച് ആയിരത്തോളം സാധുക്കൾക്കു ഭക്ഷണം നല്കിയിരിക്കുന്നു.

—പുത്തൻപീടിക: വിൻസെൻറ് ഡി പോൾ പുണ്യവാന്റെ തിരുനാൾ പ്രമാണിച്ച് ജൂലൈ 23-ാംനു മൂവായിരത്തിൽപ്പരം സാധുക്കൾക്കു ഭക്ഷണം നല്കുകയും റവ. ഫാ. ആന്റണി തെക്കിനിയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയും ചെയ്തിരിക്കുന്നു.

—പള്ളിപ്പുറം ഫൊറോനായിലെ വിൻസെൻറ് ഡി പോൾ സഖ്യം പട്ടിക്കുലർകൗൺസിലിന്റെയും സ്ഥലം സഖ്യശാഖയുടെയും സംയുക്ത വാർഷികസമ്മേളനം ജൂലൈ 23-ാംനു റവ. ഫാ. ജോസഫ് അന്നാശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. ആന്റണി പുതുശേരി, വിദ്വാൻ സി. എം. സെബാസ്റ്റ്യൻ എന്നിവർ മാതൃകാ പ്രസംഗം ചെയ്യുകയുണ്ടായി.

—കളിക്കാട്ട് ലിററിൽഫ്ളവർ റീഡിംഗ് ക്ലബിന്റെ പ്രഥമവാർഷികസമ്മേളനം റവ. ഫാ. വർഗീസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി പി. ജെ സെബാസ്റ്റ്യൻ എം. എ ആയിരുന്നു പ്രാസംഗികൻ.

—കണ്ടശാംകടവ്: വി. വിൻസെൻറ് ഡി പോളിന്റെ തിരുനാൾ പ്രമാണിച്ചു മൂവായിരത്തിൽപ്പരം സാധുക്കൾക്കു് ഭക്ഷണം നല്കിയിരിക്കുന്നു.

—നീണ്ടൂർ: റവ. ഫാ. മാത്യു പ്രാലേൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് സെൻറ്മൈക്കിൾസ് കോൺഫറൻസ് എന്ന പേരിൽ വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ ശ്രീ മാത്യു പോൾ, ശ്രീ കെ. സി. ചാക്കോ ബി എ എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—കോടിക്കുളം പള്ളിവികാരി റവ. ഫാ. ജേക്കബ് തേവർപാടം അവർകളുടെ നാമകരണത്തിരുനാളും സെൻറ് മേരീസ് സ്കൂൾ രക്ഷാകർതൃദിനവും ജൂലൈ 24-ാംനു ആഘോഷിച്ചിരിക്കുന്നു.

—തൊടുപുഴ: തെനംകുന്നു പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ വാർഷികം ബ്രദർ പീററർ റെസ്സി എം എ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. തദവസരത്തിൽ സഖ്യാംഗങ്ങളുടെ പ്രബന്ധപാരായണത്തിനു പുറമെ ശ്രീ മാത്യു സെബാസ്റ്റ്യൻ കുരുവിനാകുന്നേൽ ബി എ അവർകളുടെ പ്രസംഗവുമുണ്ടായിരുന്നു.

—ഭരണങ്ങാനം കേന്ദ്രമാക്കി പ്രവർത്തനം നടത്തിവരുന്ന ചെറുപുഷ്പമിഷൻ സംഘത്തിന്റെ ഒരു ശാഖ ജൂലൈ 30-ാംനു റവ. ഫാ. ജോസഫ് മണ്ണിപ്പറമ്പിൽ ഇടവകയിൽ ഉൽഘാടനം ചെയ്തിരിക്കുന്നു.

—പാലാ ഫൊറോനായിൽപ്പെട്ട കത്തോലിക്കാ കോൺഗ്രസ് ശാഖാസംഘം പ്രതിനിധികളുടെ ഒരു സമ്മേളനം ജൂലൈ 30-ാംനു കോൺഗ്രസ് പ്രസിഡണ്ടു് ഇ. പി. വറുഗീസ് എം എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശാഖാസംഘങ്ങൾ സുശക്തമാക്കുന്നതിനാവശ്യമായ പരിപാടികളെ വിശദീകരിച്ച് ശ്രീ സി. കെ. തോമസ് ഒരു പ്രസംഗം ചെയ്തു. ഉടനെ പാലാ ഫൊറോനായൂണിയൻ ഉൽഘാടനം ചെയ്തിരിക്കുന്നതായി പ്രസിഡണ്ടു പ്രസ്താവിച്ചു.

## തൂത്തുക്കുടി സഹായമെത്രാൻ

തൂത്തുക്കുടി ബിഷപ്പു ഡോക്ടർ ഫ്രാൻസീസ് റോച്ച് എസ് ജെ ഡി ഡി തിരുമനസ്സിലെ സഹായിയും പിൻഗാമിയുമായി തൂത്തുക്കുടി ലിററിൽഫ്ളവർ സെമിനാരി റെക്ടർ മോൺസിഞ്ഞോർ തോമസ് ഫെർണാണ്ടസ് ഡി ഡി ഡി സി എൽ അവർകൾ നിയമിതനായിരിക്കുന്നു. ഇദ്ദേഹം തിരുനൽവേലി ജില്ലയിൽ ഇഴന്തകര എന്ന ഗ്രാമത്തിൽ 1913 മെയ് 9-ാംനു അന്തോണി മൈക്കൾ, സന്തയാഗോ മരിയമ്മാൾ എന്നി മാതാപിതാക്കന്മാരിൽനിന്നു ഭൂജാതനായി. തൃശിനാപ്പള്ളി സെൻറ് പോൾ സെമിനാരിയിലും റോമാ പ്രൊപ്പഗാന്താകോളെജിലും ഇദ്ദേഹം വൈദികവിദ്യാഭ്യാസം നടത്തി. പ്രൊപ്പഗാന്തയിൽനിന്നു ഡി ഡി ബിരുദവും സുപ്രസിദ്ധ അപ്പൊളിനാരിയുസ് കാനൻലോ ഇൻസ്റ്റിട്യൂട്ടിൽനിന്നു ഡി സി എൽ ബിരുദവും കരസ്ഥമാക്കി. 1939 മാർച്ച് 18-ാംനു അദ്ദേഹത്തിനു വൈദികപട്ടം ലഭിച്ചു. അനന്തരം രണ്ടുകൊല്ലം പ്രൊപ്പഗാന്താകോളെജിൽ പ്രീഫെക്ടായി ജോലിനോക്കി. കഴിഞ്ഞ മഹായുദ്ധകാലത്തു പേപ്പൽ വിസിറററായി ഇററലിയിലുള്ള ഇൻഡ്യൻ തടവുകാരുടെ തടങ്കൽ ക്യാമ്പിലേക്കു ഇദ്ദേഹത്തെ അയച്ചു. സ്വദേശത്തു തിരിച്ചുവന്നശേഷം ഇദ്ദേഹത്തെ വടക്കൻകുളം ഹൈസ്കൂളിലെ അദ്ധ്യാപകനായി നിയമിച്ചു. ഇതിനു ശേഷമാണു് ലിററിൽഫ്ളവർ സെമിനാരി റെക്ടറായി നിയമിക്കപ്പെട്ടതു്.

ഇദ്ദേഹത്തിനു 4 സഹോദരന്മാരും 2 സഹോദരികളുമുണ്ടു്. സഹോദരന്മാരിൽ ഫാ. റൊസാരിയോ ഈയാണ്ടിലാണു് വൈദികപട്ടംസ്വീകരിച്ചതു്. റവ. ചാർളസ് വൈദികസെമിനാരിയിൽ പഠനം നടത്തിവരുന്നു. സഹോദരിമാരിൽ സിസ്റ്റർ ഫോമസ് രൂപതയിലെ ഒരു മഠത്തിൽ നിവസിച്ചുവരുന്നു. അഭിനവമെത്രാനു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

പുതിയ മെത്രാന്റെ പട്ടാഭിഷേകം ഒക്ടോബർ 1-ാംനു തൂത്തുക്കുടിയിലെ സേക്രഡ് ഹാർട്ട് കത്തിഡ്രലിൽവച്ചു നടക്കുന്നതാണു്.

## ക്രൂദാശകൾ നല്കരുതു്

കമ്മ്യൂണിസ്റ്റ് സംഘടനാപ്രവർത്തനങ്ങളിൽ സംബന്ധിക്കുന്ന യുവജനങ്ങൾക്കും ഏതുകാര്യത്തിൽ അവർക്കനുമതി നല്കുന്ന മാതാപിതാക്കന്മാർക്കും ഭൗതിക കമ്മ്യൂണിസ്റ്റ് തത്വങ്ങളെ അവർക്കുപദേശിച്ചുകൊടുക്കുന്ന അദ്ധ്യാപകന്മാർക്കും ക്രൂദാശകൾ നിരോധിച്ചുകൊണ്ടു് വരാപ്പുഴ തിരുസ്സംഘം ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

## സൗജന്യവിതരണ ഫണ്ടു്

മി. ഇട്ടീര ജോസഫ് M. A.
ലെക്ചറർ, യൂണിവേഴ്സിററി
കോളെജ്, തിരുവനന്തപുരം ക. 15

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM. AUGUST 2, 1950 || No. 47


# കമ്മ്യൂണിസത്തെ തടയാൻ പ്രചരണം ആവശ്യം

ഒരു കത്തോലിക്കായുവാവിന്റെ ഒരു കത്തു കിട്ടുകയുണ്ടായി. കാൽത്താൾ കടലാസ്സ് ഇരുവശവും നിറച്ചു കമ്മ്യൂണിസത്തേയും സോഷ്യലിസത്തേയും മററും കുറിച്ചുള്ള ചോദ്യങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നതു്. അവയെല്ലാം ശരിയായ മറുപടി എഴുത്തുമുഖേനയോ പത്രപംക്തിവഴിയായോ അയച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടിരിക്കയാണ്. ഈ ചോദ്യങ്ങളയച്ചതിൽ അദ്ദേഹത്തിന്റെ നേരെ ഞങ്ങൾക്കു ബഹുമാനമാണുള്ളതു്. കാര്യങ്ങളുടെ യാഥാർത്ഥ്യം അറിയുവാനുള്ള ആഗ്രഹം അഭിനന്ദനീയമാണല്ലോ. എങ്കിലും ആ കത്തും അതിലടങ്ങിയിരിക്കുന്ന ചോദ്യങ്ങളും വായിച്ചപ്പോൾ അത്യന്തം സന്താപകരമായ ഒരു ചിന്താപരമ്പര ഞങ്ങളുടെ മനസ്സിൽക്കൂടി കടന്നുപോയി. അവയ്ക്കു പ്രകാശനം നൽകുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

### ലഘുലേഖകളുടെ ആവശ്യം

പ്രസ്തുതകത്തിൽ അടങ്ങിയിട്ടുള്ള ചോദ്യങ്ങൾ എല്ലാംതന്നെ ഇതിനുമുമ്പു പലരായി ഞങ്ങളോടു ചോദിച്ചിട്ടുള്ളതും, അവയ്ക്കു സുദീർഘമായ വിശദീകരണത്തോടുകൂടി ഞങ്ങൾ അപ്പഴപ്പോൾ മറുപടി നൽകിയിട്ടുള്ളതുമാണ്. എന്നാൽ ആ മറുപടികളെല്ലാം സത്യദീപപംക്തികളിൽ നിർജ്ജീവമായി കിടക്കുന്നതേയുള്ളു. അവ അടങ്ങിയ ലക്കങ്ങൾ അന്നന്നു വായിച്ചവരുടെ മനസ്സിൽ ആ മറുപടികളുടെ വല്ല ഭാഗവും ഇന്നും തങ്ങിയിരിക്കുന്നുണ്ടായിരിക്കാം. സത്യദീപം പുതുതായി വായിക്കാൻ തുടങ്ങുന്നവരുടെ ഇത്തരമുള്ള സംശയങ്ങൾക്കു നിവാരണം വരുത്തുവാൻ പഴയ ലക്കങ്ങളിലെ ഉള്ളടക്കം പര്യാപ്തമാണെങ്കിലും, അവ അവർക്ക് അജ്ഞാതങ്ങളും അപ്രാപ്യങ്ങളുമായിട്ടാണിരിക്കുന്നതു്. ഈ കേരളത്തിൽ കത്തോലിക്കരുടെ ഇടയിൽ തന്നെയും സത്യദീപവായനക്കാർ താരതമ്യേന എത്രയോ ചുരുക്കം. ബാക്കിയുള്ള കത്തോലിക്കർക്കും കത്തോലിക്കരല്ലാത്ത അനേകായിരങ്ങൾക്കും പഴയ ലക്കങ്ങളിലെ മറുപടികൾ കൂടുതൽ അജ്ഞാതങ്ങളും അപ്രാപ്യങ്ങളും തന്നെയാണ്. പുതിയ വായനക്കാരുടെ അത്തരം സംശയങ്ങൾക്കു നിവാരണം വരുത്തുവാൻ വേണ്ടി പഴയ മറുപടികൾതന്നെ ആവർത്തിച്ചാവർത്തിച്ചു പുതിയ ലക്കങ്ങളിൽ പരസ്യപ്പെടുത്തുക പ്രായോഗികവുമല്ല. ഈ വൈഷമ്യങ്ങളെയെല്ലാം തരണം ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം സത്യദീപത്തിലെ പ്രസ്തുതമറുപടികളടങ്ങിയ ലേഖനങ്ങൾ ലഘുലേഖകളായി പുനഃപ്രസിദ്ധീകരണം ചെയ്യുകയാണ്. സത്യദീപത്തിൽ മാത്രമല്ല, ഇന്നാട്ടിലെ കത്തോലിക്കരുടെവക എല്ലാത്തരം പ്രസിദ്ധീകരണങ്ങളിലും സാമുദായികവിഷയങ്ങളെ പുരസ്കരിച്ചുള്ള എത്രയെത്ര ലേഖനങ്ങൾ പുറപ്പെട്ടുകൊണ്ടിരിക്കുന്നു! ഇവയെല്ലാം ലഘുലേഖകളായി അപ്പഴപ്പോൾ പ്രസിദ്ധീകരിക്കുകയും, ലക്ഷക്കണക്കിനു കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ കമ്മ്യൂണിസത്തേയും സോഷ്യലിസത്തേയും മററും സംബന്ധിച്ചുള്ള തെററായ ധാരണകൾ ജനമദ്ധ്യത്തിൽനിന്നു നീക്കം ചെയ്യുവാൻ അതു തികച്ചും പര്യാപ്തമായിരുന്നേനെ. നമ്മുടെ രാജ്യത്തേയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത അബദ്ധസിദ്ധാന്തങ്ങളെ തടുക്കുവാനും അടിപ്പെടുത്തുവാനുമുള്ള ശരിയായ മാർഗ്ഗം ഇതല്ലാതെ മറെറന്താണ്? കമ്മ്യൂണിസവും മററും അഭ്യസ്തവിദ്യരുടെ ആദരത്തിനും സ്വീകരണത്തിനും പാത്രമാകുന്നതു് അവയുടെ താത്വികമായ വശം അവരുടെ മനസ്സിൽ കടന്നുകൂടുന്നതിന്റെ ഫലമായിട്ടാണ്. ആ വശം ഏററവും ആകർഷകമായ ഭാഷയിലും യുക്തിപൂർവ്വകമെന്നു പ്രത്യക്ഷത്തിൽ തോന്നിക്കത്തക്ക കുയുക്തികളോടുകൂടിയും പ്രകാശിപ്പിക്കുകയും, ആ വക പ്രസിദ്ധീകരണങ്ങളെ നിർല്ലോഭം അടിച്ചിറക്കി സൗജന്യമായോ ഏററവും കുറഞ്ഞ വിലയ്ക്കോ കമ്മ്യൂണിസ്റ്റുകാരും മററും പ്രചരിപ്പിക്കുകയും ചെയ്യുന്നു. സാമാന്യക്കാരുടെയിടയിൽ കമ്മ്യൂണിസത്തിനും മററും പ്രവേശനം ലഭിക്കുന്നതു് അവരുടെ ഉദരത്തിൽക്കൂടിയാണെന്നു സമ്മതിക്കാം. വിശപ്പും ദാഹവുംമൂലം കുഴയുന്നവരുടെ സഹായകന്മാരായി ചെല്ലുകയും ആ ദുരവസ്ഥ നീക്കുവാൻ താല്ക്കാലികമായി ചിലതൊക്കെ നടത്തിക്കൊടുക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാരെയും മററും സാധാരണക്കാർ തങ്ങളുടെ രക്ഷകന്മാരായി കരുതി അവരുടെ പിടിയിൽ അമർന്നുപോകുന്നതിൽ ആശ്ചര്യമില്ലല്ലോ. എന്നാൽ ഈ സാഹചര്യങ്ങളിൽത്തന്നെയും കമ്മ്യൂണിസ്റ്റുകാരും മററും പ്രധാനമായി ചെയ്യുന്നതു് ആ സിദ്ധാന്തങ്ങളുടെ പ്രയോഗംവഴിയായി പാവങ്ങൾക്കു കൈവരാൻ സാദ്ധ്യമായ സൗഭാഗ്യാവസ്ഥയെ ഏററവും സാമർത്ഥ്യത്തോടുകൂടി ചിത്രീകരിച്ചു കാണിക്കുകയും തൽസംബന്ധമായ വാഗ്ദാനങ്ങളാൽ പാവങ്ങളെ ഉത്സാഹഭരിതരാക്കുകയും ചെയ്യുകയാണ്. മററുവാക്കുകളിൽപ്പറഞ്ഞാൽ സാധാരണക്കാരുടെയിടയിലും കമ്മ്യൂണിസത്തിനും മററും സ്ഥിരമായ പ്രവേശനവും പ്രതിഷ്ഠയും ലഭിക്കുന്നതു് അവരുടെ മനസ്സിൽക്കൂടിത്തന്നെയാണ്. ഇതുകൊണ്ടാണ് കമ്മ്യൂണിസവും മററും പ്രസിദ്ധീകരണങ്ങൾവഴിയായുള്ള പ്രചരണത്തെ സർവ്വപ്രധാനമായ ആയുധമായുപയോഗിക്കുന്നതു്. ഇന്നാട്ടിൽ അവർ ചെയ്യുന്ന ഇത്തരം പ്രചരണം ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

### ചൈനായിലെ കമ്മ്യൂണിസ്റ്റ് പ്രചരണം

നമ്മുടെ അയൽരാജ്യമായ, ഇൻഡ്യയെക്കാൾ അധികം ജനസംഖ്യയുള്ള, ചൈനാമഹാരാജ്യം മുഴുവനും കമ്മ്യൂണിസത്തിനു് അടിപെട്ടു കഴിഞ്ഞല്ലോ. യുദ്ധംമൂലം കമ്മ്യൂണിസ്റ്റുകാർ വിജയിച്ചെന്നാണ് സാമാന്യമായ ധാരണ. എന്നാൽ യുദ്ധത്തിൽ അവർ വിജയിക്കുവാനുണ്ടായ കാരണം ആ രാജ്യത്തിലെ ജനസഞ്ചയത്തിന്റെ ഇടയിൽ അനേകവർഷംമുമ്പുമുതൽക്കു കമ്മ്യൂണിസ്റ്റുകാർ നടത്തിക്കൊണ്ടിരുന്ന പ്രചരണമാകുന്നു. സാമാന്യജനങ്ങളെ കമ്മ്യൂണിസം സ്വീകരിക്കുവാൻ അവർ തയ്യാറാക്കിയതു് ഉദരംവഴിയായുള്ള പ്രവേശനത്താലല്ല, പ്രത്യുത മനസ്സിൽക്കൂടിയുള്ള പ്രവേശനത്താലാണ്. കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തിനു മുൻപും, ആക്രമണത്തിനിടയിലും, ആക്രമണത്തിനു ശേഷവും ചൈനായിലെ സാമാന്യജനങ്ങൾ വിശപ്പും ദാഹവുംമൂലം വലയുകതന്നെയായിരുന്നു. ആ ദുസ്ഥിതി കമ്മ്യൂണിസംവന്നാൽ പാടേ നീങ്ങുമെന്നുള്ള ബോദ്ധ്യം ജനസഞ്ചയത്തിന്റെ മനസ്സിൽ നേരത്തെമുതൽ കുത്തിച്ചെലുത്തുവാനായിരുന്നു കമ്മ്യൂണിസ്റ്റുകാരുടെ ശ്രമം. സോവ്യററുഷ്യയിലെ വിപ്ലവകാരികളായ ഗ്രന്ഥകാരന്മാരുടെ പ്രധാന കൃതികൾ, പ്രത്യേകിച്ചും നോവലുകൾ, ചൈനീസ് ഭാഷകളിലേക്കു പരിഭാഷപ്പെടുത്തുന്ന ജോലി കഴിഞ്ഞ 20-ൽപ്പരം വർഷങ്ങളായി അവിശ്വസനീയമായ വിജയത്തോടുകൂടിയാണ് നടത്തപ്പെട്ടതു്. ഏററവും വിഷമമേറിയ ആ ഭാഷയിലേക്കു തർജ്ജിമചെയ്യപ്പെട്ടിട്ടുള്ള സോവ്യററു ഗ്രന്ഥങ്ങളുടെ സംഖ്യയും വൈവിദ്ധ്യവും മറെറാരു വിദേശഭാഷയിലെക്കാൾ വളരെക്കൂടുതലാണ്. ഈ പരിഭാഷകളുടെ പ്രവാഹം പ്രധാനമായും 1927-ൽ ആരംഭിച്ചു. അടുത്ത രണ്ടുകൊല്ലങ്ങൾക്കുള്ളിൽത്തന്നെ റഷ്യൻ ഗ്രന്ഥകാരന്മാരുടെ 100-ലധികം സാഹിത്യകൃതികൾ ചൈനീസ് പബ്ലിക്കിന്റെ വായനയ്ക്കായി പ്രദാനംചെയ്യപ്പെട്ടു. അവയിൽ ചില കൃതികൾക്കു വിവിധങ്ങളായ 3-ൽ കുറയാതെ പരിഭാഷകളുണ്ട്. ടോൾസ്റ്റോയി, മാക്സിംഗ് ഗോർക്കി മുതലായ ഏററവും പ്രസിദ്ധന്മാരുടേയും അവരോളംതന്നെ പ്രധാനരല്ലാത്ത മററനേകം റസ്സൻ ഗ്രന്ഥകാരന്മാരുടേയും നാമങ്ങൾ ഷാംഗ്ഹായിലേയും മററു പട്ടണങ്ങളിലേയും എല്ലാ തെരുവുകളിലുമുള്ള ബുക്സ്റ്റാളുകളിൽ കാണാവുന്നതാണ്. മാർക്സ്യൻ തത്വശാസ്ത്രപരമായ കൃതികളുടെ പരിഭാഷകൾ വളരെ വിപുലമായി പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നു. മാർക്സിന്റേയും സ്റ്റാലിന്റേയും ലെനിന്റേയും ഛായാപടങ്ങൾ ഗൃഹങ്ങളിലും സമ്മേളനഹാളുകളിലും പ്രധാനസ്ഥാനം വഹിക്കുന്നു. ചുററികയും അരിവാളും ദേശീയ ചിഹ്നങ്ങളായി സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. ഷാംഗ്ഹായിലെ ഒരു ലൈബ്രറി സന്ദർശിച്ച ഒരു വൈദികൻ പ്രസ്താവിച്ചു, അവിടെ വില്പനയ്ക്കു വച്ചിരുന്ന പുസ്തകങ്ങളിൽ പകുതിയെങ്കിലും സോവ്യററു തത്വശാസ്ത്രജ്ഞന്മാർ രചിച്ച ഗ്രന്ഥങ്ങളുടെ പരിഭാഷകളാണെന്നു്.

ജപ്പാനിലെ കമ്മ്യൂണിസ്റ്റുകാരും, അമേരിക്കൻ നിയന്ത്രണത്തിലുള്ള അവിടത്തെ ഗവമെൻറു് വിധ്വംസകങ്ങളായ പ്രവർത്തനങ്ങളെ നിരോധിച്ചതുകൊണ്ടു്, പ്രസിദ്ധീകരണം വഴിയായുള്ള പ്രചരണത്തിലാണ് പ്രധാനമായി ശ്രദ്ധപതിച്ചതു്. യുദ്ധാനന്തരം അമേരിക്കൻ അധികാരികളുടെ സ്വാതന്ത്ര്യപരമായ നയത്തിന്റെ തണലിൽ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിച്ച അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ പഴയ ഔദ്യോഗികപത്രം ഏതാനും വാരങ്ങൾക്കുള്ളിൽ വീണ്ടും പ്രസിദ്ധപ്പെടുത്തി. മുമ്മൂന്നുദിവസം മൂന്നു ലക്ഷം പ്രതികൾ വീതം പുറത്തിറക്കി. കുറെദിവസം കഴിഞ്ഞു് അതൊരു പ്രതിദിനമാക്കി. അടുത്തടുത്തു മററു പ്രസിദ്ധീകരണങ്ങളും പ്രത്യക്ഷപ്പെട്ടു. യുവാക്കന്മാർക്കും യുവതികൾക്കും കുട്ടികൾക്കും വെവ്വേറെ പ്രസിദ്ധീകരണങ്ങൾ കൊടുത്തുകൊണ്ടിരുന്നു. പത്രമാസികകൾ വഴിയായി മാത്രമല്ല, റേഡിയോവഴിക്കും അവർ പ്രചരണം നടത്തി. 1946-ൽ അതായതു കഷ്ടിച്ചു ഒരു കൊല്ലത്തിനിടയ്ക്കു്, ജപ്പാനിലെ വിജ്ഞാനവിതരണഘടകങ്ങളെല്ലാം കമ്മ്യൂണിസ്റ്റ്മയമായി. സ്ഥിതിഗതികൾ ആപൽക്കരമാകുമെന്നു കണ്ടപ്പോൾ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാർക്കുണ്ടായിരുന്ന സ്വാധീനതയെ ഗവമെൻറു നിയന്ത്രിക്കേണ്ടിവന്നു.

### ഇന്നാട്ടിലെ കത്തോലിക്കരുടെ കർത്തവ്യം

കമ്മ്യൂണിസ്റ്റുകാരും മററും പ്രധാനമായി പ്രസിദ്ധീകരണങ്ങൾവഴി നടത്തുന്ന പ്രചരണത്തെ ആ വഴിക്കുതന്നെയാണ് ഇവിടെയും നേരിടേണ്ടതു്. അതിൽ ഗവമെൻറിനെയോ മററു സംഘടനകളെയോ ആശ്രയിച്ചുകൊണ്ടിരിക്കുന്നതു നമുക്കു വിപൽക്കരമാണ്. കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളെ നേരിടുന്നതിൽ മററു സകല ജാതിമതസ്ഥർക്കും ഉള്ളതിനെക്കാൾ ആവശ്യവും കർത്തവ്യവും കത്തോലിക്കരായ നമുക്കാണുള്ളതു്. കാരണം, അവ വഴിയായി നമുക്കു നഷ്ടപ്പെടാനിരിക്കുന്നതു ലൗകികമായ സകലതിനേയുംകാൾ നാം വിലമതിക്കുന്ന നമ്മുടെ വിശ്വാസവും അതിനു താങ്ങായിരിക്കുന്ന സകല ഘടകങ്ങളുമാണ്. ബാൾട്ടിക് രാജ്യങ്ങളിലും, തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് ഭരണം ഏർപ്പെടുത്തിയതിന്റെ ദുഷ്ഫലം ഏററവുമധികം അനുഭവിക്കുന്നതു കത്തോലിക്കരാണെന്നു പരസ്യമല്ലയോ? മെത്രാന്മാരും വൈദികരും സന്യാസിനിസന്യാസികളും വധിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തിരിക്കുന്നു. ദേവാലയങ്ങളും വിദ്യാലയങ്ങളും കണ്ടുകെട്ടി ലൗകികങ്ങളായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു. കത്തോലിക്കാ മതാനുസാരികളെന്ന ഏക കാരണത്താൽ അൽമേനികൾ മർദ്ദിക്കപ്പെടുന്നു. ചുരുക്കത്തിൽ കത്തോലിക്കാസഭ ശൂന്യമാക്കപ്പെടുവാനുള്ള സകല ശ്രമങ്ങളും പ്രത്യക്ഷമായും പരോക്ഷമായും അവിടങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസവും മററും വന്നാൽ നമ്മുടേയും അനുഭവം ഇതുതന്നെയായിരിക്കുമെന്നു യാതൊരു സംശയവുമില്ല. പോളണ്ടിനോളവും ഹങ്കറിയോളവും കത്തോലിക്കമല്ലല്ലോ ഈ രാജ്യം. എന്നിട്ടും അവിടങ്ങളിലെ സ്ഥിതിയെന്താണ്? റോമയിലെ കാത്തോലിക് ആക്ഷൻ കേന്ദ്രത്തിൽനിന്നു പുറപ്പെടുവിച്ചിരിക്കുന്ന ഒരു വിവരണത്തിൽ പറഞ്ഞിരിക്കുന്നു, ഹങ്കറിയിൽ "കത്തോലിക്കാസഭ ഇല്ലാതായിരിക്കുന്നു" എന്നു്.

നമ്മുടെ പത്രമാസികകൾ കമ്മ്യൂണിസത്തേയും മററും നേരിടുവാൻ ധാരാളം പ്രസിദ്ധീകരണം നടത്തുന്നുണ്ട്. എന്നാൽ മുകളിൽ പറഞ്ഞതുപോലെ അതെല്ലാം അവയുടെ പംക്തികളിൽത്തന്നെ നിർജ്ജീവമായി കിടക്കുകയാണ്. അവയെ വീണ്ടും വെളിച്ചത്തുകൊണ്ടുവരികയും നാടാകെ അവയ്ക്കു പ്രചാരം നൽകുകയുമാണാവശ്യം. ഈ വിഷയത്തിൽ പത്രമാസികകളുടെ പ്രവർത്തകന്മാരെ മാത്രം ആശ്രയിച്ചാൽപോരാ. അവ നടത്തുന്നതുതന്നെ അവർക്കു ഭാരമായിരിക്കുമ്പോൾ അവയിലെ കാലോചിതങ്ങളായ ലേഖനങ്ങൾ ലഘുലേഖകളാക്കി പ്രചരിപ്പിക്കുവാൻ അവർക്കു സാദ്ധ്യമല്ല. വല്ല വ്യക്തികളോ, യുവജനസംഘടനകളോ വല്ലപ്പോഴും അതിനു ശ്രമിച്ചതുകൊണ്ടു മതിയാവുകയുമില്ല. കത്തോലിക്കാസമുദായത്തിന്റെ പൊതുവായ നേതൃത്വത്തിൽ അത്യാവശ്യകമായ ഈ ഉദ്യമം ഏറെറടുത്തെങ്കിലേ ഫലമുണ്ടാകൂ. അതിനുവേണ്ട പണം ശേഖരിക്കുവാൻ, ആളും ഉത്സാഹവുമുണ്ടെങ്കിൽ, അത്ര വളരെ പ്രയാസവുമുണ്ടാകയില്ല. ഉദാരബുദ്ധികളായ എത്രയോ കത്തോലിക്കാധനാഢ്യന്മാർ ദൈവകാര്യത്തിനായി വല്ലതും ചെയ്യണമെന്നുള്ള ആഗ്രഹത്താൽ, യഥാർത്ഥത്തിൽ ഇപ്പോൾ അത്ര വളരെ ആവശ്യമില്ലാത്തതും ആഡംബരത്തിനുമാത്രം ഉപയോഗപ്പെടുന്നതുമായ, കാര്യങ്ങൾക്കായി പണം വാരിച്ചെലവിടുന്നു! അങ്ങനെയുള്ളവരെ വേണ്ടവിധം സമീപിക്കുകയും സംഗതികൾ ശരിയായി ധരിപ്പിക്കുകയും ചെയ്താൽ അവരുടെ ഔദാര്യം ആവശ്യകമായ ഈ സംഗതിയിലേക്കു തിരിയാതിരിക്കുകയില്ല. എങ്ങനെയെങ്കിലും ധാരാളം പണം ശേഖരിച്ചു ലഘുലേഖകൾ ലക്ഷക്കണക്കിനടിച്ചു കത്തോലിക്കരും അകത്തോലിക്കരുമായ തൊഴിലാളികളുടേയും മററു പാവങ്ങളുടേയുമിടയിൽ സൗജന്യമായി നിയമേന വിതരണംചെയ്തുകൊണ്ടിരിക്കണം. കണ്ണുള്ളവർ കാണട്ടെ, ചെവിയുള്ളവർ കേൾക്കട്ടെ.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

6 ഞാ: പന്തക്കുസ്താ 10-ാം ഞായർ സ്റ്റീഫൻ
7 തി: കയെത്താൻ
8 ചൊ: പീററർ ഫാവർ
9 ബു: ജോൺ മരിയ വിയാന്നി
10 വ്യാ: ലോറൻസ്
11 വെ: ഫിലോമിന
12 ശ: ക്ലാര

# കേരളവും മരിയൻകോൺഗ്രസ്സും

(ഫാദർ തോമസ് കൊച്ചുമുങ്കാനാൽ)

മരിയാഭക്തിക്കു പ്രസിദ്ധി സമ്പാദിച്ചുവരാണെങ്കിലും കേരളകത്തോലിക്കരായ നമ്മൾ ആദ്യമായിട്ടാണല്ലോ ഒരു മരിയൻകോൺഗ്രസ്സ് നടത്തുവാൻ പോകുന്നതു്. ആകയാൽ, ഈ കാര്യം പൊതുജനശ്രദ്ധയിൽപ്പെടേണ്ടിയിരിക്കുന്നു. ഇദംപ്രഥമമായി 1895-ൽ ഒരു മരിയൻകോൺഗ്രസ്സ് നടത്തിയെന്നുള്ള അഭിമാനം ഇററലിയിലെ ലയോൺ നഗരവാസികളാണു് അർഹിക്കുന്നതു്. പ്രസ്തുത കോൺഗ്രസ്സ് പ്രാദേശികവുമായിരുന്നു. ഒന്നാമത്തെ സാർവ്വദേശീയ കോൺഗ്രസ്സാം എന്നാൽ സ്വിററ്സർലണ്ടിലാണു് നടന്നിട്ടുള്ളതു്. നമ്മുടെ ഇൻഡ്യയിലും ഒരു സമസ്തഭാരതകോൺഗ്രസ്സ് നടക്കാതിരുന്നില്ല. 1921-ൽ മദ്രാസിൽവച്ചു നടന്ന അതു് വളരെ വിജയകരവുമായിരുന്നത്രേ.

ദിവ്യകാരുണ്യകോൺഗ്രസ്സ് കഴിഞ്ഞാൽ കത്തോലിക്കർ ഏററം പ്രാധാന്യം കല്പിക്കേണ്ടതു് മരിയൻകോൺഗ്രസ്സിനാണെന്നു് മരിയയുഗമെന്നു പ്രസിദ്ധമായിത്തീർന്നിട്ടുള്ള ഈ കാലവേളയിൽ ആരെയെങ്കിലും യുക്തിവാദം ചെയ്തു സമ്മതിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഫാത്തിമാമാതൃസ്വരൂപം നമ്മുടെ നാട്ടിൽക്കൂടി സംവഹിക്കപ്പെട്ടതു് ഈ കൊല്ലത്തിന്റെ ആരംഭത്തിൽ മാത്രമാണല്ലോ. അതിനു ഡൽഹിയിൽ നൽകപ്പെട്ട സ്വീകരണം പോലും യഥാർഹമായിരുന്നുവെന്നു് നമ്മൾ പത്രറിപ്പോർട്ടുകൾകൊണ്ടു് അറിഞ്ഞുകഴിഞ്ഞു. അതെ, സമാധാനസന്ദായകനായ ക്രിസ്തുവിന്റെ അമ്മ സമാധാനത്തിന്റേയും സൗഭാഗ്യത്തിന്റേയും സന്ദേശം വഹിച്ചുകൊണ്ടുവന്നപ്പോൾ അങ്ങനെതന്നെ സ്വീകരിക്കപ്പെടേണ്ടിയിരുന്നു.

ആ അമ്മ നിർവ്വഹിച്ചിട്ടുള്ളതും, നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതുമായ കൃത്യങ്ങൾ അങ്ങനെ ചെയ്യുന്നതിനു് നമുക്കു് പ്രേരണ നൽകാതിരിക്കുകയില്ല. ദൈവത്തിന്റെ പുത്രനും മറിയത്തിന്റെ മകനുമായ ക്രിസ്തു താൻ ദൈവപുത്രനും മനുഷ്യപുത്രനുമാണെന്നു് പ്രഖ്യാപനം ചെയ്തുകൊണ്ടു് അഭിമാനം കൊള്ളുന്ന വേദവാക്യങ്ങളെ നാം സ്മരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ, ആ അഭിമാനത്തിനിടയാക്കിയ മനുഷ്യത്വം പ്രദാനംചെയ്ത മാതാവിനെ അവിടുന്നു് അനവരതം ബഹുമാനിക്കുന്നതിനെക്കുറിച്ചു് ഒരുവനെങ്കിലും വിസ്മയം ജനിക്കുമെന്നു തോന്നുന്നില്ല. എല്ലാററിലും നമ്മുടെ ആദർശമായ മിശിഹാ ചെയ്തതുപോലെ നമ്മളും ചെയ്യുന്നതിനു് വേണ്ട അവസരങ്ങൾ ഉണ്ടാക്കിത്തരികയല്ലാതെ വേറൊന്നുമല്ല ലൂർദ്ദ്, ഫാത്തിമാ, ഫാത്തിമാസ്വരൂപം കടന്നുപോയ അനേകം സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടന്നിട്ടുള്ളതും, നടന്നുകൊണ്ടിരിക്കുന്നതുമായ അത്ഭുതങ്ങൾ ഇടയാക്കിക്കൊണ്ടിരിക്കുന്നതു്.

തനിക്കു നൽകപ്പെടുന്ന പ്രസ്തുത ബഹുമാനം സ്വീകരിച്ചുകൊണ്ടു് സ്വസ്ഥയായിരിക്കുവാൻ അനുവദിക്കുന്ന സ്വഭാവമുള്ളവളല്ല മാതാവു്. തന്റെ ദിവ്യസുതന്റെ തിരുവുള്ളം എപ്പോഴും സമ്പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടുകാണുന്നതിനു് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന മാതാവിനു് അനുഷ്ഠിക്കേണ്ടതായ ഒരു ധർമ്മവുമുണ്ടു്. അതു് നിയോഗംകൊണ്ടു് അവിടുത്തേക്കു് ദത്തമായ സമസ്തമനുഷ്യമാതൃത്വം സംബന്ധിച്ചുള്ള കടമയത്രേ. ഈ കടമ മാതാവിനു് യുക്തിയുക്തമാണെന്നു സമ്മതിക്കുന്നുവെങ്കിൽ അവിടുന്നു് അനേകസ്ഥലങ്ങളിൽ വെളിപാടുമൂലം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ധർമ്മം അദ്ഭുതവിധത്തിൽതന്നെ തുടരണമെന്നു് നമുക്കു് പ്രതീക്ഷിക്കാം. എന്തുകൊണ്ടെന്നാൽ മനുഷ്യവർഗ്ഗം ഇത്രയും അപകടനിലയിൽ എത്തിയിട്ടുള്ള കാലഘട്ടം ലോകരക്ഷകന്റെ അവതാരം കഴിഞ്ഞതിൽ പിന്നീടു് ഉണ്ടായിട്ടില്ല. അമ്മമാർ പ്രക്ഷുബ്ധരാകുന്നതു് അത്യാഹിതവേളയിലുമാണല്ലോ.

ഒരു കുട്ടി ഓടിച്ചാടി തകർത്തു നടക്കുമ്പോൾ ഒന്നു തട്ടിവീണാൽ അവിടെ ഓടിയെത്തി അവനെ പിടിച്ചെഴുന്നേൽപ്പിച്ചു് ഒന്നു തിരുമ്മി ഒരുമ്മയുംകൊടുത്തു് അവന്റെ കരച്ചിൽനിറുത്തി അവനെ സന്തോഷിപ്പിച്ചുവിടുന്നതിനു് തന്നെ വിളിക്കുവാൻ അവന്റെ അമ്മ പ്രതീക്ഷിച്ചിരിക്കുന്നില്ല. അപകടം നേരിട്ടേക്കാവുന്ന ഒരു വഴിയിൽക്കൂടി തന്റെ കുഞ്ഞുമകൻ ചരിക്കുന്നതായി കണ്ടാൽ അവനെ തിരിച്ചുവിടുന്നതിനു് അവന്റെ അമ്മ മടികാണിക്കുകയില്ല. നിർമ്മലസ്നേഹത്തിന്റെ മാതാവെന്നു വിളിക്കപ്പെടുന്ന പരിശുദ്ധ കന്യകാമറിയവും ഈ നയംതന്നെയാണു് പാലിച്ചുകൊണ്ടിരിക്കുന്നതു് എന്നു് കാനായിലെ കല്യാണമഹോത്സവത്തിൽ നടന്ന സംഭവം പ്രഖ്യാപനം ചെയ്യുന്നുണ്ടു്. ആ വീട്ടുകാരുടെ വീഞ്ഞു് തീർന്നുപോയി എന്നു് ആരെങ്കിലും പറഞ്ഞിട്ടല്ലല്ലോ മാതാവറിഞ്ഞതും അവസരോചിതമായി പ്രവർത്തിച്ചതും. ഓരോരോ സ്ഥലങ്ങളിലുമുള്ളവർക്കു് തനിച്ചായിട്ടും കൂട്ടമായിട്ടും അവിടുന്നു് അങ്ങനെതന്നെ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. നമ്മൾ അവയെ വേണ്ടവിധം അറിയുകയും കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യുന്നില്ലന്നേയുള്ളു. എന്നാൽ തിരുസ്സഭയെ സംബന്ധിച്ചു് അവിടുന്നു ചെയ്തിട്ടുള്ള പരസ്യമായ ചില അനുഗ്രഹങ്ങളെ മായ്ക്കുവാനോ മറക്കുവാനോ സാധിക്കയില്ല.

അവയിൽ ഒന്നിന്റെ സ്മരണ നിലനിർത്തുന്നതിനുള്ള പോംവഴികളിൽ ഒന്നാണു് കർമ്മലോത്തരീയജൂബിലിയും തത്സംബന്ധമായി നമ്മൾ നടത്തുവാൻ പോകുന്ന മരിയൻകോൺഗ്രസ്സും. ഇതിനുവേണ്ടി തിരുസ്സഭയോടുകൂടി എപ്പോഴും വിചാരിക്കുകയും പറകയും പ്രവർത്തിക്കയും ചെയ്യേണ്ടവരായ കത്തോലിക്കർക്കു് ഉത്തരീയജൂബിലി പ്രമാണിച്ചു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നല്കിയിട്ടുള്ള തിരുവെഴുത്തു് വിളംബരം ചെയ്യുന്നതിനോടെ അവിടുത്തെ അഭിലാഷം എന്തെന്നു് മനസ്സിലായി. കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള രൂപതാദ്ധ്യക്ഷന്മാരുടെ സംയുക്തലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു് അവരുടെ താല്പര്യവും അറിഞ്ഞുകഴിഞ്ഞു. ഇനി ചെയ്യേണ്ടതു് വൈദികരും അവൈദികരുമായ ഓരോരുത്തരുടേയും പ്രവർത്തനമാണു്. ഇതിലേക്കായി മംഗലപ്പുഴ സെമിനാരി റെക്ടർ, കേരളകത്തോലിക്കാകോൺഗ്രസ്സ് പ്രസിഡൻറു് മുതലായവരുൾപ്പെടെ വിപുലമായ ഒരു കമ്മിററി സ്ഥാപിക്കപ്പെട്ടു് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇനിമേൽ എല്ലാവരുടേയും, ഓരോരുത്തരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടുള്ള അഭ്യർത്ഥനകളുടേയും കാര്യപരിപാടികളുടേയും വിശദവിവരങ്ങൾ അപ്പഴപ്പോൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളും. പ്രസിദ്ധീകരണക്കമ്മിററിക്കുവേണ്ടി ഇപ്പോൾ ഇത്രയും എഴുതിയെന്നേയുള്ളു.

— —

## ഉത്തരീയജൂബിലിയുടെ പ്രാർത്ഥന

തിരുവുത്തരീയം ധരിക്കുന്നവരുമേൽ പ്രത്യേകസ്നേഹത്തോടെ ദൃഷ്ടിപതിക്കുന്ന കർമ്മലസഭയുടെ ശോഭയേറിയ അലങ്കാരവും എത്രയും അനുഗൃഹീതയുമായ അമലോത്ഭവ കന്യകേ, ഞങ്ങൾ അങ്ങേക്കു തക്ക പ്രതിസ്നേഹം പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഞങ്ങളെ കരുണയോടെ കടാക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണമേ.

അവിടുത്തെ പ്രത്യേകദാനമായ തിരുവുത്തരീയത്തിനുവേണ്ടി ഞങ്ങൾ നന്ദിപറയുകയും അതു് ഈ നാട്ടിലെല്ലാം അറിയപ്പെടുന്നതിനും എല്ലാവരും അതുകൊണ്ടുള്ള പ്രയോജനം അനുഭവിക്കുന്നതിനും ഇടയാകണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു. കരുണയുള്ള മാതാവേ, ഞങ്ങളുടെ ആഗ്രഹങ്ങളെല്ലാം സഫലമാക്കിത്തീർക്കണമേ. ഉത്തരീയഭക്തി പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഞങ്ങളുടെ പരിശ്രമങ്ങളെ ആശീർവ്വദിക്കുകയും ഞങ്ങൾ ആദ്യമായി ഈ കേരളത്തിൽ നടത്തുവാൻ പോകുന്ന മരിയൻ കോൺഗ്രസ് അങ്ങേക്കു യോഗ്യമായവിധത്തിൽ പര്യവസാനിക്കുന്നതിനു് ഇടയാക്കുകയും ചെയ്യേണമേ.

കൂടാതെ, ഞങ്ങൾക്കാവശ്യമുള്ള എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്കുവേണ്ടി സമ്പാദിക്കുകയും അങ്ങയുടെ ദിവ്യപുത്രനും അങ്ങേക്കും ഇഷ്ടപ്പെട്ടവരായി എപ്പോഴും ജീവിക്കുന്നതിനുവേണ്ട പുണ്യങ്ങൾകൊണ്ടു ഞങ്ങളുടെ ആത്മാവിനെ അലങ്കരിക്കുകയും അങ്ങു് നല്കിയിരിക്കുന്ന തിരുവസ്ത്രം ധരിച്ചുകൊണ്ടു മരിക്കുവാനുള്ള അനുഗ്രഹം എല്ലാവർക്കും വാങ്ങിച്ചു തരികയും ചെയ്യണമെന്നുള്ള ഒരപേക്ഷയും ഞങ്ങളിതാ അങ്ങേക്കു സമർപ്പിക്കുന്നു. ആമ്മേൻ.

കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. (300. ദി. ഭ. വി)

---


## സ്നേഹസോപാനം

വി. കൊച്ചുത്രേസ്യയുടെ കാവ്യതല്ലജങ്ങളുടെ സ്വതന്ത്രാവർത്തനം

By റവ. സിസ്റ്റർ മേരി ആഗ്നസ് ബി. എ. എൽ. ടി.

30-ൽപ്പരം മനോഹരചിത്രങ്ങൾ ഒന്നാംതരം മേനിക്കടലാസ്

വില 1 ക.

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം


---

## ദേവാലയഗീതങ്ങൾ

(2-ാംപേജ് തുടർച്ച)

അവസാനമായി, പറയുവാനുള്ളതു്, നാം വിവേചനാബുദ്ധിയുപയോഗിച്ചു് ദേവാലയാന്തരീക്ഷത്തിന്റെ മേന്മക്കു്, ആദ്ധ്യാത്മിക ചൈതന്യനിർഭരതക്കു്, ദൈവസ്തോത്രപ്രകർഷത്തിനും അനുസരണമായിട്ടുള്ള ഗാനങ്ങൾമാത്രം സ്വീകരിക്കുന്നപക്ഷം മേൽപ്പറഞ്ഞ തരത്തിലുള്ള യാതൊരു പരാതികൾക്കും കാരണമാകയില്ല എന്നാണു്. മറെറാരുതരത്തിൽ പറഞ്ഞാൽ, ഹിന്ദിപ്പാട്ടുകൾ ഗാനാലാപനത്തിനായി സ്വീകരിക്കരുതെന്നല്ല, അവ എപ്പോഴും മനോജ്ഞങ്ങളും ഭക്തിസംവർദ്ധകങ്ങളും, ആദ്ധ്യാത്മികാഭിരുചിയുടെ സംവർദ്ധനയ്ക്കുപയുക്തങ്ങളും ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണു് നാം മനസ്സിലാക്കേണ്ടതു്. സത്യദീപത്തിലെ പ്രസാധകക്കുറിപ്പിലെ ആശയവും അന്യമല്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. വ്യത്യസ്തമാണെങ്കിൽ പ്രസ്താവിച്ചുകാണ്മാനും ആഗ്രഹമുണ്ടു്.

[ശ്രീ മാളിയേക്കൽ ഈ ലേഖനത്തിൽ പ്രകാശിപ്പിച്ചിരിക്കുന്ന ആശയംതന്നെയാണു സംക്ഷിപ്തമായി ജൂൺ 7-ാംനു-യിലെ പ്രസാധകക്കുറിപ്പുകളിലും ഞങ്ങൾ പ്രകാശിപ്പിച്ചിരുന്നതു്. ഞങ്ങളുദ്ധരിച്ചിരുന്ന ആർച്ചുബിഷപ്പു് ഡൗണിയുടെ പ്രസ്താവനയിൽനിന്നും, അതിനു മുഖവുരയായി ഞങ്ങൾ ചേർത്തിരുന്ന കുറിപ്പിൽനിന്നും അതു വിശദമാകുന്നുണ്ടു്. ആ കുറിപ്പു് ഇപ്രകാരമായിരുന്നു; 'നല്ലവയും ക്രിസ്തീയാദർശങ്ങൾക്കു യോജിക്കുന്നവയുമായ ഘടകങ്ങൾ എവിടെ കണ്ടാലും അവയെല്ലാം സ്വീകരിച്ചു് സ്വകീയമാക്കുന്നതിൽ തിരുസ്സഭ ഒരിക്കലും വൈമുഖ്യം പ്രദർശിപ്പിക്കുന്നതല്ല. തത്വശകലങ്ങളേയും ആചാരനടപടികളേയും സംബന്ധിച്ചു മാത്രമല്ല, ഗാനരീതികളെ സംബന്ധിച്ചും ഇതു വാസ്തവമാണു്. എന്നാൽ, മറെറല്ലാ കാര്യങ്ങളിലുമെന്നപോലെ ഗാനരീതികളുടെ കാര്യത്തിലും ക്രിസ്തീയ സംസ്കാരത്തിനും ആദർശത്തിനും യോജിക്കുന്നതു മാത്രമേ സ്വീകരിക്കാവൂ എന്നു് തിരുസ്സഭക്കു നിഷ്ക്കർഷയുണ്ടു്.' സംഗതികൾ ഇത്ര സ്പഷ്ടമായി പ്രസ്താവിച്ചിരുന്നസ്ഥിതിക്കു ഞങ്ങളുടെ പ്രസാധകക്കുറിപ്പുകൾ തെററിദ്ധാരണക്കു് ഇടവരുത്തിയതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. പ്രസാധകർ]

## ചരമം

അയ്യമ്പിള്ളി അഞ്ചൽ മാസ്റ്റർ സി. വി. തോമസ് അവർകളുടെ പിതാവു് ചിറ്റേഴത്തു വറിയതു വറിയതു് അവർകൾ 84-ാമത്തെ വയസ്സിൽ ജൂലൈ 19-ാംനു- നിര്യാതനായിരിക്കുന്നു.

R. I. P.

# GLEANINGS

## How To Get Along

1. Keep skid chains on your tongue. Cultivate a low, persuasive voice. How you say it often counts more than what you say.
2. Make promises sparingly and keep them faithfully, no matter what it costs.
3. Never let an opportunity pass to say a kind and encouraging thing to or about somebody. Praise good work done, regardless of who did it. If criticism is merited, cr'ticise helpfully never spitefully.
4. Be interested in others, interested in their pursuits, their welfare, their homes and families. Make merry with those who rejoice and mourn with those who weep. Let every one you meet, however humble, feel that you regard him as a person of importance.
5. Be cheerful. Keep the corners of your mouth turned up. Hide your pains, worries and disappointments under a pleasant smile. Laugh at good stories and learn to tell them.
6. Preserve an open mind on all debatable questions. Discuss but don't argue. It is a mark of superior minds to disagree and yet be friendly.

*The Broadcaster*

*

Boss: "We want a boy: are you American born?"

Boy: "My mother was an American, but she married an Englishman in France."

Boss: "Where were you born?"

Boy: "I was born on a Belgian ship flying the Italian flag, while she was anchored in Honolulu harbour. My parents died in Japan when I was a baby and a Chinaman adopted me and brought me up in Russia."

Boss: "Then what nationality are you?"

Boy: "I'm a League of Nations".

*

"I have been driven many times to my knees by the overwhelming conviction that I had nowhere else to go. My own wisdom, and that of all about me, seemed insufficient for the day. —*Abraham Lincoln*

*

"It's not the number of books you read, nor the variety of sermons you hear, nor the amount of religious conversation in which you mix, but it is the frequency and earnestness with which you meditate on these things till the truth in them becomes your own and part of your being, that ensures your growth." —*F. W. Robertson*

*

"Whatsoever we beg of God, let us also work for it." —*Jeremy Taylor*

*

"It is no use walking anywhere to preach unless we preach as we walk." — *St. Francis of Assisi*

*

"If religious books are not widely circulated among the masses in this country, and the people do not become religious, I do not know what is to become of us as a nation." —*Daniel Webster*

*

"An agnostic is a man who doesn't know whether there is a God or not, doesn't know whether he has a soul or not, doesn't know whether there is a future life or not, doesn't believe that anyone else knows any more about these matters than he does, and thinks it a waste of time to try to find out." —*Dana*

*

"The triumph of an evil idea is worse than the triumph of an evil government, because ideas enslave the mind and soul of man, not merely his body." —*Felix Morley*

## കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

ജൂലൈ 28-ാംനു തിരുവനന്തപുരത്തുവച്ച് ശ്രീ ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിററി യോഗത്തിൽ പ്രാഥമികവിദ്യാഭ്യാസ പുനഃസംഘടന സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തിരിക്കുന്നു: പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതാണ്. സ്വകാര്യവിദ്യാലയങ്ങൾ ഒന്നുംതന്നെ ഗവമ്മെൻറ് ഏറെറടുക്കുന്നതല്ല. അവയുടെ മേൽനോട്ടം മുനിസിപ്പാലിററികൾ, പഞ്ചായത്തുകൾ മുതലായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതും ഇതു സംബന്ധിച്ച ചെലവിനു് അവയ്ക്കു ഗ്രാൻറു നൽകേണ്ടതുമാണ്. വിദ്യാലയങ്ങൾ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, പറമ്പുകൾ മുതലായവയുടെ ക്രയവിക്രയം നിരോധിക്കപ്പെടണം. ഷിഫ്റ്റു സമ്പ്രദായം തല്ക്കാലം തുടരുന്നതും അദ്ധ്യയനദിവസങ്ങളുടെ സംഖ്യ 6 ആയി വർദ്ധിപ്പിക്കുന്നതുമാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ ഓരോ ക്ലാസുകൾ നടത്തുകയും അദ്ധ്യയനമില്ലാത്ത ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കു കരകൗശലപരമായ പരിശീലനം നൽകുന്നതിനു സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും. ഈ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസപദ്ധതി പ്ലാൻ ചെയ്യുവാൻ ഒരു വിദഗ്ദ്ധ കമ്മിററിയെ നിയോഗിക്കുന്നതാണ്.

—ഭാരതത്തിലെ ദരിദ്രരായ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും സംരക്ഷണത്തിനുവേണ്ടി രാജകുമാരി അമൃത് കൗറിന്റെ അദ്ധ്യക്ഷതയിൽ രൂപവൽകൃതമായിരിക്കുന്ന ദേശീയസമിതിയുടെ ആഭിമുഖ്യത്തിൽ ധനശേഖരണാർത്ഥം വരുന്ന ഒക്ടോബർ 4-ാംനു ഇൻഡ്യ ഒട്ടുക്ക് ഒരു ശിശുദിനമായി ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിലേക്ക് ഉദാരമായ സംഭാവനകൾ നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ചീഫ് മിനിസ്റ്റർ ശ്രീ ടി. കെ. നാരായണപിള്ള ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

—കയർവ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രഗവമ്മെൻറു തിരു-കൊച്ചി ഗവമ്മെൻറിനു ഒരു കോടി ക. ലോൺ അനുവദിച്ചിരിക്കുന്നതായറിയുന്നു. ഇതിന്റെ ഗണ്യമായ ഒരു ഭാഗം കയർവ്യവസായത്തിന്റെ പുനഃസംഘടനയ്ക്കായി വിനിയോഗിക്കുന്നതാണത്രെ.

—നാസിക് സമ്മേളനത്തിലേക്കുള്ള കേരളാ കോൺഗ്രസ് പ്രതിനിധികളായി 113 പേരെ തിരഞ്ഞെടുത്തിരിക്കുന്നു. സമ്മേളനാദ്ധ്യക്ഷനെ തിരഞ്ഞെടുക്കുവാൻ കേരളപ്രോവിൻഷ്യൽ കോൺഗ്രസ് കമ്മിററി ആഗസ്റ്റ് 26-ാംനു ആലുവായിൽ സമ്മേളിക്കുന്നതാണ്.

—കേരളപത്രാധിപസംഘത്തിന്റെ ഒരു യോഗം ജൂലൈ 31-ാംനു തിരുവനന്തപുരത്തുവച്ചു കൂടിയിരിക്കുന്നു.

—ജൂലൈ 31-ാംനു ചീഫ് മിനിസ്റ്റർ നടത്തിയ ഒരു പ്രസ് കോൺഫറൻസിൽ വർഗ്ഗീയമത്സരം ഉളവാക്കുന്ന വിധത്തിലുള്ള വാർത്താപ്രസിദ്ധീകരണസമ്പ്രദായത്തെ അപലപിക്കുകയും [illegible] ഗവമ്മെൻറ് എപ്പോഴെങ്കിലും അവഗണിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കുവാൻ പ്രതിയോഗികളെ വെല്ലുവിളിക്കുകയും ചെയ്തുണ്ടായി.

—കൊച്ചി സമ്മതിദായകപ്പട്ടികയിൽ പേരുകൾ ചേർക്കുവാനുള്ള അവസാനതീയതി ആഗസ്റ്റ് 15 ആയി നീട്ടിയിരിക്കുന്നു.

—ഐക്യസംസ്ഥാനത്തെ കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഒരു പഞ്ചവത്സരപദ്ധതി തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ചു മടൽതല്ല്, കയർപിരി ഇവ സഹകരണസംഘങ്ങളുടെ നിയന്ത്രണത്തിലാക്കുന്നതും ഉൽപാദിപ്പിക്കപ്പെടുന്ന കയർ സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ മുഖേന വിററഴിക്കുന്നതുമാണ്. ഇതിലേക്ക് ആലപ്പുഴയിലും കൊച്ചിയിലും ഓരോ സ്റ്റോറുകൾ സ്ഥാപിക്കുന്നതായിരിക്കും. മടൽ തല്ലുകയും കയർ പിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്കു ദിവസേന 14 ണ. മുതൽ 1 ക. വരെ കൂലി നല്കത്തക്കവിധത്തിൽ സഹകരണസംഘങ്ങളെ ഏർപ്പാടു ചെയ്യുന്നതാണ്. ഗവമ്മെൻറിൽനിന്നും സഹകരണസംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും അവയ്ക്കു ശമ്പളമുള്ള സിക്രട്ടറിമാരെ നിയോഗിക്കുന്നതുമാണ്. തിരുപ്രദേശത്തു 11 താലൂക്കുകളിലായി ആകെ 24 സംഘങ്ങൾ സ്ഥാപിക്കുവാനുദ്ദേശിച്ചിരിക്കുന്നു.

—ഓരോ ഡിസ്ട്രിക്ടുകളിലും താലൂക്കുകളിലും ഏററവും മെച്ചമായ രീതിയിൽ നെൽകൃഷി നടത്തുന്നവർക്ക് യഥാക്രമം 250 ക.യും 100 ക.യും സമ്മാനം നല്കുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. വിരിപ്പുകൃഷിക്കും മുണ്ടകൻ കൃഷിക്കും പ്രത്യേകമായി മത്സരം നടത്തുന്നതാണ്.

—കൊല്ലം പ്രസ് വർക്കേഴ്സ് യൂണിയൻ, [illegible] ഓയിൽമിൽ സ്റ്റാഫ് യൂണിയൻ [illegible], കോട്ടയം അലക്കുതൊഴിലാളി യൂണിയൻ, വക്കം വെററില തൊഴിലാളി യൂണിയൻ, അഖിലതിരുവിതാംകൂർ ബോക്സ് വർക്കേഴ്സ് യൂണിയൻ, ഫിഷറി യൂണിയൻ കായംകുളം, വക്കം തെങ്ങുകയററത്തൊഴിലാളി യൂണിയൻ, പറവൂർ കയർത്തൊഴിലാളി യൂണിയൻ എന്നിവയുടെ അംഗീകാരം ഗവമ്മെൻറിൽനിന്നും പിൻവലിച്ചിരിക്കുന്നു.

—തിരുവിതാംകൂറിൽ ക്ഷയരോഗനിവാരണപരിശ്രമങ്ങൾക്കായി സ്ഥാപിതമായിരിക്കുന്ന ടി. ബി. അസോസിയേഷൻ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പുനസ്സംഘടിപ്പിച്ചിരിക്കുന്നു: ആരോഗ്യമന്ത്രി, സർജൻ ജനറൽ, പബ്ലിക് ഹെൽത്ത് ഡയറക്ടർ, ഡോ. ഇ. കെ. മാധവൻ, എം. എൽ. ഡിക്രൂസ്.

—മഹാകവി പള്ളത്തുരാമൻ ഹൃദയസ്തംഭനംമൂലം ജൂലൈ 29-ാംനു നിര്യാതനായിരിക്കുന്നു.

## തീർത്ഥകർ ലണ്ടനിൽ

(ഫാദർ ജേക്കബ ചൊവ്വല്ലൂർ)

20-7-50. ഞങ്ങൾ ലണ്ടനിൽ 15-ാംനു വന്നു. രണ്ടു ദിവസം തോമസ് കുക്കിന്റെ കോച്ചിൽ, പട്ടണത്തിലുള്ള പ്രധാനസ്ഥലങ്ങളും സ്ഥാപനങ്ങളും കാണുന്നതിനായി ചുററിനടന്നു. 19-ാംനു, ഇന്നലെ, മലയാളത്തുകാരായ റവ. ഫാ. തോമസ് അടമ്പുകുളം, റവ. ഫാ. ജേക്കബ് ചൊവ്വല്ലൂർ, മി. സി. വി. ലാസർ, മി. ചാക്കോ പുളിക്കൻ എന്നിവർ, ബക്കിങ്ങാംകൊട്ടാരത്തിന്റെ മുന്നിൽ സുപ്രസിദ്ധമായ ചേഞ്ച് ഓഫ് ഗാർഡ്സ് കണ്ടു. അതിനുശേഷം ഇൻഡ്യാഹൗസിൽ പോയി ഹൈകമ്മിഷണരുടെ പ്രൈവററ് സെക്രട്ടറി ആയ മിസ്സ് ജസ്സലീനെ കണ്ടു. ഹൈകമ്മിഷണരെ കാണുന്നതിനു ഉച്ചകഴിഞ്ഞു 5 മണിക്കു സമയം നിശ്ചയിച്ചു ഞങ്ങൾ ഉച്ചതിരിഞ്ഞു കൃത്യസമയം ഹൈകമ്മിഷണരെ കണ്ടു. അദ്ദേഹം ഞങ്ങളെ വളരെ ഹാർദ്ദമായി സ്വീകരിച്ചു. മലയാളത്തുകാരനായ അദ്ദേഹം ഞങ്ങളോടു വളരെനേരം മലയാളത്തിൽ സംസാരിച്ചു. ഞങ്ങളുടെ സുഖവർത്തമാനങ്ങൾ ചോദിച്ചതിന്റെശേഷം കൊച്ചിയും തിരുവിതാംകൂറും സംയോജിക്കപ്പെട്ടതിനുശേഷമുള്ള രാഷ്ട്രീയ സംഗതികളെക്കുറിച്ചു കാര്യമായി ചോദിച്ചറിഞ്ഞു. ഇതിനിടയ്ക്കു അദ്ദേഹത്തോടുകൂടി ഞങ്ങൾ ചായകഴിച്ചു. അദ്ദേഹത്തോടു പാർലമെൻറ് കാണുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ടെന്നു പറഞ്ഞു. തീവ്രമായ വാദപ്രതിവാദം കോമൺസ്സഭയിൽ നടന്നിരുന്നതുകൊണ്ടു സന്ദർശനഗാലറി നിറഞ്ഞിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ അപ്പോഴത്തെ സാമർത്ഥ്യത്താലും അദ്ദേഹത്തിനു ഇന്നു ലണ്ടനിൽ ഉള്ള വ്യക്തിമാഹാത്മ്യംകൊണ്ടും ഞങ്ങൾക്കു നാലുപേർക്കും ഡൊമിനിയൻ ഗാലറിയിൽ മുൻനിരയിൽ മാന്യമായ ഇരിപ്പിടം കിട്ടി. കൂടാതെ ഞങ്ങൾ ലണ്ടനിൽ അപരിചിതരായതുകൊണ്ടു ഞങ്ങൾക്കു യാതൊരു ബുദ്ധിമുട്ടും വരാതിരിക്കുന്നതിനു ഞങ്ങളെ ഫോൺവഴി ഹൗസ് ഓഫ് കോമൺസിന്റെ സ്പീക്കറുടെ സെക്രട്ടറിക്കു പരിചയപ്പെടുത്തിയതിനും പുറമെ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നുതന്നെ മദ്രാസുകാരനായ ക്ലാർക്ക് മി. ബാലറാമിനെ ഞങ്ങളോടുകൂടെ അയച്ചുതരുകയും ചെയ്തു. ഞങ്ങൾ ഹൗസ് ഓഫ് കോമൺസിൽ നടന്നിരുന്ന വാദപ്രതിവാദങ്ങളെ കുറെനേരം ഇരുന്നു കേട്ടു. കുറച്ചുനേരം ഞങ്ങൾ ഇൻഡ്യാഹൗസിൽ കഴിച്ചതിനിടയിൽ അദ്ദേഹത്തെ വന്നു കണ്ടുകൊണ്ടിരുന്ന ലണ്ടനിലെയും മററും മഹാന്മാരായ രാഷ്ട്രീയപ്രവർത്തകന്മാരുടെ സംഖ്യയിൽനിന്നും ജനങ്ങളുടെ സംസാരത്തിൽനിന്നും കാര്യാന്തരത്തിൽനിന്നു അല്പംപോലും വ്യതിചലിക്കുന്നതിനു തീരെ നിർവ്വാഹമില്ലെന്നു കാണുന്നതിൽനിന്നും അദ്ദേഹത്തിനു ലണ്ടനിൽ വലിയ ഒരു സ്ഥാനമുണ്ടെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കു വലിയ അഭിമാനവും സന്തോഷവുമുണ്ട്.

## മിഷൻ രാജ്യങ്ങളിലെ ഏതദ്ദേശീയ വൈദികർ

ചൈന, ജപ്പാൻ, മലയ, ഫിലിപ്പൈൻസ്, ഇൻഡ്യ, പാക്കിസ്ഥാൻ, ആഫ്രിക്ക ആദിയായ മിഷൻ രാജ്യങ്ങളിൽ എല്ലാററിലുംകൂടി ആകെ 10,560 ഏതദ്ദേശീയ വൈദികർ മാത്രമാണുള്ളതെന്നു പ്രൊപ്പഗാന്ത തിരുസ്സംഘത്തിന്റെ കീഴിലുള്ള "ഫിദെസ്" വാർത്താവിതരണസമിതി പ്രസ്താവിച്ചിരിക്കുന്നു. ഓരോ രാജ്യങ്ങളിലെയും സ്ഥിതിവിവരക്കണക്കുകൾ അവർ പ്രസിദ്ധം ചെയ്തിരിക്കുന്നതു താഴെ ചേർക്കുന്നു.

| രാജ്യം | കത്തോലിക്കർ | ഏതദ്ദേശീയ വൈദികർ | വൈദിക വിദ്യാർത്ഥികൾ |
|---|---|---|---|
| ചൈന | 3,260 000 | 2547 | 957 |
| ജപ്പാൻ | 130,901 | 181 | 164 |
| ഇൻഡ്യയും പാക്കിസ്ഥാനും | 4,667.620 | 3,189 | 1235 |
| ഇൻഡോചൈന | 1,534,000 | 1469 | 516 |
| സിലോൺ, ബർമ്മ, സയാം, മലയ, കൊറിയ | 1,004.000 | 606 | 206 |
| ഇൻഡോനേഷ്യ | 73[illegible],230 | 74 | 76 |
| ആഫ്രിക്ക | 10.9[illegible]6.844 | 1097 | 1246 |
| ഫിലിപ്പൈൻസ് | 14 000,000 | 2053 | 328 |

## ആഗസ്റ്റ് 7-ാംനു തിരിച്ചെത്തും

വിശുദ്ധ വത്സരം പ്രമാണിച്ചു റോമിലേക്കു പോയിരുന്ന തൃശ്ശൂർ മെത്രാൻ മോൺ. റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ട് ആഗസ്റ്റ് 7-ാംനു തൃശ്ശൂർ തിരിച്ചെത്തുന്നതാണ്. തിരുമനസ്സുകൊണ്ട് വ്യാകുലമാതാവിന്റെ പള്ളിയിൽ എത്തിച്ചേർന്നശേഷം അവിടെനിന്നു ലൂർദ്ദ് മെത്രാസനപ്പള്ളിയിലേക്ക് ഒരു ഗംഭീരമായ ഘോഷയാത്രയോടുകൂടി തിരുമേനിയെ ആനയിക്കുന്നതിനു സ്വീകരണസംഘം തീരുമാനിച്ചിരിക്കുന്നു. ലൂർദ്ദ് പള്ളിയിലെ വിശുദ്ധ കർമ്മങ്ങൾ കഴിഞ്ഞു തിരുമേനിയെ അനുമോദിക്കുന്നതിനായി ഒരു പൊതുയോഗം കൂടുന്നതുമാണ്.

## വേദോപദേശ പരീക്ഷാഫലം

1950 മെയ് 3-ാംനു എറണാകുളം അതിരൂപതയിൽ നടത്തിയ വേദോപദേശപൊതുപരീക്ഷയുടെ ഫലം ആഗസ്റ്റ് ലക്കം എറണാകുളം മിസ്സത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിരൂപതയിൽ ആകമാനമുള്ള സമ്മാനങ്ങൾക്ക് അർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു: ഉയർന്ന ക്ലാസ്: 1-ാം സമ്മാനം (25 ക.) തിരുപ്പള്ളുകൽ വർക്കി ത്രേസ്യക്കുട്ടി, മുട്ടം. 2-ാം സമ്മാനം (15 ക.) കുന്നിച്ചേരിൽ ഇത്താക്ക ചെറി, കൊതവറ. 3-ാം സമ്മാനം (10 ക.) വന്യംപറമ്പിൽ ജോസഫ അന്നമ്മ, മുട്ടം.

താഴന്ന ക്ലാസ്: 1-ാം സമ്മാനം (15 ക.) മണിക്കനാംപറമ്പിൽ വർക്കി കുര്യാക്കോസ്, ഉദയംപേരൂർ പുത്തൻപള്ളി. 2-ാം സമ്മാനം (10 ക.) തൈക്കാനൽ ജോൺ, നെടിയശാല. 3-ാം സമ്മാനം (7 ക.) കോളാട്ടുകുടി വറീതു ഏലമ്മ, മഞ്ഞപ്ര.

## വിദേശവാർത്തകൾ

സെക്യൂരിററി കൗൺസിൽ കമ്മ്യൂണിസ്റ്റ് ചൈനയെ അംഗീകരിക്കാത്തതിൽ പ്രതിഷേധസൂചകമായി കഴിഞ്ഞ 7 മാസം സെക്യൂരിററി കൗൺസിൽ യോഗങ്ങളിൽ സംബന്ധിക്കാതിരുന്ന റഷ്യൻപ്രതിനിധി അടുത്ത ആഗസ്റ്റ് 1-ാംനു നടത്തുവാനുദ്ദേശിച്ചിരിക്കുന്ന യോഗത്തിൽ സംബന്ധിക്കുന്നതാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു.

—കൊറിയൻ സമരം വിധിനിർണ്ണായകമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുന്നതായി ഔദ്യോഗികകേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നു. പുതുതായി വന്ന സേനാവ്യൂഹങ്ങൾ ഉത്തരകൊറിയ അധീനപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾ വീണ്ടെടുക്കുവാൻ തീവ്രമായ ശ്രമം നടത്തുന്നുണ്ടെങ്കിലും ഇതുവരെ ഉദ്ദിഷ്ടഫലം ലഭ്യമായിട്ടില്ല. കൊറിയയുടെ ഒട്ടുമിക്ക ഭാഗങ്ങളും ഉത്തരകൊറിയൻ സേനയ്ക്കധീനമായി കഴിഞ്ഞിരിക്കുന്നു. ദക്ഷിണ കൊറിയയുടെ തലസ്ഥാനം തേഗു എന്ന നഗരത്തിലേക്കു മാററിയിരിക്കുന്നു. അമേരിക്കയുടെ പ്രധാന സപ്ലൈകേന്ദ്രമായ പുസാൻ തുറമുഖത്തെ ലക്ഷ്യമാക്കിയാണ് ഇപ്പോൾ ശത്രുസേന പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്.


സത്യദീപം

വിശേഷാൽപ്രതി

ആഗസ്റ്റ് 16-ാംനു

16 പേജ്. വില 2 ണ.

പത്രത്തിനുള്ള പുതിയ ഓർഡറുകൾ

ആഗസ്റ്റ് 8-ാംനു-കകം

കിട്ടിയിരിക്കണം

മാനേജർ

സത്യദീപം

എറണാകുളം


## സത്യദീപം നഷ്ടപ്പെടുത്തല്ലേ!

സത്യദീപം വായന കഴിഞ്ഞശേഷം അകത്തോലിക്കർക്കു വച്ചുകൊടുക്കുവാൻ സന്നദ്ധതയുള്ളവർ പ്രസ്തുത വിവരം റവ. ഫാ. തോമസ് ഇഞ്ചെയ്ക്കലോടി (തിരുവല്ല A. U.) അവർകളെ അറിയിപ്പാൻ അപേക്ഷ. സത്യദീപം വായിക്കുവാനാഗ്രഹിക്കുന്ന 100 ൽപ്പരം ആളുകളുടെ മേൽവിലാസങ്ങൾ അദ്ദേഹത്തിന്റെ പക്കൽ ഇനിയും ബാക്കിയുള്ളതായി അദ്ദേഹം അറിയിച്ചിരിക്കുന്നു.

പത്രാധിപർ




## കുടുംബക്ലേശങ്ങൾ

"ഈ കാലത്തിലെ പീഡകൾ നമ്മിൽ വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന മഹിമഹത്വത്തോട് താരതമ്യപ്പെടുത്തുവാൻ യോഗ്യതയുള്ളവയല്ല". (റോമ VII.—18)


ദുരിതങ്ങളും ദുഃഖങ്ങളും നമ്മുടെ ചുററും സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളത് അവിതർക്കിതമായ ഒരു പരമാർത്ഥമാണ്. ജീവിതം ക്ലേശഭൂയിഷ്ഠമാണ്; അതോടുകൂടി കുടുംബഭാരവും പേറേണ്ടിവരുമ്പോൾ സഹനസീമകളെയും ഉല്ലംഘിക്കേണ്ടിവന്നേക്കാം. ക്ലേശങ്ങളുടെ കാളരാത്രികൾ കുടുംബസൗഭാഗ്യപ്രചുരിമയെ ഗ്രസിച്ചുകളയുമ്പോൾ പ്രത്യാശയുടെ പൊൻകതിരുകൾ നമുക്കു പ്രകാശം നല്കണം. കുട്ടികൾക്കു ഗ്രഹണി, കരപ്പൻ, പനി, അതിസാരം തുടങ്ങിയ സുഖക്കേടുകൾ സർവ്വസാധാരണമാണ്. അത്യാഹിതങ്ങൾക്കിടവരാതെ ഈ ദുർഘടസന്ധികൾ തരണംചെയ്തുകൊണ്ട് ഒരു ശിശു വളർന്നുവരുവാൻ മാതാപിതാക്കന്മാർ ഊണും ഉറക്കവും ഉപേക്ഷിച്ചുകൊണ്ടുതന്നെ ക്ലേശിക്കേണ്ടിവരും. ഒരാളുടെ രോഗം ശമിക്കുമ്പോൾ മറെറാരാൾ എന്ന തോതിൽ ഇടമുറിയാതെ രോഗികൾ വീട്ടിൽ ഉണ്ടാകുമ്പോഴും ചിലപ്പോൾ മൂന്നും നാലും പേർ ഒരേസമയത്ത് രോഗബാധിതരായി ശയ്യാവലംബികളാകുമ്പോഴും കുടുംബനാഥന്മാരുടെ ആശാസൗധം തകർന്നുപോകുന്നു; മനസ്സ് മടുത്തുപോകുന്നു; ക്ഷമയും ആഴം അളന്നു കഴിയുന്നു; ക്ലേശങ്ങളുടെ പാനപാത്രം വഴിഞ്ഞൊഴുകുന്നു. കണ്ണിനാനന്ദമേകിയിരുന്ന ആ ഓമനമുഖം നിത്യമായി നിർജീവത്വം പ്രാപിച്ച് തങ്ങളെ വിട്ടുപിരിഞ്ഞുപോകുമ്പോൾ മാതാപിതാക്കന്മാർ വിതുമ്പിക്കരയുന്നു. "ചത്താൽ കരയാനും കുഞ്ഞൊന്നു, പെററുപെരുകാനും കുഞ്ഞൊന്നു" എന്ന മട്ടിൽ തങ്ങളുടെ ജീവിതസർവ്വസ്വവും ഏകാവലംബവും വാർദ്ധക്യത്തിലെ പ്രത്യാശയും താങ്ങും തണലും ഉയിരും ഉടലുമായ ഏക സന്താനം ഇങ്ങിനിവരാതവണ്ണം തങ്ങളെ പിരിഞ്ഞുപോകുമ്പോൾ അലയും മാറും നിലവിളിയും അന്തരീക്ഷത്തെ മുഖരിതമാക്കും. തോളോടുതോൾ ചേർന്നു ജീവിതഭാരം വഹിച്ചിരുന്ന പ്രേമബദ്ധരായ ദമ്പതികൾ മരണംവഴിയായി വേർപിരിയേണ്ടിവരുമ്പോഴും ദുഃഖത്തിന്റെ ഭാരം താങ്ങുവാൻ എങ്ങനെ സാധിക്കും; കുടുംബാന്തരീക്ഷത്തിൽ മിന്നിത്തിളങ്ങി പ്രകാശിക്കേണ്ട സന്താനങ്ങൾ കുടുംബത്തിന്റെ ധൂമകേതുക്കളായി പരിണമിക്കുമ്പോൾ മാതാപിതാക്കന്മാർ നിസ്സഹായരായി സഹിക്കുകയല്ലാതെ എന്തുചെയ്യും? ഒരുവൻ ആരോടും മിണ്ടാതെ നാടുവിട്ടുപോകുന്നു; യാതൊരു വിവരവും അവനെപ്പററി ലഭിക്കുന്നില്ല. മറെറാരുവൻ ഭോഷമായ കൂട്ടുകെട്ടിൽപെട്ട് കുടുംബത്തിനുതന്നെ തീരാകളങ്കം വരുത്തിവെക്കുന്നു. മാതാപിതാക്കന്മാരുടെ നേരെ എല്ലായ്പോഴും പരിഹാസമിളക്കിക്കൊണ്ടു നടക്കുന്നു വേറെ ചിലർ. പതിനായിരവു അമ്പതു പവന്റെ ആഭരണങ്ങളുമായി കയറിവന്ന "ഭദ്രകാളി"യായ മരുമകൾ കുത്തിപ്പൊക്കിയുണ്ടാക്കുന്ന കുസൃതികൾ എങ്ങനെ സഹിക്കും. സന്താനവല്ലരിയായ ഓമനമക്കളെ പണവും പഠിപ്പും തറവാടും ഉദ്യോഗവും മററും നോക്കി കെട്ടിച്ചുകൊടുത്തശേഷം അവർ തന്റെ കൊടുംയാതനകളെയും നിഷ്ഠുരമർദ്ദനങ്ങളെയും കണ്ണുനീരോടുകൂടി വർണ്ണിക്കുന്നതു കേൾക്കുമ്പോൾ അവർ സഹിക്കുകയല്ലാതെ എന്തുചെയ്യും? മാതാപിതാക്കന്മാരുടെ പരസ്പരവിശ്വസ്തതയെപ്പററി എന്തെങ്കിലും സംശയം ഒരു കക്ഷിയിൽ ജനിച്ചുകഴിഞ്ഞാൽ പിന്നെ ദാമ്പത്യജീവിതം നരകംതന്നെയായിത്തീരുന്നു. തങ്ങളുടെ കുടുംബത്തെപ്പററി ചില ദുഷ്പ്രവാദങ്ങൾ ദിഗന്തങ്ങൾവരെയും പരന്നുകഴിഞ്ഞുവെന്നറിയുമ്പോൾ ആ കുടുംബാംഗങ്ങളുടെ മനസ്സ് നീറിക്കൊണ്ടിരിക്കയില്ലേ? ഉദ്യോഗം നഷ്ടമായി, കച്ചവടം പൊളിഞ്ഞു, കൃഷി ഉണങ്ങിപ്പോയി, ഒരു ജോലിയും കിട്ടാനില്ല, ഇനി എങ്ങനെ ജീവിക്കും എന്നോർത്തു ക്ലേശിക്കുമ്പോഴും "ഉഴക്കു ചോർകൊണ്ടേ വാസരാന്തം കഴിക്കമഞ്ചാറുജനങ്ങൾക്കു" അതും മതിയാകാതെ മുഴുവൻ പട്ടിണിയാകുമ്പോഴ് സന്താപസിന്ധുവിന്റെ അടിത്തട്ടിൽ അവർ എത്തിച്ചേരുന്നു......... ഇങ്ങനെ, കുടുംബജീവിതം ക്ലേശനിർഭരമാണ്. ഇതുകൊണ്ടാണ് "സ്ത്രീയിൽനിന്നു ജനിക്കുന്ന മനുഷ്യനു കുറച്ചു സമയംമാത്രമേ ജീവിക്കുവാനുള്ളു; അതാകട്ടെ ദുരിതപൂർണ്ണവുമാണ്" എന്നു പൂർവ്വപിതാവായ യോബ് വിലപിക്കുന്നത്.

ക്ലേശങ്ങൾ നമ്മുടെ സ്വർഗ്ഗീയമഹിമയിലേക്കുള്ള ചവിട്ടുപടികളാണെന്നും, അവ നമ്മുടെ സ്വർഗ്ഗീയകിരീടത്തിലെ മണിവിഭൂഷകളായിരിക്കുമെന്നും താൽക്കാലികങ്ങളായ അവയെ മഹിമഹത്വത്തോടു താരതമ്യം ചെയ്യാൻപോലും പാടില്ലെന്നും മററുമാണ് ക്രിസ്തുനാഥനും വി. അപ്പസ്തോലനും മററു സിദ്ധന്മാരും ഉൽബോധിപ്പിക്കുന്നത്. നിന്ദ്യവും വിലക്ഷണവുമായ വിഷത്തവള (toad) യുടെ ശിരസ്സിൽ അനർഘമായ രത്നം സംവഹിക്കപ്പെടുന്നതുപോലെ വിപത്തുകളിലും നമുക്കു മധ്യേയും നല്കുന്ന മുത്തുമണികളെ ദർശിക്കാമെന്നു ഷെയിക്സ്പീയർ മഹാകവിയും പറയുന്നു. ഈ പ്രകാരമുള്ളൊരു ചിന്താഗതിയിൽ ഉറച്ചുനിൽക്കുന്നതിനു ചില മൗലികതത്വങ്ങൾ മുറുകെപ്പിടിക്കണം. എല്ലാം ദൈവചിത്തമനുസരിച്ചാണ് സംഭവിക്കുന്നതെന്നുള്ള ചിന്ത നമുക്കു തികച്ചും ആശ്വാസപ്രദമായിരിക്കും. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അറിവുകൂടാതെ ഒരു കുരുവിപോലും നിലംപതിക്കുന്നില്ലെന്നും കേശഭാരത്തിൽനിന്ന് ഒരിഴപോലും വീണുപോകുന്നില്ലെന്നുമുള്ള വിശ്വാസം നമുക്കു ദൃഢമായുണ്ടായിരിക്കണം. പൂർവ്വയൗസേപ്പ് തന്റെ സഹോദരന്മാരുടെ ദുഷ്ടതയിലും മർദ്ദനങ്ങളിലും തന്റെ മഹിമഹത്വത്തിനായി പ്രവർത്തിച്ചിരുന്ന ദൈവപരിപാലനയുടെ കരങ്ങൾ സുവ്യക്തമായി ദർശിക്കയുണ്ടല്ലോ ചെയ്തു. ജീവിതം ഒരു പരീക്ഷണകാലമാണെന്നുള്ളതും ചിന്താർഹമാണ്. പരീക്ഷയ്ക്കുശേഷംമാത്രം സമ്മാനം എന്നാണല്ലോ സാമാന്യനിയമം. ഭൂമിയെത്തന്നെ സ്വർഗ്ഗമാക്കിത്തീർക്കുവാനുള്ള നമ്മുടെ അമിതവാഞ്ഛയാണ് ദൈവപരിപാലനയിൽ അതൃപ്തരായിത്തീരുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. അനന്തതയുടെ തീരത്ത് കാലുകുത്തിയതിനുശേഷമേ ക്ലേശങ്ങളുടെ നിശ്ശേഷസമാപ്തി നാം പ്രതീക്ഷിക്കേണ്ടതുള്ളു. "അവിടെ ദൈവം നമ്മുടെ നയനങ്ങളിൽനിന്ന് കണ്ണുനീർ തുടച്ചുകളയും; മരണമോ, നിലവിളിയോ, പ്രലാപമോ, ഖിന്നതയോ പിന്നീടുണ്ടാകയില്ല; എന്തുകൊണ്ടെന്നാൽ പഴയതെല്ലാം അവസാനിച്ചിരിക്കും." ക്രിസ്തു സ്വർഗ്ഗത്തെ മുൻനിർത്തിക്കൊണ്ട് പറയുന്നു: "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്റെ കുരിശു വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ." നമ്മുടെ പരീക്ഷണത്തിന്റെ മർമ്മം തന്നെ സഹനമാണെങ്കിൽ എന്തിനു നാം ആവലാതിപ്പെടുന്നു?

ചാണക്കല്ല് കത്തിക്കു തിളക്കവും മൂർച്ചയും നൽകുന്നതുപോലെ സങ്കടങ്ങൾ മനുഷ്യജീവിതത്തിനു ശോഭയും മേന്മയും വരുത്തുന്നു. അവ വേഷംമാറിയ അനുഗ്രഹങ്ങളാണ്; ദൈവതൃപ്പാദങ്ങളിൽ അണയുവാനുള്ള കല്പടകളാണ്. തിന്മയിൽനിന്നു നന്മയുളവാക്കുവാൻ സാധിക്കുന്നവനായ ദൈവം, ജീവൻ രക്ഷിക്കുവാൻവേണ്ടി അംഗവിച്ഛേദം ചെയ്യുന്ന ഒരു വൈദ്യനെപ്പോലെയാണു പ്രവർത്തിക്കുന്നത്. ധനനഷ്ടം, ആരോഗ്യനഷ്ടം, മാനനഷ്ടം, പരാജയങ്ങൾ എന്നിവ നേരിടുമ്പോൾ നാം കണ്ണു തുറക്കുകയും ദൈവത്തോടു കൂടുതൽ അടുക്കുകയും ചെയ്യുന്നു. മനുഷ്യഹൃദയങ്ങളെ ഉരുക്കി കറകളഞ്ഞു തനിപ്പൊന്നായി പകർത്തുവാനുള്ള ശക്തി കഷ്ടാനുഭവങ്ങൾക്കുണ്ട്. "ഇതൊഴിച്ചു വേറെ വല്ല കഷ്ടപ്പാടുമായിരുന്നെങ്കിൽ അതു സഹിക്കാമായിരുന്നു" എന്നു ചിലർ പറയാറുണ്ട്. വേറെ വല്ല കഷ്ടപ്പാടുകൾ വരുമ്പോഴും അവർ ഇപ്രകാരംതന്നെ ആവലാതിപ്പെടും. രോഗിക്കിഷ്ടമുള്ള മരുന്നല്ല, വൈദ്യൻ കല്പിക്കുന്നതാണ് രോഗശമനത്തിനാവശ്യം. ഒരേസമയം ഒരാൾതന്നെ വൈദ്യനും രോഗിയുമായിത്തീർന്നാൽ ഉദ്ദിഷ്ടഫലമുണ്ടാകുമോ? ചിലർ ക്ലേശങ്ങളുടെ "പെരുങ്കടൽ കല്ലോലമാലയിൽ" പെട്ട് അലഞ്ഞുകഴിഞ്ഞു കരകാണാതെ നെടുവീർപ്പിടുമ്പോൾ അയൽവീട്ടുകളിലേക്കു ദൃഷ്ടികളെ തിരിക്കുന്നു: "ഹാ, അവർക്ക് എത്ര സുഖം" എന്ന് അവർ അസൂയപ്പെടുന്നു. "എനിക്ക് എന്നും കഷ്ടപ്പാടുകൾതന്നെ" എന്ന് അവർ ആവലാതിപ്പെടുന്നു. എന്നാൽ യഥാർത്ഥത്തിൽ അയൽവീട്ടിലെ വക്കിച്ചേട്ടനും തെക്കേതിലെ തേനമ്മയ്ക്കും അവരുടെ ക്ലേശങ്ങളുടെ നീണ്ട കഥകൾതന്നെ പറയുവാനുണ്ടായിരിക്കും. ബാഹ്യവീക്ഷണംകൊണ്ട് അവയൊന്നും ഗ്രഹിച്ചെന്നു വരികയില്ല; എന്നാൽ അടുത്തുചെന്നു നോക്കിയാൽ—അവരുടെ കഷ്ടപ്പാടുകളെപ്പററി യഥാർത്ഥവിവരങ്ങൾ ലഭിക്കുമ്പോൾ—നമ്മുടെ കുരിശുകൾ എത്രയോ ചെറിയതാണെന്നു നമുക്കു ബോദ്ധ്യമാകും. പേർസ്യൻ മഹാകവിയായ സാദി (Sadi) പറയുന്നു: "എന്റെ പാദങ്ങൾ നഗ്നങ്ങളാകയും പാദരക്ഷകൾ വാങ്ങുവാനുള്ള പണമില്ലാതിരിക്കയും ചെയ്തപ്പോൾ ഞാൻ എന്റെ നിർഭാഗ്യസ്ഥിതിയെക്കുറിച്ച് പിറുപിറുത്തു; ഏറെ ഭാരത്തോടെ ഞാൻ ദേവാലയത്തിൽ പ്രവേശിച്ചു. അപ്പോൾ അവിടെ രണ്ടു കാലുകളും നഷ്ടപ്പെട്ട ഒരു മനുഷ്യനെ ഞാൻ കണ്ടു. ഉടനെ ഞാൻ എന്നോടുള്ള ദൈവത്തിന്റെ ഔദാര്യത്തിനു സ്തുതിയും കൃതജ്ഞതയും പ്രകാശിപ്പിക്കയും ചെരിപ്പുകളില്ലാത്ത അസൗകര്യത്തെ ക്ഷമയോടെ സഹിക്കയും ചെയ്തു."

ചില മാതാപിതാക്കന്മാർ കരഞ്ഞുകൊണ്ട് ഗൽഗദത്തോടെ പറയുന്നു: "അയ്യോ, ഞങ്ങളുടെ കുടുംബത്തിൽ ഈ കഷ്ടപ്പാടുകളെല്ലാം വന്നുചേരുവാൻ ഞങ്ങൾ എന്തപരാധമാണ് ചെയ്തിട്ടുള്ളത്? ഞങ്ങൾ ജീവിതത്തിന്റെ ഏടുകൾ മറിച്ചുനോക്കി; എന്നാൽ ഈ ക്ലേശങ്ങളെല്ലാം വന്നുഭവിക്കുവാൻ തക്കതായുള്ള അധർമ്മങ്ങൾ യാതൊന്നുംതന്നെ ചെയ്തതായി ഞങ്ങൾ കാണുന്നില്ലല്ലോ. പിന്നെ എന്താണു ഇങ്ങനെ സംഭവിക്കുന്നത്?" അതെ, നിരപരാധികളായ സജ്ജനങ്ങൾ കൊടുംയാതനകൾ അനുഭവിക്കയും പാപികളും ദുഷ്ടന്മാരും സുഖൈശ്വര്യങ്ങളിൽ സാനന്ദം ആറാടുകയും ചെയ്യുന്നതു കാണുമ്പോൾ ചിലരുടെ വിശ്വാസത്തിന്റെ അടിത്തറകൾതന്നെ ഇളകിപ്പോകുന്നു. ഈ ലോകം നീതിയുടെ പരമമായ പ്രകടനത്തിന്റെ രംഗമല്ലെന്നും ഭാവിജീവിതത്തിൽ മാത്രമേ നീതിയുടെ പരിപൂർണ്ണമായ പ്രകടനമുണ്ടാകയുള്ളുവെന്നും യുക്തിയും വിശ്വാസവും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ കാൽവരിയിലെ സന്താപനിർഭരമായ രംഗത്തിലേക്കു ദൃഷ്ടികൾ തിരിക്കുന്നതോടുകൂടി സുന്ദരവും ഗഹനാർത്ഥകവുമായ ഏതാനും ഒരംശം ലോകദുരിതങ്ങളിൽ മറഞ്ഞുകിടപ്പുണ്ടെന്നുള്ള ബോധം നമ്മിലുദിക്കുന്നു. ക്രിസ്തു നിരപരാധിയും നിഷ്കളങ്കനുമായിരുന്നു; തന്റെ പരിശുദ്ധ മാതാവും അപ്രകാരംതന്നെ. ഇവർ എന്തുമാത്രം ദുരിതങ്ങൾ സഹിച്ചു! ലോകത്തിലെ ആയിരക്കണക്കിനുള്ള അങ്ങേ സ്നേഹിതന്മാർക്കും ദൈവം നൽകിയതു കുരിശുകളും സങ്കടങ്ങളുമല്ലേ? അങ്ങനെയെങ്കിൽ പീഡകൾ എല്ലായ്പോഴും പാപത്തിനുള്ള ശിക്ഷയല്ല; ദൈവകോപത്തിന്റെ അടയാളവുമല്ല; പ്രത്യുത ക്രിസ്തുവിന്റെ കുരിശിൽ നമുക്കുള്ള അംശമാണത്. ക്രിസ്തുവിനോടുകൂടി സ്വന്തകുരിശും വഹിച്ചുകൊണ്ട് കാൽവരി മലയിലേക്കു ചെയ്യുന്ന ഒരു പുണ്യയാത്രയായിട്ടാണ് സഹനത്തെ കണക്കാക്കേണ്ടത്. ഈ തത്വങ്ങൾ കുടുംബാംഗങ്ങളിൽ ദൃഢമൂലമാകുന്ന; കുട്ടികൾപോലും ക്ലേശങ്ങൾ സഹിക്കുന്നതിൽ തീക്ഷ്ണത പ്രദർശിപ്പിക്കട്ടെ. അപ്പോൾ നിരാശയുടെ കരിനിഴലുകൾ ഓടിയൊളിക്കും; സമാധാനത്തിന്റെയും പുണ്യജീവിതത്തിന്റെയും അന്തരീക്ഷം ഉൽഭൂതമാകയും ചെയ്യും.

(ജെ ചെമ്മണൂർ)




ഒരു ഗ്രാമീണവൃദ്ധനെ പരിഷ്കാരിയായ ഒരു യുവാവ് തന്റെ കാറിൽ കയററിക്കൊണ്ടുപോയി. കുറെ കഴിഞ്ഞപ്പോൾ കാറൊരു മരത്തിൽ ചെന്നടിച്ചു. രണ്ടുപേരും കാറിൽനിന്നും തെറിച്ചുപോയി. ആർക്കും സാരമായ പരുക്കുകളൊന്നുംപററിയില്ല. വൃദ്ധനാകട്ടെ, ഉടൻ പിടഞ്ഞെഴുന്നേററ് ചാരിതാർത്ഥ്യത്തോടെ പറകയാണ്: "കൊള്ളാം മോനെ, ഇവിടംവരെ കൊണ്ടുവന്നാക്കിയതിൻ നന്ദി. പക്ഷെ എനിക്കൊരു സംശയമുള്ളത് മരമൊന്നും കണ്ടില്ലെങ്കിൽ ഉദ്ദേശിക്കുന്ന സ്ഥലത്തു കാർ നിർത്തുന്നതു എങ്ങനെയെന്നാണ്."

* * *

പട്ടാളത്തിൽ പോയ മകൻ അയച്ചതെന്നുംപറഞ്ഞു തപാൽശിപായി 25 രൂപയുടെ ഒരു മണിയോർഡർ പഴയപ്പിന്നിനു കൊണ്ടുവന്നുകൊടുത്തു. ശിപായി പോയശേഷം നോക്കിയപ്പോൾ ഒരു രൂപ എട്ടക്കാത്തതായിരുന്നു. അതുകണ്ട് കുണ്ഠിതനായ വൃദ്ധൻ പറകയാണ്. "ഈ എട്ടക്കാത്ത രൂപനോക്കി അവൻ എനിക്കു അയച്ചുതന്നല്ലോ."

* * *

മറിയാമ്മ: ആ ഏലിയാമ്മയുണ്ടല്ലോ, അവൾക്കു ഞാൻ ധരിക്കുന്ന സാരികളുടെയെല്ലാം വിലയറിയണം. ഇന്നലെ ഈ പുതിയ സാരിയുടെയും വിലചോദിച്ചു.

ത്രേസ്യാമ്മ: അവൾക്കെന്തൊരു ജിജ്ഞാസ. ഈ സ്വഭാവം പെണ്ണുങ്ങൾക്കു ചേർന്നതല്ല. ആകട്ടെ, നീ എന്തു വിലയെന്നാണ് അവളോടു പറഞ്ഞതു്?

* * *

"നിങ്ങൾ ആ കുട്ടിക്കും ഒരു ടിക്കററ് മേടിക്കണം. അല്ലാതെ പററുകയില്ല." —ടിക്കററ് ചെക്കുചെയ്യുവാൻ വന്ന റെയിൽവെ ഉദ്യോഗസ്ഥൻ ഗൗരവപൂർവ്വം പറഞ്ഞു.

"അവനു ടിക്കററു മേടിക്കാൻ എന്നെക്കൊണ്ടു സാധിക്കയില്ല." സമീപത്തിരുന്നിരുന്ന സ്ത്രീ പ്രതിവചിച്ചു.

"റെയിൽവെ റൂളുകൾ അനുസരിക്കാതെ നിവൃത്തിയില്ലല്ലോ. അവനെത്ര വയസ്സായി?"

"എനിക്കറിഞ്ഞുകൂടാ. ഇന്നാദ്യമായിട്ടാണ് ഞാനവനെ കാണുന്നതു്."

## 27-ാമത്തെ മിഷനറിസമൂഹം

"ക്രിസ്ത്യൻ ബ്രദേഴ്സ്" എന്ന സന്യാസസഭ അടുത്തുതന്നെ ജപ്പാനിൽ മിഷൻപ്രവർത്തനമാരംഭിക്കുന്നതാണ്. അവർ സ്ഥാപിക്കുന്ന പ്രഥമവിദ്യാലയം യോക്കോഹാമിലായിരിക്കും. യുദ്ധത്തിനുശേഷം ജപ്പാനിൽ പ്രവർത്തനമാരംഭിക്കുന്ന 27-ാമത്തെ മിഷനറിസമൂഹമാണ് അവരെന്നതു പ്രസ്താവ്യമത്രെ.

## പുതിയ കപ്പേള

വി. മരിയ ഗൊരേത്തിയുടെ തിരുശ്ശേഷിപ്പുകൾ സൂക്ഷിക്കുവാനായി നെററുണോയിലെ "വരപ്രസാദനാഥ"യുടെ ദേവാലയത്തിനു സമീപം ഒരു പുതിയ കപ്പേള പണിചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

വിമർശനവീഥി

# ആഹാരപ്രശ്നത്തെപ്പറ്റി വിദഗ്ദ്ധന്മാരുടെ അഭിപ്രായം

ഒരു കുടുംബത്തിൽ 10 അംഗങ്ങൾ ഉണ്ടെന്നും എല്ലാവർക്കും മതിയാകുന്നിടത്തോളം ഭക്ഷ്യവിഭവങ്ങൾ സ്വാധീനത്തിലില്ലെന്നും വിചാരിക്കുക. ഇതിനു പ്രതിവിധിയെന്താണ്? കുടുംബാംഗങ്ങളിൽ കുറേപേരെ ആയുധത്താലോ ഔഷധത്താലോ, കുറയടിക്കും സംവിധാനത്തിലോ, കൊന്നൊടുക്കി ആളുകളും ആഹാരവും തമ്മിൽ സമീകരണം വരുത്തുകയാണോ? ആണെന്നാണ് ജനനനിരോധനക്കാരുടേയും മറ്റും മുറവിളി. ഈ പ്രതിവിധി ഏറ്റവും അസന്മാർഗ്ഗികമാണെന്നുള്ളതു പോകട്ടെ; അതേതാറവും യുക്തിഹീനവുമാണ്. കുടുംബനാഥന്റെ സ്വന്തം ഉടമയിൽ പാടങ്ങളും പുരയിടങ്ങളും തരിശായികിടപ്പുണ്ടെന്നു വിചാരിക്കുക; അവയെ വേണ്ടവിധം കൃഷിക്ക് ഉപയുക്തങ്ങളാക്കുകയും അവയിൽ ഭക്ഷ്യവിഭവങ്ങൾ വിളയിപ്പിക്കുകയും അങ്ങനെ ആളുകളും ആഹാരവും തമ്മിൽ സമീകരണം വരുത്തുകയുമാണ് യുക്തിപൂർവ്വകമായ നടപടി. ഈ പ്രതിവിധിയാണ് ശാസ്ത്രവിദഗ്ദ്ധന്മാർ ആഗോളമായ ആഹാരപ്രശ്നത്തിനു നിർദ്ദേശിക്കുന്നതു്. "യുനെസ്കോ"യെന്ന ശാസ്ത്രവിദഗ്ദ്ധന്മാരടങ്ങിയ സർവ്വരാജ്യസംഘടനയുടെ ആഗോളമായ ആഹാരപ്രശ്നത്തെപ്പററിയുള്ള ഔദ്യോഗികമായ പ്രഖ്യാപനത്തിന്റെ ഒരുഭാഗം കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ഉദ്ധരിച്ചിരുന്നല്ലോ. ഇടന്നുള്ള ഭാഗമാണ് താഴെ ചേർക്കുന്നതു്.

## ആഹാരങ്ങൾ നശിപ്പിച്ചതു്

യുദ്ധത്തിനുമുമ്പ്, ചില രാജ്യങ്ങളിൽ, വിലകയററം നിലനിർത്തുവാൻവേണ്ടി ലക്ഷോപലക്ഷം ടൺ ഭക്ഷ്യവിഭവങ്ങൾ നശിപ്പിച്ചിരുന്നു; കൃഷിക്കാർ അവരുടെ വിളവുകൾ ഭൂമിക്കടിയിൽ കുഴിച്ചുമൂടിയിരുന്നു; പാൽ കാനകളിൽ കമഴ്ത്തിക്കളഞ്ഞിരുന്നു; ധാന്യങ്ങളും കാപ്പിക്കുരുവും തീവണ്ടികളിൽ വിറകിനുപകരം കത്തിച്ചുകളഞ്ഞിരുന്നു; ഉരുളക്കിഴങ്ങു കൂട്ടിക്കൂട്ടി ചീഞ്ഞഴിയാൻ അനുവദിച്ചിരുന്നു; ധുരന്ധരങ്ങളെ വർഷം കുലച്ചിരിക്കുന്ന ഫലങ്ങൾ അടിച്ചുകയററി നശിപ്പിച്ചിരുന്നു; പന്നിക്കുട്ടികളെ കൊന്നൊടുക്കിയിരുന്നു; എന്നാൽ ഈ നശീകരണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ലോകത്തിൽ പട്ടിണി നടമാടുകയും ചെയ്തിരുന്നു. ഇന്നും വീണ്ടും ക്രമാതീതമായ ഉല്പാദനം ഭക്ഷ്യവിഭവങ്ങളുടെ വിലയെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ലോകം ചെറുതായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ മാർച്ചിൽ ഗോതമ്പുകിട്ടാതെ വിഷമിക്കുന്ന 36 രാജ്യങ്ങൾ ഗോതമ്പു കയററുമതി ചെയ്യുന്ന 5 രാജ്യങ്ങളുമായി ഒരുമ്പടിചെയ്തു, അടുത്ത 5 കൊല്ലത്തേക്ക് ഗോതമ്പിന്റെ വില ബുദ്ധിപൂർവ്വം നിജപ്പെടുത്തുവാൻവേണ്ടി. ഇത്തരം സാർവ്വദേശീയങ്ങളായ ഉടമ്പടികൾ മററു ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിലും ഉണ്ടാകുന്നതു്, ക്രമത്തിൽ കാണുന്നതോതിൽ മാത്രം തിന്നാനുള്ള ലോകത്തിൽ ക്രമാതീതമായ ഉല്പാദനം നടക്കുന്ന വിരോധാഭാസത്തെ ദൂരീകരിക്കുവാൻ സഹായകമായിരിക്കും.

## പുതിയ സ്വാതന്ത്ര്യപ്രഖ്യാപനം

കഴിഞ്ഞയുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ അററ്ലാന്റിക് ചാർട്ടർ ഒരു പുതിയതരം സ്വാതന്ത്ര്യത്തെ പ്രഖ്യാപിച്ചു—ദാരിദ്ര്യത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തെ. കഴിഞ്ഞവർഷത്തിൽ, സമാധാനവും വിജയവും കൈവരിച്ചശേഷം, ഐക്യരാഷ്ട്രസംഘടന മനുഷ്യാവകാശങ്ങളുടെ സാർവ്വലൗകികസംഹിത രൂപീകരിക്കുകയും ചെയ്തു. അതിൽ മനുഷ്യന്റെ പരമ്പരാഗതമായ സ്വാതന്ത്ര്യങ്ങളെ—ആളിന്റെയും സംസാരത്തിന്റെയും ചിന്തയുടേയും സ്വാതന്ത്ര്യങ്ങളെ പ്രഖ്യാപിച്ചതോടുകൂടി താഴെകാണുന്ന വകുപ്പുകളും ചേർത്തിരുന്നു.

"ഓരോ മനുഷ്യനും തന്റേയും തന്റെ കുടുംബത്തിന്റേയും ആരോഗ്യത്തിനും സുസ്ഥിതിക്കും മതിയാകുന്ന ജീവിതത്തോതു ലഭിക്കുവാൻ അവകാശമുണ്ടു്."

## പുതിയ സമരം പുതിയ ആയുധം

എന്നാൽ മനുഷ്യരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും പ്രഖ്യാപനങ്ങൾ കൊണ്ടുമാത്രം ലഭിക്കുകയില്ല. മനുഷ്യവംശം ഭൂതകാലങ്ങളിൽ അവരുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതിയിരുന്നതുപോലെ, ഭക്ഷിക്കുവാനുള്ള ഈ പുതിയ അവകാശത്തിനുവേണ്ടിയും പൊരുതേണ്ടിയിരിക്കുന്നു.

ഈ സമരത്തിൽ ആയുധങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ബുൾഡോസറുകൾ, ടെസ്റ്റ്ട്യൂബുകൾ, ഡി. ഡി. ടി. കൾ, ട്രാക്ടറുകൾ, അണകൾ, ഭൂതക്കണ്ണാടികൾ, എലക്ട്രിക് ശക്തിയന്ത്രങ്ങൾ, പെൻസിലിനുകൾ, വിത്തുകൾ, നിലങ്ങൾ, ജലസേചനങ്ങൾ എന്നിവയാണ് ഈ ആയുധങ്ങൾ. ശാസ്ത്രീയജ്ഞാനത്തിന്റെയും സാങ്കേതിക സാമർത്ഥ്യത്തിന്റെയും ആയുധങ്ങളായ ഇവയെക്കൊണ്ട് ആഹാരസമ്പാദിക്കുവേണ്ടിയുള്ള ആസന്നമായ സമരത്തിൽ വിജയംവരിക്കുവാൻ മനുഷ്യവർഗ്ഗത്തിനു സാധിക്കും.

ഇക്കൊല്ലത്തിൽ ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തികവും സാമുദായികവും സമിതി ആസൂത്രണം ചെയ്യുകയാണ്, ലോകത്തിന്റെ വികസിതങ്ങളല്ലാത്ത ഭാഗങ്ങളിൽ ജീവിതത്തോതു് ഉയർത്തുവാൻവേണ്ടി. ഭക്ഷണവും കൃഷിയും സംബന്ധിച്ചുള്ള സർവ്വരാജ്യസംഘടന (F. A. O) വ്യാപൃതമായിരിക്കുകയാണ്, 5 ഭൂഖണ്ഡങ്ങളിലേയും ഭക്ഷ്യവർദ്ധകന്മാരെ ശാസ്ത്രത്തിന്റെ പുതിയ സാങ്കേതികവശം മനസ്സിലാക്കിക്കൊടുക്കുവാൻ.

## എല്ലാവരും പങ്കെടുക്കണം

എന്നുവരികിലും ശാസ്ത്രവിദഗ്ദ്ധന്മാർ മാത്രമല്ല ലോകത്തിലെ ജനതതികളെ തീററിപ്പോററേണ്ടതു്. ലോകത്തിലെ ജനതതികൾ തന്നെ വേണം തങ്ങളെ തീററിപ്പോററുവാൻ. ശാസ്ത്രത്തിന്റെ ആയുധങ്ങൾ കരങ്ങളിൽ ഏന്തുമ്പോൾ അവർക്കു സാധിക്കുകയും ചെയ്യും. യുനെസ്കോയുടെ ഡയറക്ടർ ജനറലായ ഡോക്ടർ ജയിംസ് ടോറെ ബോദെ (Torres Bodet) ഈ വസ്തുത വിശദമാക്കിക്കൊണ്ട്, ജീവിതത്തോതുയർത്തുവാനുള്ള ഐക്യരാഷ്ട്രസംഘടനയുടെ ആസൂത്രണത്തിൽ യുനെസ്കോ പങ്കുവഹിച്ചുകൊള്ളാമെന്നു് ശപഥം ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും:—

"ചരിത്രസംഭവങ്ങളാലും ഭൂമിയുടെ കിടപ്പിനാലും ദുർഭഗരായിത്തീർന്നിരിക്കുന്നവർ കൂടുതൽ സുഭഗരായവരുടെ ജീവിതത്തോതിലെത്തുവാൻ, പുരോഗമനത്തിനുള്ള മാർഗ്ഗങ്ങളെ അവർക്കു പ്രദാനംചെയ്താൽ പോരാ. ആ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാനുള്ള കഴിവും ആഗ്രഹവുംകൂടി അവർക്കു പ്രദാനംചെയ്യേണ്ടിയിരിക്കുന്നു."

ഭക്ഷ്യസമ്പാദിക്കുവേണ്ടിയുള്ള ഈ സമരത്തിൽ യുനെസ്കോയുടെ കർത്തവ്യമെന്തെന്നാൽ, ദാരിദ്ര്യത്തോടൊന്നിച്ചിരിക്കുന്ന അജ്ഞതയേയും, പട്ടിണിയോടൊന്നിച്ചിരിക്കുന്ന പരിജ്ഞാനക്കുറവിനെയും, രോഗത്തിന്റെ ഫലമായുണ്ടാകുന്ന അലസതയേയും പൊരുതി ഇല്ലാതാക്കുകയാണ്. യുനെസ്കോയുടെ ഈ യുദ്ധത്തിൽ ചേർന്നു നാം എല്ലാവരും പൊരുതുകയുംവേണം. ഈ പോരാട്ടത്തിനുള്ള ആയുധങ്ങളാകട്ടെ വാക്കുകളും ആശയങ്ങളും, വസ്തുതകളും കണക്കുകളും, ചർച്ചകളും തീരുമാനങ്ങളും ആകുന്നു. ഈ ആയുധശേഖരണമന്ദിരം നിറയ്ക്കുവാൻവേണ്ടി, എല്ലായിടങ്ങളിലുമുള്ള ജനങ്ങൾ അതിൽനിന്നു വിജ്ഞാനം സ്വീകരിച്ചു സ്വയം ആയുധധാരികളാകുവാൻവേണ്ടി, യുനെസ്കോ അതിൽ ശേഖരിച്ചിട്ടുണ്ടു്, ലഘുലേഖകളും പടങ്ങളോടുകൂടിയ പുസ്തകങ്ങളും ഫിലിമുകളും; ആഹാരത്തിന്റെയും ആളുകളുടേയും പ്രശ്നത്തെപ്പററി പ്രതിപാദിക്കുന്നവ. പാരിസിലുള്ള യുനെസ്കോ മന്ദിരത്തിൽനിന്നോ നിങ്ങളുടെ യുനെസ്കോ നാഷണൽ കമ്മീഷനിൽനിന്നോ ഇവ ലഭിക്കാവുന്നതാണ്.


ലോകം സ്വതന്ത്രമായും സമാധാനമായും കഴിഞ്ഞുകൂടണമെങ്കിൽ, നിങ്ങളും ഞാനും—നാമെല്ലാവരും, ആഹാരത്തിന്റെയും ആളുകളുടേയും ഈ പ്രശ്നം പരിഹരിച്ചേ മതിയാവൂ. ശാസ്ത്രത്തെ നാം ഉപയോഗപ്പെടുത്തേണ്ടതു് സമുദ്രങ്ങൾക്കപ്പുറമുള്ള പട്ടണങ്ങളെ നിർമ്മൂലമാക്കുന്നതിനാണോ, അല്ലെങ്കിൽ പട്ടിണികിടക്കുന്ന ലോകത്തെ തീററിപ്പോററുന്നതിനാണോ?

ഇൻഡ്യയിൽത്തന്നെയും നേരേ-മൽത്തൂസിയൻ (ജനനനിരോധന) സമ്പ്രദായങ്ങൾക്കായി ഇപ്പോൾ മുറവിളികൂട്ടികൊണ്ടിരിക്കുന്നതിനാൽ ഇവിടെയും അതിനു മറുപടിയായി നാം ആവർത്തിച്ചാവർത്തിച്ചു ഘോഷിക്കേണ്ട മുദ്രാവാക്യമെന്തെന്നാൽ "ജനനനിരോധനം വേണ്ട; അതു് അബദ്ധവും അസാന്മാർഗ്ഗികവുമാണ്; ഭക്ഷ്യവർദ്ധനപ്രസ്ഥാനം വേണം."

യുനെസ്കോയുടെ സുവിദിതമായ ഈ വിധിപ്രസ്താവം ജനപ്പെരുപ്പത്താൽ പരിഭ്രാന്തരായി ജനങ്ങളെ കൊന്നൊടുക്കുവാൻ ബദ്ധപ്പെടുന്ന പ്രസ്ഥാനക്കാരുടെ കണ്ണുതുറപ്പിക്കുവാൻ സംഗതിയാകട്ടെ!

# ബ്രദർ ആൻഡ്റെ സിദ്ധപദത്തിലേക്കു്

1937 ജനുവരി 16-ാംനു മോൺട്രിയലിനു (അമേരിക്ക) സമീപമുള്ള വില്ല് സെന്റ് ലോറന്റിൽവച്ചു നിര്യാതനായ ആൻഡ്റെ എന്ന സന്യാസ



സഹോദരനെ സിദ്ധൻ എന്ന പേരു വിളിക്കുന്നതു സംബന്ധിച്ച അന്വേഷണം ഔദ്യോഗികമായി സമർപ്പിക്കുന്നതിനായി ഫാദർ ആൽഫ്റെഡ ലപ്പാന്റ് എന്ന കനേഡിയൻ വൈദികൻ റോമിലേക്കു പുറപ്പെട്ടിരിക്കുന്നു. അദ്ദേഹം "വി. കുരിശിന്റെ സംഘം" എന്ന സഭയിലെ അംഗമാണ്. ബ്രദർ ആൻഡ്റേയും അതിലെ അംഗമായിരുന്നു. ഈ സഹോദരന്റെ സഹായംവഴി പല അത്ഭുതങ്ങളും നടന്നതായി പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ ജീവചരിത്രം 1947 നവംബർ 28-ാംനുയിലെ സത്യദീപത്തിൽ ചേർത്തിരുന്നതാണ്.

## ബഹുഭാര്യാത്വം നിയമവിരുദ്ധം

ബഹുഭാര്യാത്വം നിയമവിരുദ്ധമാക്കുന്ന ഒരു ഡിക്രി ബൽജിയം കോംഗോയിൽ പ്രസിദ്ധീകൃതമായിരിക്കുന്നു. അടുത്ത ജനുവരി 1-ാംനുമുതൽ പ്രസ്തുത ഡിക്രി പ്രയോഗത്തിൽ വരുന്നതാണ്.

## കന്യാസ്ത്രീകളുടെ ആസ്പത്രി

അമേരിക്കയിൽ മൊൺടീയൽ എന്ന സ്ഥലത്തു എട്ടുലക്ഷം ഡോളർ വ്യയം ചെയ്തു് ഏററവും ആധുനികമായ സജ്ജീകരണങ്ങളോടുകൂടി ഒരാസ്പത്രി സ്ഥാപിച്ചിരിക്കുന്നു. ക്ഷയം, കാൻസർ, ആസ്ത്മ ആദിയായ രോഗങ്ങൾക്കുള്ള ചികിത്സയാണു പ്രധാനമായി അവിടെ നടത്തുവാൻ ഉദ്ദേശിക്കുന്നതു്. സെന്റ് ജോസഫ്സ് ഹോസ്പിററൽ എന്നാണ് ആസ്പത്രിയുടെ പേർ. അതിന്റെ നേതൃത്വം വഹിക്കുന്നതു "കാരുണ്യസഹോദരികൾ" (Misericordia Sisters) എന്ന സന്യാസിനീസമൂഹമാണ്. 600 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു അവിടെ എല്ലാവിധ സൗകര്യവുമുണ്ടു്. 80 നഴ്സുമാരും 40 കന്യാസ്ത്രീകളുമുൾപ്പെടെ 350 പേർ ആസ്പത്രിയിൽ ജോലി ചെയ്യുന്നതായിരിക്കും.

## പ്രസാധകരുടെ മദ്ധ്യസ്ഥൻ

വി. ജോൺ ബോസ്കോയെ ഇററാലിയൻ കത്തോലിക്കാ പ്രസാധകരുടെ മദ്ധ്യസ്ഥനായി പ. പിതാവു് പ്രഖ്യാപനം ചെയ്തിരിക്കുന്നു.

കൊറിയായുടെ പ്രതിനിധി

## കത്തോലിക്കൻ

കൊറിയൻ റിപ്പബ്ലിക്കിന്റെ ഒന്നാമത്തെ പ്രതിനിധിയായി അമേരിക്കൻ ഐക്യനാടുകളിലേക്കു് അയക്കപ്പെട്ടിരിക്കുന്ന ഡോക്ടർ ജോൺ മയൺ ചാംഗ് ഒരു കത്തോലിക്കനാണ്. കൊറിയൻ നാഷനൽ അസംബ്ലിയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട കത്തോലിക്കനും അദ്ദേഹമത്രെ. ഐക്യരാഷ്ട്രസമിതിയിലേക്കു് നിയുക്തമായ പ്രതിനിധിസംഘത്തിന്റെ പ്രധാനേതാവും ഡോക്ടർ ചാംഗ് തന്നെയായിരുന്നു. സിയോളിലെ ഒരു കത്തോലിക്കാ പ്രതിദിനപത്രത്തിന്റെ അധിപരെന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം രാഷ്ട്രീയ രംഗത്തു പടിപടിയായി ഉയർന്നുവരുകയാണുണ്ടായതു്.

ഡോക്ടർ ചാംഗ് തന്റെ ആസ്ഥാനമുറപ്പിച്ചിരിക്കുന്നതു വാഷിംഗ്ടണിലാണ്. കൊറിയൻ ജനതയോടുള്ള സഹതാപം പ്രദർശിപ്പിച്ചുകൊണ്ടു് അനുദിനം അനേകം കമ്പിസന്ദേശങ്ങളും എഴുത്തുകളും അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ "നാഷനൽ കത്തലിക് വെൽഫെർ കോൺഫറൻസ്" കൊറിയൻ ജനതയ്ക്കു ചെയ്തുകൊണ്ടിരിക്കുന്ന ധനസഹായത്തിനു നന്ദിപ്രകാശിപ്പിച്ചുകൊണ്ടു് അദ്ദേഹം പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയിൽ യുദ്ധസാഹചര്യങ്ങൾ നിമിത്തം നിരാശ്രയരായി ഭവിച്ചിരിക്കുന്ന തന്റെ നാട്ടുകാരെ തുടർന്നും സഹായിക്കണമെന്നു് അഭ്യർത്ഥിച്ചിരിക്കുന്നു.

പ്രാർത്ഥനയുടെ ആവശ്യകതയെപ്പററിയും അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ടു്: "വളരെ പ്രാർത്ഥന, ഇപ്പോഴത്തെക്കാൾ വളരെയധികം പ്രാർത്ഥന, നമുക്കാവശ്യമായിരിക്കുന്നു. വെടിയുണ്ടകൾ നമുക്കാവശ്യമില്ല. നമ്മുടെ പ്രാർത്ഥനയുടെ സ്വരം വിപുലമായ തോതിൽ സ്വർഗ്ഗത്തിലേക്കുയരട്ടെ. ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ അതു ആവർത്തിച്ചു പ്രഖ്യാപനം ചെയ്യട്ടെ. നമ്മുടെ പരിപാവനമായ പ്രത്യാശകളെല്ലാം അതു അങ്ങിൽ നിക്ഷേപിക്കട്ടെ."

കത്തോലിക്കാ ബാലിക

## സമ്മാനാർഹയായി

ജപ്പാനിൽ ഈയിടെ നടത്തിയ പ്രസംഗമത്സരത്തിൽ, ഹിരോഹിതോ ചക്രവർത്തിയുടെ സഹോദരൻ ടകമാറ്റ്സു രാജകുമാരൻ നല്കിയ വെള്ളിക്കപ്പിനു് അർഹയായി ഭവിച്ചതു സേക്രഡ് ഹാർട്ട് സർവ്വകലാശാലയിലെ മിസ്സ് എ ടോമി എന്ന കത്തോലിക്കാ ബാലികയാണ്. ഈ ബാലിക, കുറേകൊല്ലങ്ങൾക്കുമുമ്പ് അർജന്റീനയിലേക്കയക്കപ്പെട്ടിരുന്ന ഒരു ജാപ്പനീസ് പ്രതിനിധിയുടെ പുത്രിയും മനസ്സുതിരിഞ്ഞു കത്തോലിക്കാസഭയിൽ പ്രവേശിച്ച ഒരാളുമാണ്.

## പുതിയ ബസിലിക്ക

യരുസലത്തു നമ്മുടെ കർത്താവിന്റെ കഴിമാടത്തിനു മുകളിലായി ഇപ്പോഴത്തെ ബസിലിക്കയുടെ ഇരട്ടി വലുപ്പം വരുന്ന ഒരു ബ്രഹ്മാണ്ഡദേവാലയം നിർമ്മിക്കുന്നതു സംബന്ധിച്ച പദ്ധതി വത്തിക്കാനിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്നു.

ചെറുകഥ

# കുഞ്ഞന്നാമ്മയുടെ പ്രതികാരം

(ജെ. പി. ആനന്ദഭവൻ)

അമ്മാവിയുടെയും മററു ബന്ധുജനങ്ങളുടെയും പ്രതിഷേധം വകവയ്ക്കാതെ കുഞ്ഞന്നാമ്മ മകൾമറിയക്കുട്ടിയെ കോൺവെൻറിലും, മകൻ ജോണിയെ പള്ളിവക പള്ളിക്കൂടത്തിലും ചേർത്തു. പൗലോസിന്റെ ഭാര്യയും മററും ഈ വിഷയത്തിൽ കുഞ്ഞന്നാമ്മയോടു കൂടുതൽ അമർഷം പ്രകടിപ്പിച്ചു. "അവൾ ആകപ്പാടെ വകതിരിവില്ലാത്തവളായിപ്പോയി. ആരെയും അനുസരിക്കുന്നില്ല. ഇതെവിടെച്ചെന്നവസാനിക്കുമോ എന്തോ?"

കുലമഹിമയും പണപ്പെരുമയും മാത്രം പ്രഥമവും പ്രധാനവുമായി കരുതുന്ന ബന്ധുജനങ്ങളെക്കാൾ ശോഭനതരമായിട്ടാണു് കുഞ്ഞന്നാമ്മയുടെ ദിവസങ്ങൾ മുമ്പോട്ടുപോയതു്. കിഴക്കു വെള്ള വീശുമ്പോൾ ഉറക്കമിളയ്ക്കുന്ന അവൾക്കു് ഉഷസ്സന്ധ്യ ഹൃദയത്തിനു കുളിർമ്മ വിതറി. പള്ളിയിൽനിന്നും അപ്പോൾ മുഴങ്ങുന്ന മണിനാദം അവളുടെ പ്രാർത്ഥനയോടൊന്നിച്ചു് ഹൃദയവും ദൈവത്തിങ്കലേക്കുയർത്തി. മദ്ധ്യാഹ്നസൂര്യൻ മനസ്സിനു് ഉഷ്ണത്തിനുപകരം ആശ്വാസം നല്കി. സായാഹ്നകാലം പ്രകൃതിരമണീയകത്തോടൊന്നിച്ചു് ഒരു ദിവ്യമായ ആനന്ദാനുഭൂതി അവളിൽ കോരിച്ചൊരിഞ്ഞു. ആ മുഹൂർത്തങ്ങളിൽ അവൾ കുഞ്ഞുങ്ങളുമായി ത്രിസന്ധ്യാപ്രാർത്ഥന നടത്തുന്ന കാഴ്ച അവരാച്ചന്റെ ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു ആനന്ദത്തിന്റെ കിക്കിളിക്കൂട്ടുകയാണുണ്ടായതു്.

ഒരു തിങ്കളാഴ്ചയായിരുന്നു അന്നു്. മണി നാലുകഴിഞ്ഞു. വെയിലിനു് ഏതാണ്ടൊരു ശമനം വന്നിട്ടുണ്ടു്. കുഞ്ഞന്നാമ്മ അടുക്കളപ്പണിയിൽ വ്യാപൃതയായിരിക്കുകയാണു്. പെട്ടെന്നു് വെളിയിലൊരു ബഹളം! എന്തെന്നറിയാനായി അവൾ ഓടി വെളിയിലേക്കുവന്നു. അപ്പോൾ ഒരു ജനക്കൂട്ടം ഗേററുകടന്നു് സ്വഗൃഹത്തിലേക്കു നീങ്ങുന്നു. അവൾ ഉൽക്കണ്ഠയോടുകൂടി നോക്കിനില്ക്കുമ്പോൾ, അമ്മാവിയുടെ നേതൃത്വത്തിൽ നയിക്കപ്പെടുന്ന ഒരു ഘോഷയാത്രയാണു് അതെന്നു് അവൾക്കു മനസ്സിലായി. കലികൊണ്ടു പാഞ്ഞടുക്കുന്ന അമ്മാവി. തന്നെ വിഴുങ്ങിക്കളയുന്നതിനാണോ എന്നു തോന്നുമാറു് വളരെ ദൂരത്തിൽവച്ചുതന്നെ അട്ടഹസിച്ചുകൊണ്ടു വരികയാണു് അവർ. "കുലവും അഭിമാനവും വിലയ്ക്കുന്ന നടപടി തുടങ്ങരുതെന്നു പറഞ്ഞാൽ കേൾക്കുകില്ല. ഇപ്പോളെന്തായി? കണ്ടോ!"

"എന്തു കുലം? എന്തഭിമാനം? അമ്മാവി എന്താണു് പറയുന്നതു്?" കുഞ്ഞന്നാമ്മ വിളിച്ചുചോദിച്ചു.

"ഇതാ നോക്കു്, കുഞ്ഞിന്റെ കാലും കൈയുമെല്ലാം ചതഞ്ഞു, പുറമൊക്കെ മുറിഞ്ഞുമിരിക്കുന്നു. എന്തഭിമാനം പോലും!" അമ്മാവി അലറിക്കൊണ്ടു് ജോണിയെപ്പിടിച്ചു മുമ്പോട്ടു കൊണ്ടുവന്നു നിറുത്തി.


കുഞ്ഞന്നാമ്മ വെളിയിലേക്കിറങ്ങി മകനെ സൂക്ഷിച്ചുനോക്കി. അല്പം വിഷമം മനസ്സിനുണ്ടായെങ്കിലും എല്ലാം ഒതുക്കി. അവന്റെ ഉടുപ്പെല്ലാം പൊടിയും ചെളിയും, അതോടൊന്നിച്ചു ചോരയും പുരണ്ടു മലിനമായിരിക്കുന്നു. അവൻ ഏങ്ങിയേങ്ങിക്കരയുകയാണു്. പുസ്തകങ്ങളും മററും അമ്മാവിയുടെ കൈയിലിരിക്കുന്നു. മകനെ പിടിച്ചണച്ചുകൊണ്ടു് അവൾ കാരണമന്വേഷിച്ചു. അമ്മാവി ഇപ്രകാരം ഗർജ്ജിച്ചു: "കണ്ട അലവലാതിപ്പിള്ളേർ പഠിക്കുന്ന പള്ളിക്കൂടത്തിലെങ്ങും കുഞ്ഞുങ്ങളെ അയക്കരുതെന്നു പറഞ്ഞാൽ നീ കേൾക്കുകില്ല. അതിന്റെ ഫലം കണ്ടോ?"

"കാര്യം വ്യക്തമായി പറയാതെ അമ്മാവി ഇങ്ങനെ കോപിച്ചാലോ?" കുഞ്ഞന്നാമ്മ ഇതിനിടയിൽ മകന്റെ ദേഹപരിശോധനയും നടത്തി. കാലിൽ മുറിവുണ്ടു്. ചോര ഉടുപ്പിലും മററും പുരണ്ടിരിക്കുന്നു. ജോണി ഏങ്ങലോടുകൂടി പറഞ്ഞു: "അമ്മേ, അവൻ എന്നെ..." പുറകിലേക്കു് അവൻ ചൂണ്ടിക്കാണിച്ചു. അവനു് ഗദ്ഗദംകൊണ്ടു് വാക്കുകൾ തടസ്സപ്പെട്ടു. അപ്പോൾ ആൾക്കൂട്ടത്തിൽനിന്നും ഒരുത്തൻ മററൊരു പയ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "ഇവൻ ആ കുഞ്ഞിനെ ഉരുട്ടിയിട്ടു പുറത്തുകേറിയിരുന്നു് ഇടിച്ചു. അവനെ ഞങ്ങൾ വിട്ടില്ല. പൊക്കിയെടുത്തു് ഇവിടെ കൊണ്ടുവന്നിരിക്കുകയാണു്."

മററൊരുത്തൻ ഇടയ്ക്കുകയറിപ്പറഞ്ഞു: "അമ്മേ, ഇനി ആ പറപ്പള്ളിക്കൂടത്തിലയക്കല്ലേ. അവിടെ പഠിക്കുന്നതു നല്ല കുട്ടികളല്ല. കൃഷിക്കാരുടെയും പിച്ചക്കാരുടെയും മക്കൾ. അവരെത്ര നല്ലവരായിരിക്കും? ഈ നില്ക്കുന്നവനും ഒരു പിച്ചക്കാരിയുടെ മകനാണു്. അവന്റെ മൂച്ചുകണ്ടോ? കുഞ്ഞിനെ അവൻ എന്തെല്ലാം ഉപദ്രവങ്ങൾ ചെയ്തു! അവനു ഞാൻ കൊടുത്തു ഒരിടി. പിടിച്ചു പോലിസ് സ്റ്റേഷനിലാക്കണമെന്നാണു വിചാരിച്ചതു്. അപ്പോൾ, അതുവേണ്ട, ഇവിടെ കൊണ്ടുവന്നിട്ടാകട്ടെ എന്നു ചിലർ തടഞ്ഞു."

കുഞ്ഞന്നാമ്മ മകന്റെ മുറിവുകളും, പരിതാപകരമായ അവസ്ഥയും കണ്ടു സങ്കടമുണ്ടായെങ്കിലും അതെല്ലാം അമർത്തി. ഒരു മനസ്വിനിക്കു യോജിച്ചവിധത്തിൽ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "ഓ! അതൊന്നും വേണ്ടായിരുന്നു. ആ പാവം പയ്യനെ നിങ്ങൾ ഉപദ്രവിച്ചതു തെററായിപ്പോയി."

"ഓ! വന്നിരിക്കുന്ന തത്വങ്ങളുമായി. കുഞ്ഞുങ്ങളെ ആരു തല്ലിക്കൊന്നാലും, അവർ എങ്ങനെ വഷളായിപ്പോയാലും



"കുഞ്ഞന്നാമ്മ തന്റെ പ്രിയപുത്രനും അവനെ ഉപദ്രവിച്ചവനും ഒരേ മേശമേൽ കാപ്പിയും പലഹാരങ്ങളും നിരത്തി."

അമ്മയ്ക്കൊന്നുമില്ല! അവൾ ചിരിച്ചുകൊണ്ടുതന്നെ നില്ക്കും. എല്ലാം ഒരു കളിയാണവൾക്കു്, പുലയരും പറയരും പിച്ചക്കാരും വീട്ടിൽകേറി ഉണ്ണുകയും കാപ്പി കുടിക്കുകയും ഒരു ബഹളം. ആലുംമൂടു തറവാടു കുളംകോരാനുള്ള വിദ്യകളാണിതെല്ലാം." മററാരും എന്തെങ്കിലും പറയുന്നതിനുമുമ്പായി അമ്മാവി ഉള്ളിൽ തിങ്ങിവന്ന ക്രോധം ഇങ്ങനെ വിസർജ്ജിച്ചു.

"അമ്മാവി ഇങ്ങനെയൊന്നും പറയണ്ടാ. എന്റെ കുട്ടികളുടെമേൽ എനിക്കുള്ള ചുമതലകളെപ്പററി ഏതാണ്ടൊരു ബോധം എനിക്കുമുണ്ടെന്നു തോന്നുന്നു. അമ്മാവിയുടെ താളത്തിനൊത്തു തുള്ളിയില്ലെങ്കിൽ എല്ലാം കുററംതന്നെ. അമ്മാവി ഒരു കത്തോലിക്കവനിതയെപ്പോലെ സംസാരിക്കാത്തതിലാണു് എനിക്കു സങ്കടം." കുഞ്ഞന്നാമ്മ പുഞ്ചിരി വിടാതെതന്നെ പറഞ്ഞു.

"ഹോ! ഇവളാണു് എനിക്കു കത്തോലിക്കാ പ്രമാണം ഉപദേശിക്കുന്നതു്. നിന്റെ പ്രസംഗമൊക്കെ അങ്ങുവച്ചേക്കു്. മകൻ ചോരയുമൊലിപ്പിച്ചുവന്നതുകണ്ടിട്ടു് ഒരു കൂസലും കൂടാതെ ചിരിക്കുന്നു കണ്ടില്ലേ? നിന്റെയും അവരാച്ചന്റെയും ഭ്രാന്ത്യാസംപോലെ നടക്കട്ടെ. അവനോടു ഞാൻ മുമ്പൊരു കാര്യം പറഞ്ഞിട്ടു ഫലമുണ്ടായില്ല. ഇന്നു കണ്ടോളൂ." അവർ പുസ്തകം കുഞ്ഞന്നാമ്മയുടെ മുമ്പിലേക്കു വലിച്ചെറിഞ്ഞിട്ടു് മുഖവും വീർപ്പിച്ചുകൊണ്ടു് തിരിഞ്ഞുനടന്നു. അവിടെ കൂടിയിരുന്നവരും കുഞ്ഞന്നാമ്മയുടെ സംഭാഷണരീതിയും പെരുമാററവും കണ്ടു് അത്ഭുതപ്പെട്ടു.

കുഞ്ഞന്നാമ്മ പ്രഥമസ്ഥാനത്തു നില്ക്കുന്ന ബാലനെ അടുക്കൽ വിളിച്ചു. അവൻ ഒരു വിറയലോടുകൂടി അടുത്തുചെന്നു. ഭയപ്പെടാതെ തന്നെ അനുഗമിക്കാൻ അവൾ അവനോടു പറഞ്ഞു; കൂട്ടംകൂടി നിന്നിരുന്നവരോടു പിരിഞ്ഞുപോകാനും.

ജിജ്ഞാസാഭരിതരായ ജനാവലി അവിടെനിന്നു പിരിഞ്ഞുവെങ്കിലും അങ്ങിങ്ങായി കൂടിനില്ക്കുകയാണു ചെയ്തതു്. കുഞ്ഞന്നാമ്മ ജോണിയേയും മററേ ബാലനെയും സ്വഗൃഹത്തിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി. അവൾ ജോണിയെ കുളിപ്പിച്ചു് ഉടുപ്പെല്ലാം മാററി, കാപ്പികൊടുക്കുന്നതിനായി ഭക്ഷണമുറിയിലേക്കു കൊണ്ടുപോയി. ഗൃഹത്തിന്റെ മോടിയും അലങ്കാരങ്ങളും അടുക്കും മുറയുമെല്ലാം നോക്കി വിസ്മയിച്ചു തന്നെ എന്താണു് ചെയ്യാൻപോകുന്നതെന്നു പരിഭ്രമിച്ചും മറേറ ബാലൻ അവരെ അനുഗമിച്ചു. കുഞ്ഞന്നാമ്മയുടെ പെരുമാററത്തിൽ കണ്ട സൗമനസ്യം ആശ്വാസത്തിന്റെ ഒരു കിരണം അവന്റെ ഉള്ളിൽ വിശാതിരുന്നില്ല. എങ്കിലും അവന്റെ ഹൃദയസ്പന്ദനം ദ്രുതഗതിയിൽത്തന്നെയായിരുന്നു. എന്നാൽ എന്താണു് സംഭവിച്ചതു്? കുഞ്ഞന്നാമ്മ തന്റെ പ്രിയപുത്രനും, അവനെ ഉപദ്രവിച്ചവനും ഒരേ മേശയിൽ കാപ്പിയും പലഹാരങ്ങളും നിരത്തി. ആ കുട്ടി തന്റെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടില്ലാത്ത ഈ ബഹുമാന്യതയിലും മഹാമനസ്കതയിലും രോമാഞ്ചം കൊണ്ടു. അവൻ ആകപ്പാടെ വല്ലാതായി. അവൻ ആ പരിസരങ്ങളും സൽക്കാരരീതിയും കണ്ടു് വിഷമിച്ചുനില്ക്കുമ്പോൾ കുഞ്ഞന്നാമ്മ പറഞ്ഞു:- "കുഞ്ഞേ, വിഷമിക്കേണ്ടാ; കാപ്പികുടിക്കു." അവൾ വാത്സല്യത്തോടുകൂടി അവനെ പിടിച്ചിരുത്തി.

കാപ്പികുടിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ വഴക്കിന്റെ കാരണം വിശദമായി ചോദിച്ചുമനസ്സിലാക്കി. ആ കുട്ടി മറുപടിപറയാൻ വിഷമിച്ചു. ഇത്ര മഹാമനസ്കതയോടുകൂടി പെരുമാറുന്ന ഒരു കുടുംബത്തിലെ ഒരംഗത്തെയാണല്ലോ താൻ ഉപദ്രവിച്ചതെന്നോർത്തപ്പോൾ അവന്റെ ഹൃദയം തകർന്നു. പശ്ചാത്താപം ജലരൂപത്തിൽ കണ്ണുകളിൽക്കൂടി കവിഞ്ഞൊഴുകി. "അമ്മേ, ഞാൻതന്നെയാണു് കുററക്കാരൻ. ജോണിക്കുഞ്ഞു്..........." അവൻ ഗദ്ഗദംകൊണ്ടു് വാക്കുകൾ പൂർത്തിയാക്കാൻ കഴിയാതെ വിഷമിച്ചു.

കുഞ്ഞന്നാമ്മ അവന്റെ കണ്ണുനീർ തുവാലകൊണ്ടു തുടച്ചു് അവന്റെ മുതുകിൽ തലോടി. "കരയാതെ പറയൂ, കുഞ്ഞേ."

"ഞാൻ, ഒരു പുസ്തകം കാണാൻ ചോദിച്ചിട്ടും ആ കുഞ്ഞു തന്നില്ല...... ..." അവനു വീണ്ടും പറഞ്ഞുതീക്കാൻ പ്രയാസം നേരിട്ടു.

"വേണ്ടാ, കുഞ്ഞേ! കാര്യം ഏതാണ്ടു് എനിക്കു മനസ്സിലായി. നിങ്ങൾ തമ്മിലുണ്ടായ വഴക്കു് ഞാൻ കാര്യമായി കരുതുന്നില്ല. കുട്ടികളായാൽ അങ്ങനെയൊക്കെവന്നേക്കും. പക്ഷേ, മേലാൽ ഇങ്ങനെയൊന്നുമുണ്ടാകയില്ലെന്നു വാക്കുതരൂ." കുഞ്ഞന്നാമ്മ വാത്സല്യപൂർവ്വം പറഞ്ഞു.

അവൻ ഹൃദയം നിറഞ്ഞു കവിയുന്ന സങ്കടത്തോടും കൃതജ്ഞതയോടുംകൂടി ഉച്ചരിച്ചു:—"അമ്മേ, തീർച്ചയായും മേലാൽ ഞങ്ങൾതമ്മിൽ വഴക്കുണ്ടാകയില്ല. സത്യമായി ഞാൻ പറയുകയാണു്. അമ്മ എന്നെ എങ്ങനെ ശിക്ഷിച്ചാലും ഞാൻ സങ്കടപ്പെടുകയില്ല. പക്ഷേ, ശിക്ഷയ്ക്കുപകരം സമ്മാനംതന്നു് എന്നെ കൂടുതൽ കടപ്പെടുത്തുകയാണു് ചെയ്തിരിക്കുന്നതു്. ഒരിക്കലും, ഞാൻ അമ്മയോടു പറഞ്ഞ വാക്കിനു വിപരീതമായി പ്രവർത്തിക്കയില്ല. അമ്മ ദയവായി വിശ്വസിക്കണം."

"കുഞ്ഞേ, ഞാൻ വിശ്വസിക്കുന്നു. നിന്റെ ഈ മാനസാന്തരത്തിൽ ഞാൻ ഉള്ളഴിഞ്ഞു സന്തോഷിക്കുകയും ചെയ്യുന്നു. നല്ല കുട്ടികളായി നിങ്ങൾ ജീവിച്ചു് മററുള്ളവർക്കു മാതൃക നൽകണമെന്നുള്ളതാണു് ദൈവത്തിന്റെ ആഗ്രഹം." അവൾ ജോണിയുടെ നേർക്കു തിരിഞ്ഞു്—"മകനേ, നിന്നെ ഉപദ്രവിച്ച ഈ ബാലനോടു നിനക്കു വല്ല വിരോധവും തോന്നിയിട്ടുണ്ടെങ്കിൽ അതെല്ലാം മറന്നുകളയുക. നമ്മുടെ കർത്താവു് അത്തരമൊരു മനഃസ്ഥിതിയല്ല നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതു്. നിങ്ങൾ രണ്ടുപേരും മേലാൽ ആത്മാർത്ഥസ്നേഹിതന്മാരായി കഴിയണമെന്നാണു് എന്റെ ആഗ്രഹം. കൂടെക്കൂടെ അവനെ വീട്ടിൽ കൂട്ടിക്കൊണ്ടു വരികയും ചെയ്യണം. നമ്മെക്കൊണ്ടു കഴിവുള്ള സഹായം ചെയ്തുകൊടുക്കയും ചെയ്യാം."

ഈ മഹാമനസ്കതയുടെ തിരത്തള്ളലിൽ മുഴുകിപ്പോയ ആന്റണി—മറേറ ബാലൻ—ഇതെല്ലാം സ്വപ്നമോ മായയോ എന്നു ശങ്കിച്ചു് കുറേനേരം ഇരുന്നുപോയി. യഥാർത്ഥമാണെന്നു ശരിയായ ബോധംവന്നപ്പോൾ അവൻ നന്ദി പറഞ്ഞുകൊണ്ടു്, ജോണിക്കു കൈകൊടുത്തു് യാത്രപറഞ്ഞു പിരിഞ്ഞു.

അവരാച്ചനും മറിയക്കുട്ടിയും വന്നുചേർന്നപ്പോൾ രംഗം കഴിഞ്ഞുപോയിരുന്നു. എങ്കിലും കുഞ്ഞന്നാമ്മ വിശേഷം മുഴുവൻ ഒന്നും വിടാതെ പറഞ്ഞു കേൾപ്പിച്ചു. അമ്മാവിയിൽനിന്നും ഏതാണ്ടൊക്കെ ഗ്രഹിച്ചിരുന്നു എങ്കിലും, കുഞ്ഞന്നാമ്മയുടെ വിവരണവും, അവളുടെ പ്രതികാരരീതിയും ഗ്രഹിച്ചപ്പോൾ അവരാച്ചനുണ്ടായ ആനന്ദം അപരിമിതമായിരുന്നു; "ഇതാണു് കുരിശിൽനിന്നുള്ള പാഠം." അയാൾ സ്വയം അറിയാതെ പറഞ്ഞുപോയി.

അങ്ങിങ്ങായി കൂടിനിന്നിരുന്ന ആളുകൾ ഈ അസാധാരണ "പ്രതികാരം" കണ്ടു് മിഴിച്ചുനിന്നുപോയി. അസ്തമനസൂര്യനും ഈ കാഴ്ച കണ്ടു കൺകുളിർത്തു് അതിമനോഹരവർണ്ണം കലർന്ന കരങ്ങളാൽ പ്രപഞ്ചത്തെ ആശ്ലേഷിച്ചുകൊണ്ടു് അസ്തഗിരിയിലേക്കു ചാഞ്ഞു.

## സൗജന്യവിതരണ ഫണ്ടു്

മി. തെക്കൻ ദേവസി ചോനപ്പൻ, മേലൂർ ക. 9-0-0

## മന്ത്രിസഭാംഗങ്ങൾ

### കുർബാനയുടെ പ്രദക്ഷിണത്തിൽ

പ. കുർബാനയുടെ തിരുനാൾ സംബന്ധിച്ചു് മ്യൂണിച്ചിൽ നടത്തിയ 4 മണിക്കൂർനേരത്തെ ആഘോഷച്ചടങ്ങുകളിൽ ബവേറിയായിലെ മന്ത്രിസഭാംഗങ്ങൾ എല്ലാവരും ആദ്യന്തം സംബന്ധിക്കുകയുണ്ടായി. ജനനിബിഡമായ പട്ടണവീഥികളിൽക്കൂടിയുള്ള പ്രദക്ഷിണത്തിന്റെ നേതൃത്വം വഹിച്ചതു് കർദിനാൾ വോൺ ഫൗലാബർ ആണു്.

## അദ്ധ്വാനശീലം

ഫ്റഞ്ചുചരിത്രകാരനായ ഡാനിയൽ റോപ്സ് എല്ലാദിവസവും ഉച്ചകഴിഞ്ഞു 3 മണി മുതൽ 12 മണി വരെ മുറി പൂട്ടി ഫോൺ ബന്ധം വിച്ഛേദിച്ചുകൊണ്ടു ഗ്രന്ഥരചന നിർവ്വഹിച്ചുവരുന്നു.

# Sathya Deepam

Vol. 23 Ernakulam August 2 1950 No. 47


## തീർത്ഥകസ്മരണകൾ

III

തീർത്ഥകവിമാനം ഏപ്രിൽ 18-ാം-നു ബോംബേയിൽനിന്നു പുറപ്പെടുമെന്നായിരുന്നു അറിയിപ്പ്. 16-ാം-നു ഞങ്ങൾ ബോംബെ അതിമെത്രാസനമന്ദിരത്തിൽ എത്തിച്ചേർന്നു. ഇന്ത്യൻ തീർത്ഥകകമ്മിറ്റിയുടെ അദ്ധ്യക്ഷനായ ബിഷപ്പ് വലേരിയൻ തിരുമനസ്സുകൊണ്ടു അന്നവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം റോമിലായപ്പോൾ തിരുമേനിയുടെ സിക്രട്ടറി ഉണ്ടു ചുമതലകൾ എന്നെ ഏല്പിച്ചു കഴിഞ്ഞു. ചെന്നെത്തിയപ്പോൾ എനിക്കുണ്ടായ അത്ഭുതവും അമ്പരപ്പും അവർണ്ണനീയമെന്നേ പറയേണ്ടു. തീർത്ഥകസംഘത്തിന്റെ നേതാവായി എന്നെ നിയമിച്ചുകൊണ്ടുള്ള കല്പനയായിരുന്നു അതു്. ഒരു ക്ലിപ്താജ്ഞയായിട്ടാണു് എനിക്കതു ലഭിക്കപ്പെട്ടതു്. കാര്യനിർവ്വഹണവ്യഗ്രതകളൊന്നും കൂടാതെ, സ്വന്തം സുഖസൗകര്യങ്ങൾമാത്രം നോക്കി വിദേശപര്യടനം നടത്തുവാൻ തരപ്പെടേണ്ടിയിരുന്ന ലക്ഷ്യത്തോടുകൂടിയാണു് ഏകനായി യാത്രചെയ്യാതെ ഒരു സംഘത്തിൽ അംഗമായി ചേരാമെന്നു വെച്ചതു്. അഖിലേന്ത്യാ പ്രാതിനിധ്യമുള്ളതും പ്രമുഖവ്യക്തികളടങ്ങിയതുമായ ഒരു തീർത്ഥകസംഘത്തിൽ ഏതെങ്കിലുമൊരു പ്രമാണികത്വം പ്രതീക്ഷിക്കുന്നതു ന്യായമില്ലല്ലോ. "അന്യഥാ ചിന്തിതം കാര്യം, ദൈവമന്യത്ര ചിന്തയേൽ" എന്നുള്ള അഭിജ്ഞമതം ഇവിടെയും അന്വർത്ഥമായി ഭവിച്ചതിൽ എനിക്കുണ്ടായ വിസ്മയം അപാരമാണു്. ദൈവദീകകമ്പാലയത്തിൽവെച്ചു ഞങ്ങൾ തമ്മിലുണ്ടായിരുന്ന പൂർവ്വപരിചയത്തെ മാനിക്കണമെന്നുദ്ദേശിച്ചായിരിക്കാം, ഒരു പക്ഷെ, അദ്ദേഹം അയോഗ്യനായ ഇതെഴുതുന്നവനിൽ ആ നായകസ്ഥാനം സദയം സമർപ്പിച്ചതു്.

ഏതായാലും തീർത്ഥാടനവേളയിൽ മറ്റെന്നെയും പുരോഹിതധർമ്മം ഫലപ്രദമായ രീതിയിൽതന്നെയെങ്കിലും ഇടയ്ക്കുമുഴുകുവാൻ സന്ദർഭങ്ങൾ നല്കിയനുഗ്രഹിക്കയാണു കാരുണ്യവാനായ കർത്താവു ചെയ്തിരിക്കുന്നതെന്നുള്ള വിചാരത്തിൽ ആദ്യം തോന്നിയ ഇച്ഛാഭംഗവും കുണ്ഠിതവും തീരെ അസ്തമിതമായിപ്പോയി. പരസേവനമാണല്ലോ പുരോഹിതധർമ്മം. സേവനോത്സുകരായിരിക്ക സ്വമേധയാ സേവനമനുഷ്ഠിക്കുവാനുള്ള അവസരങ്ങൾ ആ വിധേയനായിരിക്കുന്നില്ല. എന്നാൽ ഒരു യാത്രാസംഘത്തിന്റെ മേധാവിയായി നിയുക്തനാകുന്ന വ്യക്തിക്കു പരോപകാരപ്രദങ്ങളായ പല സേവനങ്ങളും സഹായങ്ങളും, സ്വന്തം ചുമതലയിൽപ്പെട്ട കർത്തവ്യങ്ങളാണോ എന്നു നിർവ്വഹിക്കേണ്ടതായി വരുമെല്ലാം. സഹതീർത്ഥകരുടെ സാഹചര്യാധികമായ സന്മനോഭാവവും സഹകരണസന്നദ്ധതയും മൂലം എന്റെ ഭാരം വിചാരിച്ചതിലധികം ലഘൂകരിക്കപ്പെട്ടിരുന്നു. അവരോടു വന്നുള്ള കൃതജ്ഞതയോടുകൂടി മാത്രമേ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുള്ളൂ.

എല്ലാ സംരംഭത്തിന്റെയും ശുഭകരമായ പരിസമാപ്തിക്കും, വിജയശ്രീലാളിതമായ പര്യവസാനത്തിനും ദൈവികമായ അനുഗ്രഹവർഷം അത്യന്താപേക്ഷിതമാണല്ലോ. കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ, പണിയിൽ ഏർപ്പെട്ടിരിക്കുന്നവർ പാഴ്വേലയാണു ചെയ്യുന്നതെന്ന സങ്കീർത്തനകാരന്റെ പ്രസിദ്ധോപദേശം അറിയാത്തവരാരുമില്ല. വിദേശപ്രദേശങ്ങളിലേക്കുള്ള വിപുലമായൊരു തീർത്ഥയാത്ര; അതും ആപത്തും അത്ര അപൂർവ്വമല്ലാത്ത വിമാനമാർഗ്ഗം. ഇതുപോലെ സർവ്വേശ്വരന്റെ സഹായഹസ്തവും കൃപാകടാക്ഷവും നിരന്തരം ആവശ്യപ്പെടുന്ന ഏതെങ്കിലുമൊരു സംരംഭം എന്റെയോ കൂട്ടുകാരുടെയോ നാളിതുവരെയുള്ള ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കണം. ആകയാൽ തീർത്ഥകരുടെമേൽ ഈശ്വരാനുഗ്രഹം അഭ്യർത്ഥിക്കുന്നതിനുവേണ്ടി തീർത്ഥകകമ്മിറ്റിയിലെ ഒരംഗമായ ബിഷപ്പ് ഈക്ഷർ തിരുമേനി പ്രൊ കത്തീഡ്രൽ ദൈവാലയത്തിൽ സമർപ്പിച്ച ദിവ്യബലിയിൽ ഞങ്ങളെല്ലാവരും ഭക്തിപൂർവ്വം സംബന്ധിച്ചു. അനന്തരം തിരുമനസ്സുകൊണ്ടു ഉപദേശരൂപേണ ഒരു ലഘുപ്രസംഗം ചെയ്തു. യഥാർത്ഥമായ തീർത്ഥകചൈതന്യം പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും മനോഭാവത്തിലാണടങ്ങിയിരിക്കുന്നതു്. ആകയാൽ കേവലം ലൗകികമായ യാത്രയിലെന്നപോലെ ആമോദപൂർവ്വം അവസരമായും ആർഭാടമായും പെരുമാറാതിരിക്കാൻ വിശേഷാൽ ശ്രദ്ധിക്കണം. പ്രതീക്ഷിക്കയും ആഗ്രഹിക്കയും ചെയ്തിരുന്നിടത്തോളം വിശ്വാസികൾ തീർത്ഥയാത്രാസ്ഥാനങ്ങൾ കാണാനെത്തിയതിൽ തന്നിക്കുള്ള സന്തോഷം വർണ്ണനാതീതമാണ്. വത്സലതീർത്ഥകസമിതിക്കു നല്ലമായ ഇച്ഛാശക്തിയുണ്ട്. എന്നിരുന്നാലും എണ്ണത്തിലുള്ള കുറവു് ഉള്ളവരുടെ ഭക്തിതീക്ഷ്ണതയും മാതൃകാപരമായ പെരുമാറ്റംകൊണ്ടു പരിഹരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. തീർത്ഥാടനംകൊണ്ടുളവാകുന്ന ആദ്ധ്യാത്മികനേട്ടങ്ങൾക്കു പുറമെ സാംസ്കാരികവും വിജ്ഞാനപരവും വിജ്ഞാനീയവുമായ പല നേട്ടങ്ങളും കരസ്ഥമാക്കുവാൻ ഏവരും പരിശ്രമിക്കണം. തീർത്ഥയാത്രയുടെ സമ്പൂർണ്ണമായ ഫലസിദ്ധിക്കും മംഗളകരമായ പരിസമാപ്തിക്കുംവേണ്ടി തീക്ഷ്ണതയോടെ ഏവരും പ്രാർത്ഥിക്കണം. അദ്ദേഹവും ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. ഞങ്ങളുടെ സഞ്ചാരകുറിപ്പുകൾ അതികാത്രമായ കൗതുകത്തോടെയായിരിക്കും അദ്ദേഹം വായിക്കുക, എന്നിങ്ങനെ സഹജമായ വാഗ്മിത്വത്തോടെ അദ്ദേഹം ചെയ്ത ഉൽബോധനം തീർത്ഥകസംഘത്തിലെ കർമ്മനിരതരായവരുടെ പ്രബുദ്ധതയ്ക്കും ഉന്മേഷഭാവവും സംജാതമാക്കി. ദൈവാലയത്തിനു പുറത്തുവെച്ചു തിരുമേനിയും തീർത്ഥകസംഘാംഗങ്ങളും ഒന്നിച്ചുള്ള ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയുണ്ടായി. പ്രസ്തുത ചിത്രം ആയിടെ ചില മലയാളപത്രങ്ങളിൽ പ്രസിദ്ധം ചെയ്തതു എന്നാണു് എന്റെ അറിവ്.

പി. കാരക്കുന്നേൽ.

---

കൊറിയാക്കാക്കുവേണ്ടി

### പ്രാർത്ഥന

വാഷിംഗ്ടണിലെ മെത്രാപ്പോലീത്ത കൊറിയായിലെ ഹതഭാഗ്യരായ നിവാസികൾക്കുവേണ്ടിയും അവിടെ വേല ചെയ്യുന്ന കത്തോലിക്കാ മിഷനറിമാർക്കുവേണ്ടിയും യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന അമേരിക്കക്കാർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

### പേപ്പൽ സെക്രട്ടറി നിര്യാതനായി

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ഭരണകാലംമുഴുവനും തിരുമനസ്സിലെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മോൺസിഞ്ഞോർ ജി യാവന്നി ബ്രൂസ്റ്റർ ജൂലൈ 20-ാം-നു 82-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ കാലശേഷം ഇദ്ദേഹം സ്റ്റേറ്റ് സെക്രട്ടറിയുടെ കീഴിൽ ജോലി നോക്കുകയും തദനന്തരം "റീജ്യനുകളുടെ തിരുനാമം"ങ്ങളുടെ മേധാവി മായി നിയമിതനാകുകയും ചെയ്തു.

ആരോഗ്യപംക്തി

## നിലക്കാരിച്ചുമ

(മിസ്സിസ് ഡോ. പി. എ. മുഹമ്മദ്)

ഈ രോഗത്തിന്റെ ഉഗ്രതയേയും ഇതിൽനിന്നു രക്ഷ നേടാനുള്ള മാർഗ്ഗങ്ങളേയും കുറിച്ചു് നമ്മുടെ മാതാക്കൾ പ്രത്യേകമായി അറിഞ്ഞിരിക്കേണ്ടതാണു്. വേണ്ടത്ര ശ്രദ്ധയുടെയും ശുശ്രൂഷയുടെയും ചികിത്സയുടെയും അഭാവംമൂലം എത്രയോ കുഞ്ഞുങ്ങൾ ഈ വ്യാധിക്കിരയായി ദാരുണമായി മരണമടഞ്ഞുകൊണ്ടിരിക്കുന്നു!

ഇതു് നമ്മുടെ നാട്ടിൽ മാത്രം നിലവിലുള്ള ഒരു രോഗമല്ല. പാശ്ചാത്യരാജ്യങ്ങളിൽ ഒട്ടനവധി പിഞ്ചുപൈതങ്ങൾ ഈ രോഗംമൂലം മരണമടഞ്ഞുകൊണ്ടിരുന്നു. ഏതാനും കൊല്ലങ്ങൾക്കുമുമ്പു നിലക്കാരിച്ചുമയെ പ്രതിരോധിക്കുവാൻ പറ്റിയ ഒരു പ്രത്യൗഷധം പാശ്ചാത്യവൈദ്യശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കുകയുണ്ടായി. മറ്റുള്ള കുഞ്ഞുങ്ങളുടെ മരണനിരക്കിനെ ലഘൂകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

പക്ഷെ ഒരു രോഗം മാറുന്നതിനു് ഔഷധങ്ങളും ചികിത്സകളും മാത്രം പോരാ. ഭാരതത്തിൽ നിലക്കാരിച്ചുമ മൂലം കുഞ്ഞുങ്ങൾ മരിക്കുന്നുണ്ടെങ്കിൽ ഔഷധങ്ങളുടെ അഭാവമല്ല അതിനു കാരണം. ശുചീകരണം, ആരോഗ്യവിദ്യ എന്നീ വിഷയങ്ങളെപ്പറ്റി നമ്മുടെ ഗൃഹിണികൾക്കു വേണ്ടത്ര അറിവു നേടുവാൻ കഴിഞ്ഞിട്ടില്ലെന്നുവേണം പറയുവാൻ. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ആരോഗ്യവിദ്യാഭ്യാസം നമ്മുടെ നാട്ടിൽ വളരെ കുറവാണു്. ഈ അജ്ഞതയുടെ അനന്തരഫലം മുഖ്യമായനുഭവിക്കുന്നതു കുഞ്ഞുങ്ങളാണു്. രക്ഷിതാക്കളായ മാതാക്കളുടെ അശ്രദ്ധ അപകടകരമായ ഈ രോഗത്തിന്റെ അടിമകളായിത്തീരുന്നതു്.

അജ്ഞതകൊണ്ടുമാത്രം നിരവധി മാതാക്കൾ ഈ രോഗത്തെ ഉടനടി ഉത്തമമായ ചികിത്സയ്ക്കു വിധേയമാക്കാതെ, ചില പൊടിക്കൈകൾകൊണ്ടു രോഗത്തെ ശമിപ്പിക്കാമെന്നു കരുതുകയും ഒടുവിൽ അപകടത്തിൽ നിപതിക്കുകയുമാണു പതിവു്. ഒരു കാര്യം ഇവിടെ വ്യക്തമാക്കുവാൻ ഞാൻ മടിക്കുന്നില്ല. വിദഗ്ദ്ധരായ വൈദ്യവിശാരദന്മാർപോലും ഈ രോഗത്തെ വളരെ ഭയപ്പെടുന്നുണ്ടു്. നിലക്കാരിച്ചുമയുടെ കാരണം ഉടനടി കണ്ടുപിടിക്കാതെ ചികിത്സിക്കുകയോ, ഏറിയ വേഗത്തിൽ ചികിത്സ ആരംഭിക്കാതിരിക്കുകയോ ചെയ്താൽ ഈ രോഗം ന്യൂമോണിയാ അഥവാ ബ്രോങ്കോ ന്യൂമോണിയാ ആയി രൂപാന്തരപ്പെടുകയും, ഒടുവിൽ രോഗം പിടിപെട്ട കുട്ടി മരിച്ചുപോകുന്നിടയാകുകയും ചെയ്യും.

ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കാണു നിലക്കാരിച്ചുമ അധികവും ബാധിക്കുന്നതു്. മൂന്നിൽ ഒരു ഭാഗം കുട്ടികൾ ഈ പ്രായത്തിൽ ഈ രോഗത്തിനിരയാകുന്നുണ്ടു്. ചുരുക്കിപ്പറയുന്നതായാൽ ആരോഗ്യവിദ്യയെക്കുറിച്ചു് സാമാന്യബോധം മാതാക്കൾക്കുണ്ടായാൽ ഇത്തരം അപകടങ്ങളിൽനിന്നും നിരവധി കുട്ടികളെ രക്ഷിക്കുവാൻ കഴിയുന്നതാണു്. മാതാക്കൾക്കു് ആവശ്യമായിരിക്കുന്നതു്, വേണ്ടതു വേണ്ട പ്രകാരത്തിൽ ചെയ്യുവാനുള്ള കഴിവും ശുഷ്കാന്തിയുമാണു്.

രോഗബാധ ഉണ്ടാകുന്നതു് എങ്ങനെയാണെന്നു ഇവിടെ സാമാന്യമായി വിവരിക്കാം. മൂക്കു്, വായ്, തൊണ്ട എന്നീ അവയവങ്ങളുടെ അന്തർഭാഗത്തായുള്ള മാർദ്ദവമേറിയ തൊലികളിൽ കൂടി ശത്രുവെന്നോണം ഈ രോഗാണുക്കൾ പ്രവേശിക്കുന്നു. രോഗം പിടിപെട്ട കുട്ടി ചുമയ്ക്കുമ്പോഴും, തുമ്മുമ്പോഴും രോഗാണുക്കൾ വായുവിൽ കലരുവാനും, അതു് ശ്വസിക്കുന്ന അരോഗദൃഢഗാത്രനായ മറ്റൊരു കുട്ടിക്കു് രോഗം പിടിപെടാനും ഇടവരും. ഇപ്രകാരമോ മറ്റോ രോഗബാധിതനാവുന്ന കുട്ടി ഉപയോഗിക്കുന്ന പാത്രങ്ങളിലോ, വസ്ത്രങ്ങളിലോ നിന്നു് രോഗാണുക്കൾ ഒരു ശിശുവിൽ കയറിക്കഴിഞ്ഞാൽ പത്തുമുതൽ ഇരുപത്തൊന്നു ദിവസങ്ങൾക്കുശേഷം മാത്രമേ രോഗചിഹ്നങ്ങൾ പ്രത്യക്ഷമാകയുള്ളു. ഈ സമയംകൊണ്ടു് അണുക്കൾ പെരുകുകയും, അവയുടെ ശക്തി വർദ്ധിക്കുകയും ചെയ്യും. നിലക്കാരിച്ചുമ തുടങ്ങുന്നതിനു് ഏതാനും ദിവസങ്ങൾമുമ്പു് കുട്ടിക്കു് ഒരു ജലദോഷമോ, തൊണ്ടവേദനയോ പിടിപെടുകയോ ഇടയ്ക്കിടെ തുമ്മുകയോ ചെയ്യുന്നു. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ നിലക്കാരിച്ചുമ വളരെ ആപല്ക്കരമാണു്. ഒരു കുട്ടിയിൽ ശരിയായ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിനുമുമ്പുതന്നെ അതു് അന്യരെ ബാധിക്കുന്നതുമാണു്. അതിനാൽ നിങ്ങളുടെ അയൽപക്കത്തെ വീട്ടിലെങ്കിലും നിലക്കാരിച്ചുമ പിടിപെട്ടാൽ നിങ്ങളുടെ കുഞ്ഞുങ്ങളെ പ്രത്യേകം സൂക്ഷിക്കുക. കഴിയുമെങ്കിൽ അവരെ പുറത്തയക്കാതിരിക്കുക. അതിനുശേഷം നിങ്ങളുടെ കുട്ടിയെ ഡോക്ടറെ കാണിക്കുകകൂടി ചെയ്താൽ മിക്കവാറും അവരെ രോഗങ്ങളിൽനിന്നും രക്ഷിക്കുവാൻ സാധിക്കും.

എങ്ങനെയായാലും, നിലക്കാരിച്ചുമയ്ക്കുള്ള പ്രധാനചികിത്സ മാതാവിൽതന്നെ നിക്ഷിപ്തമായിരിക്കുന്നു. മാതാവു് വളരെ സൂക്ഷ്മതയോടെ കുട്ടിക്കു വേണ്ട ശുശ്രൂഷ ചെയ്യുകയും, ആരോഗ്യസംരക്ഷണത്തിൽ ജാഗരൂകയാവുകയും വേണം. വൃത്തിയായ ഉടുപ്പുകളും, വെടിപ്പുള്ള ശയ്യോപകരണങ്ങളും രോഗിയായ ശിശുവിനു് കൂടുതൽ ശരീരസുഖം നൽകും. ഡോക്ടർ അനുവദിക്കുമെങ്കിൽ കുഞ്ഞിനെ ദിവസേന കുളിപ്പിക്കുക. പക്ഷെ, കുഞ്ഞുങ്ങളുടെ ശരീരത്തിൽ കൂടുതൽ തണുപ്പുതട്ടുവാൻ ഇടവരുത്തരുതു്. ശുദ്ധവായുവും ശരിയായ വിശ്രമവും കുഞ്ഞിനു പരിപൂർണ്ണമായി വിശ്രമിക്കുവാനുള്ള അവസരം നൽകേണ്ടതാണു്.

ബുദ്ധിപൂർവ്വവും സ്നേഹസമ്പന്നവുമായ ശുശ്രൂഷ രോഗവിമുക്തിക്കു കാരണമാകും. പക്ഷെ, ഒരു പ്രധാനകാര്യമുള്ളതു് ഈ രോഗം ആദ്യമേ നിങ്ങളുടെ കുട്ടിക്കു് പിടിപെടാതെ സൂക്ഷിക്കുക. അതിനാൽ കുഞ്ഞിനെ രോഗം ബാധിച്ചാൽ ഉടനെ വിദഗ്ദ്ധനായ ഒരു ഡോക്ടറെ സമീപിക്കുകയെന്നതു് കുഞ്ഞിന്റെ അമ്മയുടെ ചുമതലയത്രെ.

(ഏർണസ്റ്റ്)

---

മോൺസിഞ്ഞോർ ഷീന്റെ

### പുതിയ പുസ്തകം

മോൺസിഞ്ഞോർ ഫൾട്ടൺ ജെ. ഷീന്റെ Lift up your Heart എന്ന പുതിയ പുസ്തകം ആഗസ്റ്റ് 15-ാം-നു പുറത്തുവരുന്നതാണു്. ഇതിനു മുമ്പു പ്രസിദ്ധപ്പെടുത്തിയ Peace of Soul എന്ന പുസ്തകത്തിന്റെ ഒരുപാടു പതിപ്പുകൾ പുറത്തുവന്നുകഴിഞ്ഞിരിക്കുന്നു.

### പത്തുവയസ്സിൽ പത്രപ്രവർത്തനം

"അമേരിക്ക" എന്ന സുപ്രസിദ്ധ വാരികയുടെ പത്രാധിപരായ ഫാദർ ജോൺ ലഫർജ് എസ്. ജെ. പത്തുവയസ്സിൽ പത്രപ്രവർത്തനമാരംഭിച്ചതാണു്. രണ്ടു സഹപത്രാധിപന്മാരുടെ സഹായത്തോടുകൂടി ഒരു മാസിക പ്രസാധനം ചെയ്തുകയായിരുന്നു ആദ്യത്തെ സംരംഭം.

---


*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the mar Louis Memorial Press

Ernakulam